
# FEBRUARY 2023 FULL CA

PSC TALKZ

Join us on Telegram

Subscribe

GET IT ON Google Play




# PSC TALKZ

A Unique platform for Self dedicated learners of life to improve and sharpen their skill set, An comprehensive website daily updated with free study materials, Mock quizzes, Model Exams with emphasized focus on Kerala PSC candidates in clearing the PSC examinations.

# 4.30 AM MORNING SELF STUDY BATCH





**Yes the time dedicated for the go-getters...active community of Quality Members early in the Morning for disciplined Self Study time, live discussions and quizzes, elite group in telegram solely for the aim of seeking knowledge**

**We are a strong 55000 + community who wants to strive for betterment of life and we have an active telegram activity channel + Discussion group**

# COME JOIN US!

Join us on Telegram | Subscribe | GET IT ON Google Play

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram
GET IT ON Google Play
Subscribe
FREE PSC TALKZ.in

# FEB 1

- ഇന്ത്യൻ കോസ്റ്റ് ഗാർഡ് ദിനം ആചരിക്കുന്നത് ?
    - **ഫെബ്രുവരി 1**
- ജീവൻ രക്ഷാ പദക് അവാർഡ് ലഭിച്ചത് ?
    - **ജയ്പാൽ സിംഗ്,സുരേന്ദ്ര കുമാർ,ബുദ്ധ റാം സൈനി**
- റിപ്പബ്ലിക് ദിന പരേഡിന്റെ ഭാഗമായി അവതരിപ്പിച്ച ഫ്ലോട്ടുകളിൽ ഒന്നാം സ്ഥാനം ലഭിച്ചത് ?
    - **ഉത്തരാഖണ്ഡ് (2. മഹാരാഷ്ട്ര, 3. ഉത്തർപ്രദേശ്)**
- ആഗോളതലത്തിലെ രാഷ്ട്രീയ, സാമ്പത്തിക സാഹചര്യങ്ങളെ ആശ്രയിച്ച് രാജ്യം എത്ര % മൊത്ത ആഭ്യന്തര ഉത്പാദന(ജി.ഡി.പി.) വളർച്ച നേടുമെന്നാണ് ധനമന്ത്രി നിർമലാ സീതാരാമൻ സർവേ റിപ്പോർട്ടിൽ പ്രസ്താവിച്ചത് ?
    - **6 മുതൽ 6.8 % വരെ**
- മുൻ കേന്ദ്രമന്ത്രിയും നിയമജ്ഞനുമായ വ്യക്തി 2023 ജനുവരി 31 ന് അന്തരിച്ചു. പേര് ?
    - **ശാന്തി ഭൂഷൺ (97)**
    - **മൊറാർജി ദേശായിയുടെ നേതൃത്വത്തിൽ അടിയന്തരാവസ്ഥയ്ക്കു ശേഷം അധികാരത്തിലെത്തിയ ജനതാപാർട്ടി സർക്കാരിലാണ് നിയമമന്ത്രിയായിരുന്നത്.**
- അഴിമതിക്കെതിരേയും പൗരാവകാശങ്ങൾക്കു വേണ്ടിയുമുള്ള പോരാട്ടങ്ങൾക്കായി “കാമ്പയിൻ ഫോർ ജുഡീഷ്യൽ അക്കൗണ്ടബിലിറ്റി', "കോമൺ കോസ്' എന്നീ സംഘടനകൾ രൂപവത്കരിച്ച വ്യക്തി ?
    - **ശാന്തി ഭൂഷൺ**
    - **പ്രശസ്ത അഭിഭാഷകനും സാമൂഹികപ്രവർത്തകനുമായ പ്രശാന്ത്ഭൂഷൺ ഇദ്ദേഹത്തിന്റെ മകനാണ്.**
- വ്യോമസേനയുടെ പുതിയ വൈസ് ചീഫ് ആയി നിയമിച്ചത് ആരെയാണ് ?
    - **എയർ മാർഷൽ അമൻപ്രീത് സിംഗ്**
- കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ദേശീയ ഫോറൻസിക് സയൻസ് സർവകലാശാലയ്ക്ക് തറക്കല്ലിട്ടത് ?
    - **ധർവാഡ്, കർണാടക**
- മോർഗൻ സ്റ്റാൻലിയുടെ (ഇന്ത്യ) പുതിയ തലവനായി നിയമിക്കപ്പെട്ടത് ?
    - **അരുൺ കോഹ്‌ലി**

- വിപിഎൻ സേവന സ്ഥാപനമായ സർഫ്ഷാർക്കിന്റെ ആഗോള ഇന്റർനെറ്റ് മൂല്യ സൂചികയിൽ ഇന്ത്യയുടെ സ്ഥാനം ?
  - **44 (1. ഇസ്രായേൽ, 2.സിംഗപ്പൂർ, ഡെന്മാർക്ക്,...77.നേപ്പാൾ..83. ബംഗ്ലാദേശ്..96. ശ്രീലങ്ക ..102. പാകിസ്ഥാൻ)**
- ഇന്ത്യയിലെ മികച്ച എംബിഎ കോളേജുകളുടെ പട്ടികയിൽ മുന്നിൽ എത്തിയത് ?
  - **ഐഐഎം അഹമ്മദാബാദ്**
- ഇന്ത്യയിലെ ഏറ്റവും മലിനമായ നദി എന്ന കുപ്രസിദ്ധി നേടിയ ചെന്നൈ നഗരത്തിലൂടെ ഒഴുകുന്ന നദി ?
  - **കൂവം നദി**
  - **ഗുജറാത്തിലെ സാബർമതി രണ്ടാംസ്ഥാനത്തും ഉത്തർപ്രദേശിലെ ബഹേല മൂന്നാം സ്ഥാനത്തുമാണ്.**
- ഈ വർഷം ഇന്ത്യയും ചൈനയുമായിരിക്കും ആഗോള സാമ്പത്തിക വളർച്ചയുടെ കേന്ദ്രമെന്ന് പ്രസ്താവിച്ചത് ?
  - **അന്താരാഷ്ട്ര നാണയനിധി**
  - **2023ൽ ഇന്ത്യൻ സാമ്പത്തിക വളർച്ച 6.1% എന്ന് IMF.**
- ബോംബെ സഹോദരിമാർ എന്ന പേരിൽ പ്രശസ്തരായ കർണാടക സംഗീതജ്ഞരിൽ ഒരാൾ അന്തരിച്ചു. പേര് ?
  - **സി. ലളിത (85)**
- ആന്ധ്രാപ്രദേശിന്റെ പുതിയ തലസ്ഥാനം ?
  - **വിശാഖപട്ടണം**
  - **നിലവിൽ അമരാവതി.**

- എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ (MSSRF) അധ്യക്ഷയായി നിയമിതയായ ലോകാരോഗ്യസംഘടനയുടെ മുൻ മുഖ്യ ശാസ്ത്രജ്ഞ ?
  - **ഡോ. സൗമ്യ സ്വാമിനാഥൻ**
- യുക്രെന് എഫ്-16 യുദ്ധവിമാനങ്ങൾ നൽകില്ലെന്ന് അറിയിച്ചത് ?
  - **ജോ ബൈഡൻ**
- രാഷ്ട്രീയ, സാമ്പത്തിക മേഖലകളിലെ സമഗ്രസംഭാവനകൾക്ക് ഇന്ത്യ-യു.കെ. അച്ചീവേഴ്സ് പുരസ്കാരം ലഭിച്ചത് ?
  - **ഡോ. മൻമോഹൻ സിംഗ്**

- **യു.കെ.യിലെ ഇന്ത്യൻ വിദ്യാർഥികളുടെ സംഘടനയായ നാഷണൽ ഇന്ത്യൻ സ്റ്റുഡന്റ്സ് ആൻഡ് അലുംനി യൂണിയനാണ് പുരസ്കാരം നൽകുന്നത്.**

❖ യൂത്ത് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായി മടങ്ങവേ താരങ്ങൾ സഞ്ചരിച്ച ബസ് പാലത്തിൽ നിന്ന് മറിഞ്ഞ് നാലു പേർക്ക് ദാരുണാന്ത്യം സംഭവിച്ചത് ?

- **ഡ്യൂക്ക് ഡി കാക്സിയാസ് നഗരത്തിലെ വില മരിയ ഹെലേന ഫുട്ബോൾ ക്ലബ്ബ് ടീം, ബ്രസീൽ**

❖ 2023, 2024 വർഷങ്ങളിലെ ക്ലബ്ബ് ലോകവോളി ആതിഥ്യം വഹിക്കാൻ വോളിബോൾ വേൾഡും അന്താരാഷ്ട്ര വോളിബോൾ ഫെഡറേഷനും നിശ്ചയിച്ചത് ?

- **ഇന്ത്യ**

❖ ബെംഗളൂരു എഫ്. സി. യുടെ മധ്യനിര താരത്തെ ട്രാൻസ്ഫർ വിൻഡോ വഴി കേരള ബ്ലാസ്റ്റേഴ്സ് സ്വന്തമാക്കി. പേര് ?

- **ഡാനിഷ് ഫാറൂഖ്**

❖ ക്രിക്കറ്റ് ഓസ്ട്രേലിയ നൽകുന്ന 2023 ലെ ഏറ്റവും മികച്ച പുരുഷ ടെസ്റ്റ് കളിക്കാരനുള്ള ആദ്യ ഷെയ്ൻ വോൺ അവാർഡ് നേടിയത് ?

- **ഉസ്മാൻ ഖവാജ**

❖ ക്രിക്കറ്റ് ഓസ്ട്രേലിയ നൽകുന്ന ബെലിൻഡ ക്ലാർക്ക് അവാർഡ് ലഭിച്ച വനിതാ താരം ?

- **ബെത്ത് മൂണി**

❖ ക്രിക്കറ്റ് ഓസ്ട്രേലിയ നൽകുന്ന പുരുഷ ഏകദിന താരത്തിനുള്ള അവാർഡ് ലഭിച്ചത് ?

- **ഡേവിഡ് വാർണർ**

❖ ക്രിക്കറ്റ് ഓസ്ട്രേലിയ നൽകുന്ന വനിതാ ഏകദിന താരത്തിനുള്ള അവാർഡ് ലഭിച്ചത് ?

- **ബെത്ത് മൂണി**

❖ പ്യൂമ ഇന്ത്യ തങ്ങളുടെ പുതിയ ബ്രാൻഡ് അംബാസഡർ ആയി നിയമിച്ച ഇന്ത്യൻ വനിതാ ക്രിക്കറ്റ് താരം ?

- **ഹർമൻപ്രീത് കൗർ**

❖ ഓൾ ഇന്ത്യ സർവേ ഓഫ് ഹയർ എഡ്യൂക്കേഷൻ (AISHE) 2020-21 പ്രകാരം ഇന്ത്യയിൽ ഏറ്റവും കൂടുതൽ കോളേജുകൾ ഉള്ള സംസ്ഥാനങ്ങളിൽ കേരളത്തിന്റെ സ്ഥാനം ?

- **10**

❖ കോട്ടയത്തെ കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്ട്സ് ചെയർമാൻ സ്ഥാനം രാജി വെച്ച സംവിധായകൻ ?

- **അടൂർ ഗോപാലകൃഷ്ണൻ**

❖ നദീ തീരസംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമഭേദഗതി ഗവർണർ ഒപ്പുവെച്ചതോടെ നദികളിൽനിന്ന് അനധികൃത മണൽവാരൽ നടത്തുന്നവർക്കുള്ള പുതിയ പിഴ തുക ?

- **അഞ്ചുലക്ഷം ₹**

❖ വട്ടിയൂർക്കാവ് സരസ്വതി വിദ്യാലയ ഏർപ്പെടുത്തിയ "ഇൻസ്പയറിങ് ഐക്കൺ ഓഫ് ദി ഇയർ" പുരസ്കാരം (1ലക്ഷം ₹) നേടിയ ഗായിക ?

- **സിതാര കൃഷ്ണകുമാർ**

❖ മലയാളത്തിലെ ആദ്യ ശബ്ദ ചിത്രത്തിന്റെ തിരക്കഥാകൃത്ത് മുതുകുളം രാഘവൻ പിള്ളയുടെ പേരിൽ കളിത്തട്ട് കലാ സാംസ്കാരിക സംഘടന ഏർപ്പെടുത്തിയ 25-ാമത് മുതുകുളം അവാർഡ് ലഭിച്ചത് ?

- **എൻ. അജിത്ത്**

❖ ഈ വർഷത്തെ തോപ്പിൽ രവി സാഹിത്യ പുരസ്കാരത്തിന് സോമൻ കടലൂരിനെ അർഹനാക്കിയ നോവൽ ?

- **പുളിയൻ**
- **15,000 ₹യും ശില്പവും പ്രശംസാപത്രവും അടങ്ങുന്നതാണ് പുരസ്കാരം.**

❖ സരസകവി മൂലൂർ എസ്. പത്മനാഭ പണിക്കരുടെ സ്മരണാർഥമുള്ള 37-ാമത് മൂലൂർ പുരസ്കാരം ലഭിച്ച എഴുത്തുകാരി ?

- **ഡോ. ഷീജാ വക്കം**
- **(കവിതാ സമാഹാരം: ശിഖണ്ഡിനി)**
- **25,001 ₹യും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.**

❖ സംസ്ഥാന നിയമ സേവന അതോറിറ്റി 2022-ൽ നടത്തിയ നാഷണൽ ലോക് അദാലത്തുകളിൽ സംസ്ഥാനതലത്തിൽ ഏറ്റവും കൂടുതൽ കേസുകൾ തീർപ്പാക്കിയതിനുള്ള പുരസ്കാരം ലഭിച്ചത് ?

- **ആലപ്പുഴ ജില്ലാ നിയമസേവന അതോറിറ്റി**

## FEB 2

❖ ലോക തണ്ണീർത്തട ദിനം ആചരിക്കുന്നത് ?

- **ഫെബ്രുവരി 2**

❖ ഈ വർഷത്തെ ലോക തണ്ണീർത്തട ദിനത്തിന്റെ പ്രമേയം ?

- **It's Time for Wetlands Restoration**

❖ ഡോ. വി. ജി. സോമാനിയുടെ പകരക്കാരനായി ഡ്രഗ്സ് കൺട്രോളർ ജനറൽ ഓഫ് ഇന്ത്യ (DCGI) ആയി UPSC ശിപാർശ ചെയ്തത് ?

- **രാജീവ് സിംഗ് രഘുവംശി**

❖ G20 വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് നടക്കുന്നത് ?

- **2023 ഫെബ്രുവരി 1-2, ചെന്നൈ**

❖ ഡൽഹിയിലെ സർക്കാർ സ്കൂളുകളിൽ നിന്നുള്ള നാലായിരത്തോളം അധ്യാപകർ പങ്കെടുത്ത ശില്പശാല ?

- **ജീവൻ വിദ്യാ ശിവിർ**

❖ അടുത്തിടെ 'സമഗ്ര ശിക്ഷാ അഭിയാൻ' എന്ന പേരിൽ കാമ്പയിൻ ആരംഭിച്ചത് ?

- **ഉത്തർപ്രദേശ്**

❖ ഓൾ ഇന്ത്യ സർവേ ഓൺ ഹയർ എജ്യുക്കേഷൻ (AISHE) 2020-2021 പ്രസിദ്ധീകരിച്ച റിപ്പോർട്ട് പ്രകാരം രാജ്യത്ത് ഏറ്റവും കൂടുതൽ കോളേജുകൾ ഉള്ളത് ?

- **ഉത്തർപ്രദേശ് (2.മഹാരാഷ്ട്ര, 3. കർണാടക)**

❖ 46ആമത് International Kolkata Book Fair ഉദ്ഘാടനം ചെയ്തത് ?

- **മമത ബാനർജി**

❖ 2047-നകം ഏത് രോഗം തുടച്ചുനീക്കുമെന്നും രോഗബാധിതരാകാൻ സാധ്യതയുള്ള ഏഴു കോടി ജനങ്ങളിൽ 40 വയസ്സുവരെ രോഗനിർണയ പരിശോധന നടത്തുമെന്ന് ബജറ്റ് പ്രഖ്യാപനം നടത്തിയത് ?

- **അരിവാൾ രോഗം (സിക്കിൾ സെൽ അനീമിയ)**

❖ 1.2 ബില്യൺ ഡോളറിന് അദാനി ഗ്രൂപ്പ് ഏറ്റെടുത്ത ഇസ്രായേലിലെ തുറമുഖം ?

- **ഹൈഫ തുറമുഖം**

❖ ഗവേഷണ സ്ഥാപനമായ മെർകോം കാപ്പിറ്റൽ പ്രകാരം ഇന്ത്യയുടെ സോളാർ മൊഡ്യൂൾ നിർമാണശേഷി 95 ജിഗാവാട്ടിലെത്തുമെന്ന് കരുതുന്നത് ?

- **2025ഓടെ**

❖ വിസിറ്റ് ഇന്ത്യ ഇയർ 2023 സംരംഭവും ലോഗോയും പുറത്തിറക്കിയത് ?

- **ടൂറിസം മന്ത്രി ജി. കിഷൻ റെഡ്ഡി**

❖ ജനുവരി മധ്യത്തോടെ ഓസ്ട്രേലിയയിൽ കാണാതെപോയ അണു പ്രസരണശേഷിയുള്ള ക്യാപ്സ്യൂൾ ഫെബ്രുവരി 1 ന് കണ്ടെത്തി. പേര് ?

- **സീഷിയം-137 ക്യാപ്സ്യൂൾ**

- **റിയോ ടിന്റോ എന്ന ഖനന കമ്പനിയുടെ ഉടമസ്ഥതയിൽ പടിഞ്ഞാറൻ ഓസ്ട്രേലിയയിലെ പിൽബാറയിലുള്ള ഇരുമ്പുഖനിയിൽനിന്ന് തെക്കുപടിഞ്ഞാറൻ നഗരമായ പെർത്തിലേക്ക് ലോറിയിൽ കൊണ്ടുവരുമ്പോഴാണ് ക്യാപ്സ്യൂൾ നഷ്ടമായത്.**

❖ ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ലഹരിക്കടത്ത് തടയാൻ കേരള എക്സൈസ് വകുപ്പ് ആരംഭിക്കുന്ന പദ്ധതി ?
- **കെമു (കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ്)**

❖ കെ.പി.സി.സി. ഗാന്ധിദർശൻ സമിതിയുടെ ഗാന്ധിദർശൻ പുരസ്കാരം ലഭിച്ച മുൻ കെ.പി.സി.സി. അധ്യക്ഷൻ ?
- **തെന്നല ബാലകൃഷ്ണപിള്ള**

❖ 2023-ലെ മള്ളിയൂർ ശങ്കരസ്മൃതി പുരസ്കാരം ലഭിച്ച ആധ്യാത്മികാചാര്യൻ ?
- **ശ്രീ ശ്രീ രവിശങ്കർ**

❖ മൂന്നാമത് അർജുനൻ മാസ്റ്റർ ഫൗണ്ടേഷൻ പുരസ്കാരം ലഭിച്ച സംഗീത സംവിധായകൻ ?
- **വിദ്യാധരൻ മാസ്റ്റർ**
- **ആർട്ടിസ്റ്റ് സുജാതൻ നിർമിച്ച ശില്പവും 25,000 ₹യും പ്രശസ്തിപത്രവും അടങ്ങുന്നതാണ് സമ്മാനം.**

❖ ഏത് തവളയെ സംസ്ഥാന തവളയാക്കാനുള്ള നീക്കം ആണ് ഉപേക്ഷിച്ചത് ?
- **പാതാള തവള**

❖ ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ പ്രസിഡന്റായി മൂന്നാം തവണയും തിരഞ്ഞെടുക്കപ്പെട്ട ബഹ്റൈൻ രാജകുടുംബാംഗം ?
- **ഷെയ്ഖ് സൽമാൻ ബിൻ ഇബ്രാഹിം അൽ ഖലീഫ**

❖ 1966-ൽ ക്വാലംലംപുരിൽ നടന്ന മെർദേക്ക കപ്പിൽ ഇന്ത്യ വെങ്കലമെഡൽ നേടിയപ്പോൾ ടീമിൽ അംഗമായിരുന്ന ഫുട്ബോൾ താരം അന്തരിച്ചു.പേര് ?
- **പരിമൾ ഡേ (81)**
- **മെർദേക്ക കപ്പ് - ഫുട്ബോൾ**

❖ അന്താരാഷ്ട്ര ക്രിക്കറ്റിന്റെ മൂന്ന് ഫോർമാറ്റിലും സെഞ്ച്വറി നേടുന്ന ചരിത്രത്തിലെ ഏറ്റവും പ്രായം കുറഞ്ഞ താരമായ ഇന്ത്യൻ ഓപ്പണർ ?
- **ശുഭ്മാൻ ഗിൽ**
- **ടി20 സെഞ്ച്വറി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ ഇന്ത്യൻ താരമെന്ന റെക്കോർഡും.**

- ന്യൂസിലൻഡിനെതിരായ ട്വന്റി-20 ക്രിക്കറ്റിൽ റൺസിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ ഉയർന്ന വിജയം നേടിയ ക്യാപ്റ്റൻ ?
  - **ഹാർദിക് പാണ്ഡ്യ (168 റൺസിന്റെ വിജയം)**
- ട്വന്റി 20 യിൽ ഇന്ത്യക്കാരുടെ ഏറ്റവും ഉയർന്ന വ്യക്തിഗത സ്കോർ നേടിയത് ?
  - **ശുഭ്മാൻ ഗിൽ (പുറത്താകാതെ 126 റൺസ്)**
  - **മറികടന്നത് അഫ്ഗാനിസ്ഥാനെതിരേ 122 റൺസ് നേടിയ വിരാട് കോഹ്‌ലിയെ.**
- അന്താരാഷ്ട്ര ക്രിക്കറ്റിലെ എല്ലാ ഫോർമാറ്റിലും സെഞ്ചുറിനേടുന്ന എത്രാമത്തെ ഇന്ത്യൻ താരം ആണ് ഗിൽ ?
  - **5 (മറ്റ് താരങ്ങൾ -രോഹിത് ശർമ, വിരാട് കോലി, സുരേഷ് റെയ്ന, കെ.എൽ. രാഹുൽ)**
- ഗുവാഹത്തിയിൽ നടക്കുന്ന ദേശീയ വോളിബോൾ ചാമ്പ്യൻഷിപ്പിലേയ്ക്കുള്ള കേരള വനിതാ ടീമിനെ നയിക്കുന്നത് ?
  - **എസ്. സൂര്യ**

## FEB 3

- ആദിവാസി വിഭാഗങ്ങളുടെ വികസനത്തിനും ഉന്നമനത്തിനുമായി കേന്ദ്ര സർക്കാർ ആരംഭിക്കുന്ന പുതിയ പദ്ധതി ?
  - **പ്രധാനമന്ത്രി PVTG ഡെവലപ്മെന്റ്**
  - **(PVTG – Particularly Vulnerable Tribal Groups)**
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ PVTG ഉള്ള സംസ്ഥാനം ?
  - **ഒഡീഷ**
- കേന്ദ്രസർക്കാർ ബജറ്റിൽ ഓൺലൈൻ ഗെയിം വരുമാനത്തിന് നിശ്ചയിച്ച നികുതി നിരക്ക് ?
  - **30%**
- ഒബിസിയുടെ ഉപവിഭാഗം കമ്മീഷന്റെ തലവൻ ആരാണ് ?
  - **ജസ്റ്റിസ് ജി. രോഹിണി**
- ബയോളജിക്കൽ ഡൈവേഴ്സിറ്റി ആക്ട് പ്രകാരം ലഡാക്കിലെ ആദ്യത്തെ ജൈവവൈവിധ്യ പൈതൃക സ്ഥലമായി നിർദ്ദേശിക്കപ്പെട്ടത് ?
  - **യായാ ത്സോ തടാകം (Yaya Tso Lake)**

- അക്ഷയ കാവ്യ എന്ന കവിതാസമാഹാരത്തിന് 2016-ൽ സാഹിത്യ അക്കാദമി അവാർഡ് ലഭിച്ച അടുത്തിടെ അന്തരിച്ച പ്രശസ്ത കന്നട കവിയും എഴുത്തുകാരനുമായ വ്യക്തി ?
  - **കെ. വി. തിരുമലേഷ് (82)**
- ഏത് സ്ഥാപനമാണ് 'ട്വന്റി പോയിന്റ് പ്രോഗ്രാം' എന്ന പേരിൽ പ്രോഗ്രസ് റിപ്പോർട്ട് പുറത്തുവിട്ടത് ?
  - **നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്**
- രാജ്യത്ത് സിനിമാ തിയേറ്ററുള്ള ആദ്യ വിമാനത്താവളമെന്ന പെരുമ സ്വന്തമാക്കിയത് ?
  - **ചെന്നൈ അന്താരാഷ്ട്ര വിമാനത്താവളം**
- അഞ്ച് സ്ക്രീനുകളോടുകൂടിയ മൾട്ടിപ്ലക്സ്;
  - **പി.വി.ആർ. സിനിമാസ്.**
- 2025ലെ മാഡ്രിഡ് അന്താരാഷ്ട്ര പുസ്തകമേളയിൽ Theme Country ആവുന്നത് ?
  - **ഇന്ത്യ**
  - **2023 ജനുവരി 31 മുതൽ 2023 ഫെബ്രുവരി 12 വരെ കൊൽക്കത്തയിൽ നടക്കുന്ന 46-ാമത് അന്താരാഷ്ട്ര കൊൽക്കത്ത പുസ്തകമേളയിലെ Theme Country ആണ് സ്പെയിൻ.**
- പുസ്തകങ്ങൾ വായിക്കുക, രാജ്യം കെട്ടിപ്പടുക്കുക, ബംഗബന്ധുവിന്റെ സ്വപ്നത്തിന്റെ രാജ്യം എന്ന പ്രമേയത്തിൽ പുസ്തക മേള നടക്കുന്ന രാജ്യം ?
  - **ബംഗ്ലാദേശ്**
  - **മേളയുടെ പേര്: Ekushey Boi Mela**
  - **ഉദ്ഘാടനം ചെയ്തത്: ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന**

- ലോകത്താദ്യമായി ഡ്രൈവറില്ലാ ബസ് സർവീസ് ആരംഭിക്കാൻ തയ്യാറെടുക്കുന്ന രാജ്യം ?
  - **സ്കോട്ട്ലൻഡ്**
  - **തലസ്ഥാനമായ എഡിൻബറോയിൽനിന്ന് ഡൺഫേംലൈൻ നഗരത്തിലേക്കാണ് 30.5 കിലോമീറ്റർ ഉള്ള ആദ്യസർവീസ്.**
- തങ്ങളുടെ 5 ഡോളർ നോട്ടുകളിൽ നിന്ന് എലിസബത്ത് രാജ്ഞിയുടെ ചിത്രം നീക്കം ചെയ്യുമെന്ന് പ്രഖ്യാപിച്ച രാജ്യം ?
  - **ഓസ്ട്രേലിയ**

- ഇക്വറ്റോറിയൽ ഗിനിയയുടെ ആദ്യ വനിതാ പ്രധാനമന്ത്രിയായി സ്ഥാനമേറ്റത് ?
  - **മാനുവേല റോക്ക ബോട്ടെ**
- പോപ്പ് സംഗീതരാജാവ് മൈക്കൽ ജാക്സന്റെ ജീവചരിത്രം പ്രമേയമാകുന്ന ചിത്രത്തിൽ ജാക്സണെ അവതരിപ്പിക്കുന്ന അദ്ദേഹത്തിന്റെ അനന്തരവൻ ?
  - **ജാഫർ ജാക്സൻ**
- 2023 ലെ എഫ്ഐഎച്ച് പ്രസിഡന്റിന്റെ അവാർഡിന് അർഹനായ ഐഎഎസ് ഉദ്യോഗസ്ഥനും ഒഡീഷ മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുമായ വ്യക്തി ?
  - **വി. കെ. പാണ്ഡ്യൻ**
- ടി20 ചരിത്രത്തിൽ ഇന്ത്യക്കായി ഏറ്റവും കൂടുതൽ വിക്കറ്റ് വീഴ്ത്തിയ ബൗളറായത് ?
  - **യൂസ്വേന്ദ്ര ചാഹൽ (91* വിക്കറ്റ്)**
- നാട്ടിൽ തുടർച്ചയായ 26 ക്രിക്കറ്റ് പരമ്പരകളിൽ തോൽവിയറിയാത്ത ടീം എന്ന റെക്കോഡ് നേടിയത് ?
  - **ഇന്ത്യ**
- സ്വന്തം നാട്ടിൽ നടന്ന ട്വന്റി 20 ക്രിക്കറ്റിൽ 50-ാം വിജയം കുറിക്കുന്ന ആദ്യ ടീം ആയത് ?
  - **ഇന്ത്യ**
  - **(ന്യൂസീലൻഡ് (42 വിജയം), ദക്ഷിണാഫ്രിക്ക (37) ഓസ്ട്രേലിയ (36))**
- ഇൻറർസോൺ സീനിയർ വനിതാ ക്രിക്കറ്റ് ടൂർണമെന്റിൽ ദക്ഷിണമേഖലയെ പ്രതിനിധീകരിക്കുന്ന മലയാളി താരങ്ങൾ ?
  - **എസ്. സജ്ന,മിന്നു മണി, ജെ.എസ്. ദീപ്തി,സൂര്യ സുകുമാർ**
- അന്താരാഷ്ട്ര ഫുട്ബോളിൽ നിന്ന് അടുത്തിടെ വിരമിച്ച ഫ്രഞ്ച് താരം ?
  - **റാഫേൽ വരാനെ**
- നോവൽ വിഭാഗത്തിൽ 2022-ലെ ഒ.വി. വിജയൻ സ്മാരക പുരസ്കാരം നേടിയത് ?
  - **പി. എഫ്. മാത്യൂസ് (നോവൽ: അടിയാള പ്രേതം)**
- കഥാവിഭാഗത്തിൽ 2022-ലെ ഒ.വി. വിജയൻ സ്മാരക പുരസ്കാരം നേടിയത് ?
  - **വി. എം. ദേവദാസ് (കഥ: കാടിന് നടുക്കൊരുമരം)**
- യുവകഥാവിഭാഗത്തിൽ 2022-ലെ ഒ.വി. വിജയൻ സ്മാരക പുരസ്കാരം നേടിയത് ?
  - **വി.എൻ. നിഥിൻ( കഥ: ചാച്ഛൻ)**
- ശ്രീവിദ്യാധിരാജ ദർശന പുരസ്കാരം ഗവേഷകനും സാഹിത്യകാരനുമായ വ്യക്തി ?
  - **ഡോ. എഴുമറ്റൂർ രാജരാജവർമ**

- **25,111 ₹യും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.**

## FEB 4

❖ ലോക കാൻസർ ദിനം ആചരിക്കുന്നത് ?
- **ഫെബ്രുവരി 4**

❖ ഈ വർഷത്തെ ലോക കാൻസർ ദിനത്തിന്റെ പ്രമേയം ?
- **Close the care gap**

❖ ഇന്റർനാഷണൽ സോളാർ അലയൻസിലെ ഏറ്റവും പുതിയ അംഗം ?
- **കോംഗോ (121ആമത് അംഗം)**

❖ 2023-ൽ നടക്കുന്ന യു.എസ്. പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിക്കാനൊരുങ്ങുന്ന ഇന്ത്യൻ വംശജ ?
- **നിക്കി ഹാലി**

❖ 2023 ഡിസംബറോടെ ഇന്ത്യയിലെ ആദ്യത്തെ ഹൈഡ്രജൻ ട്രെയിൻ പ്രവർത്തനമാരംഭിക്കും എന്ന് പ്രസ്താവിച്ചത് ?
- **കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്**

❖ പ്രധാനമന്ത്രി കിസാൻ ഊർജ സുരക്ഷാ ഏവം ഉത്ഥാൻ മഹാഭിയാൻ (PM-KUSUM) പദ്ധതി എന്നു വരെയാണ് നീട്ടിയത് ?
- **2026 മാർച്ച്**

❖ 2023 ലെ കേന്ദ്ര ബജറ്റിൽ ഇന്ത്യാ ഗവൺമെന്റ് NAMASTE സ്കീമിനായി 💯 കോടി ₹ വകയിരുത്തി. എന്താണ് NAMASTE സ്കീം ?
- **നാഷണൽ ആക്ഷൻ പ്ലാൻ ഫോർ മെക്കനൈസ്ഡ് സാനിറ്റേഷൻ ഇക്കോസിസ്റ്റം**

❖ മധ്യപ്രദേശ് സർക്കാർ ഭോപ്പാലിലെ ഇസ്ലാം നഗർ ഗ്രാമത്തിന്റെ പേര് മാറ്റി. പുതിയ പേര് ?
- **ജഗദീഷ്പൂർ**

❖ 'ദി പോവർട്ടി ഓഫ് പൊളിറ്റിക്കൽ ഇക്കണോമി' എന്ന പുസ്തകത്തിന്റെ രചയിതാവായ ഇന്ത്യൻ- ബ്രിട്ടീഷ് വംശജൻ ?
- **മേഘ്നാഥ് ദേശായി**

❖ 2023 ജനുവരി 21 ന് ആരംഭിച്ച് അടുത്തിടെ സമാപിച്ച വടക്കൻ ബംഗാളിൽ നടന്ന ഇന്ത്യൻ സൈന്യത്തിന്റെ സംയുക്ത പരിശീലന അഭ്യാസം ?
- **ത്രിശക്തി പ്രഹാർ**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in

- ഏഷ്യൻ കിംഗ് കഴുകൻ അല്ലെങ്കിൽ പോണ്ടിച്ചേരി കഴുകൻ എന്ന് അറിയപ്പെടുന്ന ചുവന്ന തലയുള്ള കഴുകനെ കണ്ടെത്തിയത് ?
    - **അസോല ഭട്ടി വന്യജീവി സങ്കേതം,ഡൽഹി, ഹരിയാന**
    - **ഇത് IUCN ന്റെ റെഡ് ലിസ്റ്റിൽ ഉൾപ്പെടുന്നു.**
- പസഫിക്കിലേക്കുള്ള ചൈനയുടെ നീക്കത്തെ പ്രതിരോധിക്കാൻ സോളമൻ ദ്വീപുകളിൽ അടുത്തിടെ എംബസി ആരംഭിച്ചത് ?
    - **അമേരിക്ക**
- നാസ നിർമ്മിച്ച പൂർണമായും വൈദ്യുതിയിൽ പ്രവർത്തിക്കുന്ന വിമാനം ?
    - **X-57 Maxwell**
- അടുത്തിടെ ലോകത്തിലെ ഏറ്റവും വലിയ ജയിൽ തുറന്ന രാജ്യം ?
    - **എൽസാൽവദോർ**
- പ്രശസ്ത തെന്നിന്ത്യൻ ചലച്ചിത്രസംവിധായകനും ദാദാ സാഹേബ് ഫാൽക്കെ പുരസ്‌ക്കാര ജേതാവുമായ വ്യക്തി അന്തരിച്ചു. പേര് ?
    - **കെ. വിശ്വനാഥ് (92)**
    - **ശങ്കരാഭരണം, സാഗരസംഗമം, സ്വാതിമുത്യം, സ്വർണകമലം, സ്വാതികിരണം, ശ്രുതിലയലു, സർഗം തുടങ്ങിയവയാണ് പ്രധാനചിത്രങ്ങൾ.**
- സംസ്ഥാന ആസൂത്രണ ബോർഡിന്റെ സാമ്പത്തിക അവലോകനം റിപ്പോർട്ട് പ്രകാരം 2021-22 വർഷത്തിലെ കേരളത്തിന്റെ സാമ്പത്തിക വളർച്ച ?
    - **12.01%**
- ചലച്ചിത്ര മേഖലയിലെ സമഗ്ര സംഭാവനയ്ക്ക് ഇൻസൈറ്റ് ദ് ക്രിയേറ്റീവ് ഗ്രൂപ്പ് നൽകുന്ന ഇൻസൈറ്റ് അവാർഡ് ഛായാഗ്രാഹകൻ ?
    - **മധു അമ്പാട്ട്**
    - **25,000 ₹യും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്ന പുരസ്കാരം.**
- ജയ്പൂർ അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ഗോൾഡൻ ക്യാമൽ പുരസ്കാരം നേടിയ മലയാള ചിത്രം ?
    - **അവനോവിലോന (സംവിധാനം -ഷെറി ഗോവിന്ദ്, ടി. ദീപേഷ്)**
- വിദേശത്തുനിന്ന് മടങ്ങിയെത്തുന്ന പ്രവാസികൾക്കായി ആരംഭിച്ച കേരള സർക്കാരിന്റെ ധനസഹായ പദ്ധതി ?
    - **സാന്ത്വന**

- കേരള ബജറ്റിൽ പ്രഖ്യാപിച്ച നേത്ര സംരക്ഷണത്തിനുള്ള പദ്ധതി ?
  - **നേർക്കാഴ്ച**
- പൂനെ രാജ്യാന്തര ചലച്ചിത്ര മേളയിൽ ഇന്ത്യൻ സിനിമ വിഭാഗത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട മലയാള സിനിമ ?
  - **പ്രകാശം പരത്തുന്ന പെൺകുട്ടി**
  - **ടി. പത്മനാഭന്റെ പ്രകാശം പരത്തുന്ന പെൺകുട്ടി എന്ന വിഖ്യാത നോവലിനെ അടിസ്ഥാനമാക്കി ജയരാജ് സംവിധാനം ചെയ്ത ചിത്രം**
- കേരള സംഗീത നാടക അക്കാദമിയുടെ അന്തർദേശീയ നാടകോത്സവം (ഇറ്റ്ഫോക്ക്) ഉദ്ഘാടനം ചെയ്യുന്നത് ?
  - **പിണറായി വിജയൻ**
- ഇന്ത്യ അണ്ടർ-17 വനിതാ ഫുട്ബോൾ ടീമിൽ ഇടംനേടിയ നാല് മലയാളി താരങ്ങൾ ?
  - **ആര്യ അനിൽകുമാർ, ബി. എൽ. അഖില, ഷിൽജി ഷാജി, ആർ. അഖില**
- ഇന്ത്യൻ വോളിബോളിന് പ്രൊഫഷണലിസ ത്തിന്റെ മുഖം നൽകുന്ന പ്രൈം വോളിബോൾ ലീഗ് ആരംഭിക്കുന്നത് ?
  - **2023 ഫെബ്രുവരി 4, ബെംഗളൂരുവിൽ**
- പ്രൈം വോളിബോൾ ലീഗിൽ പങ്കെടുക്കുന്ന കേരളത്തിൽ നിന്നുള്ള 2 ടീമുകൾ ?
  - **കൊച്ചി ബ്ലൂ സ്പൈക്കേഴ്സ്, കാലിക്കറ്റ് ഹീറോസ്**
- 2027ലെ ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻ ഏഷ്യൻ കപ്പിന് ആതിഥേയത്വം വഹിക്കുന്നത് ?
  - **സൗദി അറേബ്യ**
- 2007-ലെ പ്രഥമ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പ് കിരീടം നേടിയ ടീമിലെ അംഗവുമായ ഇന്ത്യൻ താരം വിരമിച്ചു. പേര് ?
  - **ജോഗീന്ദർ ശർമ**

## FEB 5

- ഭാവിയുടെ ഇന്ധനം എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഹൈഡ്രജൻ ഫ്യൂവൽ വികസിപ്പിക്കാൻ ഹൈഡ്രജൻ ഇന്ധന ഹബ്ബ് നിലവിൽ വരുന്നത് ?
  - **തിരുവനന്തപുരം, കൊച്ചി**
- സംസ്ഥാന സർക്കാർ ഇ-ടാക്സി കാറുകൾക്ക് ഏർപ്പെടുത്തിയ പുതിയ നികുതി നിരക്ക് ?
  - **5%**
- സംസ്ഥാനത്തെ അംഗനവാടി ജീവനക്കാർക്കായുള്ള ഇൻഷുറൻസ് പദ്ധതി ?

- **അങ്കണം**

❖ പ്രഥമ ദേശീയ ബീച്ച് സോക്കർ ചാമ്പ്യൻഷിപ്പിൽ ജേതാക്കളായത് ?

- **കേരളം**

❖ പുസ്തക രൂപത്തിലുള്ള 2023-ലെ കേരള ബഡ്ജറ്റ് പ്രസംഗത്തിന്റെ മുഖചിത്രം ?

- **ബേർഡ് ഇൻ സ്പേസ്**
- **റൊമാനിയൻ ശില്പിയായ കോൺസ്റ്റന്റൈൻ ബ്രൻകുഷ് ആണ് ഇതിന്റെ ശിൽപി.**

❖ സൈലം മെഡിക്കൽ അവാർഡിന് അർഹരായത് ?

- **കാൻസർ ചികിത്സകൻ ഡോ. വി. പി. ഗംഗാധരൻ, കാർഡിയാക് സർജൻ ഡോ. വി. നന്ദകുമാർ**

❖ മാതൃഭൂമി അന്താരാഷ്ട്ര അക്ഷരോത്സവമായ ക യുടെ ഭാഗമായുള്ള മാതൃഭൂമി ബുക്ക് ഓഫ് ദി ഇയർ പുരസ്കാരത്തിന് അർഹയായ പ്രമുഖ ഇന്ത്യൻ- ഇംഗ്ലീഷ് എഴുത്തുകാരി ?

- **പെഗ്ഗി മോഹൻ (കൃതി - വാണ്ടറേഴ്സ്, കിങ്സ് ആൻഡ് മർച്ചന്റ്സ് (അലയുന്നവർ, രാജാക്കന്മാർ, വ്യാപാരികൾ))**
- **രണ്ടു ലക്ഷം ₹യും ശില്പവും അടങ്ങുന്നതാണ് പുരസ്കാരം.**

❖ അടുത്തിടെ ഫ്രഞ്ച് സർക്കാരിന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ ഷെവലിയർ ഡി ഓർ നേടിയ മലയാളി ?

- **ഡോ. വി.ആർ. ലളിതാംബിക**

❖ ഇന്ത്യൻ ചലച്ചിത്ര സംഗീതത്തിലെ വേറിട്ട സ്വരമാധുരി ഇനി ഓർമ. പേര് ?

- **വാണി ജയറാം (77) (വിടവാങ്ങിയത് വിവാഹവാർഷിക ദിനത്തിൽ. )**

❖ 1945 നവംബർ 30-ന് തമിഴ്നാട്ടിലെ വെല്ലൂരിൽ ദുരൈസ്വാമി-പത്മാവതി ദമ്പതിമാരുടെ മകളായി ജനിച്ച വാണി ജയറാമിന്റെ ആദ്യകാല നാമം ?

- **കലൈവാണി**

❖ 1971 ൽ 'ഗുഡ്ഡി' എന്ന ചിത്രത്തിലെ ഏത് ഗാനമാണ് വാണി ജയറാം പ്രശസ്തയാക്കിയത് ?

- **ബോലേ രേ പപ്പി**

❖ വാണി ജയറാം എത്ര ഭാഷകളിൽ ഗാനങ്ങൾ ആലപിച്ചു ?

- **19**

❖ വാണി ജയറാം മലയാളത്തിൽ പാടിയ ആദ്യ ഗാനം ?

- **'സ്വപ്നം' എന്ന ചിത്രത്തിലെ 'സൗരയൂഥത്തിൽ വിടർന്നൊരു..'**

- മികച്ച ഗായികയ്ക്കുള്ള ദേശീയ പുരസ്കാരം മൂന്നുതവണ അവരെ തേടിയെത്തി. ഏതൊക്കെ ?
  - **ഏഴുസ്വരങ്ങൾ (1975), ശങ്കരാഭരണം (1980), സ്വാതികിരണം (1991)**
- സംസ്ഥാനത്ത് ഓരോ കുട്ടി ജനിക്കുമ്പോഴും 100 മരങ്ങൾ വീതം നടുന്ന സിക്കിമിലെ പദ്ധതി ?
  - **മേരോ റൂഖ് മേരോ സന്തതി**
- ലോകത്തിലെ ആദ്യത്തെ ലിവിംഗ് ഹെറിറ്റേജ് യൂണിവേഴ്സിറ്റി എന്ന ബഹുമതി നേടുന്നത് ?
  - **വിശ്വഭാരതി സർവ്വകലാശാല**
- കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി 2023 കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതി ?
  - **MISHTI (Mangrove Initiative for Shoreline Habitats & Tangible Incomes)**
- ലാവോസിലെ അടുത്ത ഇന്ത്യൻ അംബാസഡറായി നിയമിച്ചത് ?
  - **പ്രശാന്ത് അഗർവാൾ**
- ഷിപ്പിംഗ് മന്ത്രാലയത്തിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഷിപ്പിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ അടുത്ത ഡയറക്ടറായി നിയമിതനായത് ?
  - **മഞ്ജിത് സിംഗ് സൈനി**
- ഏഷ്യയിലെ ആദ്യത്തെ ഫ്ലോട്ടിംഗ് ഫെസ്റ്റിവൽ നടക്കുന്നത് ?
  - **മധ്യപ്രദേശ്**
- ഇന്ത്യയിലെ ഏറ്റവും വലിയ ബഹു-സാംസ്കാരിക ഉത്സവമായ കാലാ ഘോഡ കലാമേള ആരംഭിച്ചത് ?
  - **മുംബൈ**
- വ്യാഴത്തിനു ചുറ്റും പരിക്രമണം ചെയ്യുന്ന 12 ഉപഗ്രഹങ്ങളെക്കൂടി കണ്ടെത്തി. ആകെ എത്ര ഉപഗ്രഹങ്ങൾ ?
  - **92**
  - **(2. ശനി-83)**
- വധശ്രമത്തിനു ശേഷമുള്ള സൽമാൻ റുഷ്ദിയുടെ ആദ്യ പുസ്തകം ?
  - **വിക്ടറി സിറ്റി**
- വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ടീം ഗുജറാത്ത് ജയന്റ്സ് മുഖ്യ പരിശീലകയായി നിയമിതയായത് ?
  - **റെയ്ച്ചൽ ഹെയ്ൻസ്**

  - **നൂഷിൻ അൽ ഖാദിറാണ് ബൗളിങ് പരിശീലക.ഇന്ത്യൻ വനിതാ ടീം മുൻ പരിശീലകൻ തുഷാർ അറോത്തയാണ് ബാറ്റിങ് പരിശീലകൻ.**

- പ്രൈം വോളിബോൾ സീസൺ രണ്ടിലെ ഉദ്ഘാടന മത്സരത്തിൽ വിജയിച്ചത് ?
  - **കൊൽക്കത്ത തണ്ടർബോൾട്ട്സ്**

## FEB 6

- 2024-ൽ ഇന്ത്യ സന്ദർശിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചത് ?
  - **ഫ്രാൻസിസ് മാർപാപ്പ**
- അടുത്തിടെ മഹാരാഷ്ട്രയുടെ ഔദ്യോഗിക ഗാനമായി പ്രഖ്യാപിക്കപ്പെട്ടത് ?
  - **ജയ് ജയ് മഹാരാഷ്ട്ര മാസാ**
- ജോഷിമഠിലേതുപോലെ കെട്ടിടങ്ങൾക്ക് വിള്ളൽ വീഴുന്ന പ്രതിഭാസം കണ്ടെത്തിയ ജമ്മുകശ്മീരിലെ ഗ്രാമം ?
  - **ഡോഡ ജില്ലയിലെ നയി ബസ്തി ഗ്രാമം**
- അമേരിക്ക ആസ്ഥാനമായ മോർണിംഗ് കൺസൾട്ട് എന്ന കമ്പനി പുറത്തുവിട്ട സർവേ പ്രകാരം ലോകത്ത് ഏറ്റവും കൂടുതൽ ജനപ്രീതിയുള്ള നേതാവ് ?
  - **നരേന്ദ്ര മോദി**
- ആദ്യമായി എത് വർഷം ആണ് ഇന്ത്യ സുപ്രീം കോടതി സ്ഥാപക ദിനം ആചരിച്ചത് ?
  - **2023**
- സുപ്രീംകോടതി സ്ഥാപിതമായതിന്റെ 73 ആം വാർഷികത്തിൽ മുഖ്യാതിഥി ആയ സിംഗപ്പൂർ ചീഫ് ജസ്റ്റിസ് ?
  - **സുന്ദരേഷ് മേനോൻ**
- ഐഎസ്ആർഒ യും നാസ യും സംയുക്തമായി നിർമ്മിച്ച ഉപഗ്രഹം വിക്ഷേപിക്കുന്നത് ?
  - **ഇന്ത്യയിൽ നിന്ന്**
- ഭൂമിയുടെ പ്രതലത്തെ കൂടുതൽ വിശദമായി പഠിക്കാൻ 2024 -ൽ വിക്ഷേപിക്കുന്ന ഐഎസ്ആർഒ യും നാസ യും സംയുക്തമായി നിർമ്മിച്ച ഉപഗ്രഹം ?
  - **നിസാർ (NASA-ISRO Synthetic Aperture Radar)**
- അടുത്തിടെ വിക്കിപീഡിയയ്ക്ക് നിരോധനം ഏർപ്പെടുത്തിയ രാജ്യം ?
  - **പാകിസ്ഥാൻ**
- പട്ടാള അട്ടിമറിയിലൂടെ ജനാധിപത്യ സർക്കാരിനെ പുറത്താക്കി പാകിസ്ഥാനെ ഉരുക്കുമുഷ്ടിയാൽ ഭരിച്ച മുൻ പട്ടാളമേധാവി അന്തരിച്ചു. പേര് ?

- **പർവേസ് മുഷറഫ് (79)**

❖ 2016 മുതൽ ദുബായിൽ പ്രവാസജീവിതം നയിച്ചിരുന്ന മുഷറഫിനെ ബാധിച്ചിരുന്ന അപൂർവ രോഗം ?

- **അമിലോയിഡോസിസ്**

❖ ഗുണ്ടകളെയും സമൂഹ വിരുദ്ധരെയും പിടികൂടാൻ പോലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം നടത്തിയ സംസ്ഥാന വ്യാപക പരിശോധന ?

- **ഓപ്പറേഷൻ ആഗ്**
- **(ആക്സിലറേറ്റഡ് ആക്ഷൻ എഗെൻസ്റ്റ് ആന്റിസോഷ്യൽസ് ആൻഡ് ഗുണ്ടാസ്)**

❖ നോർക്ക റൂട്ടിന്റെ സംസ്ഥാനത്തെ ആദ്യ സബ് ഓഫീസ് ആരംഭിക്കുന്നത് ?

- **ചെങ്ങന്നൂർ, ആലപ്പുഴ**

❖ ഈ വർഷത്തെ ഏഷ്യാകപ്പ് ഏകദിന ക്രിക്കറ്റ് ടൂർണമെന്റിന്റെ വേദി ?

- **യുഎഇ**
- **ആദ്യം നിശ്ചയിച്ചിരുന്നത് - പാകിസ്ഥാൻ**

❖ മുംബൈ ഇന്ത്യൻസിന്റെ വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് ടീം മുഖ്യപരിശീലകയായി നിയമിച്ചത് ?

- **ഷാർലെറ്റ് എഡ്വേർഡ്സ് (മുൻ ഇംഗ്ലണ്ട് ടീം ക്യാപ്റ്റൻ)**

❖ ടാറ്റ സ്റ്റീൽ മാസ്റ്റേഴ്സ് 2023 ചെസ് ചാമ്പ്യൻഷിപ്പ് കിരീടം നേടിയത് ?

- **അനിഷ് ഗിരി (ഡച്ച് താരം)**

## FEB 7

❖ ഈ വർഷത്തെ Safer Internet Day ആചരിക്കുന്നത് ?

- **ഫെബ്രുവരി 7,2023**
- **Observed on second day of the second week of February every year.**

❖ അന്താരാഷ്ട്ര വികസന വാരം ആചരിക്കുന്നത് ?

- **2023 ഫെബ്രുവരി 5-11**

❖ അടുത്തിടെ പ്രകാശനം ചെയ്ത സാരസ്വതം എന്ന ആത്മകഥ ആരുടെയാണ് ?

- **കലാമണ്ഡലം സരസ്വതി**

❖ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ കേരള നോളജ് ഇക്കണോമി മിഷനും കുടുംബശ്രീയും സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതി ?

- **തൊഴിലരങ്ങത്തേക്ക്**

❖ കഥകളിയാചാര്യൻ മങ്കൊമ്പ് ശിവശങ്കരപ്പിള്ള ആശാൻ പുരസ്കാരം(23456 ₹)നേടിയ കഥകളി ഗായകൻ ?

- **കലാനിലയം ഉണ്ണിക്കൃഷ്ണൻ**

❖ കേരള സർക്കാർ സംഘടിപ്പിക്കുന്ന വ്യോമസേനയുടെ സൂര്യകിരൺ അഭ്യാസ പ്രകടനം നടന്നത് ?

- **ശംഖുമുഖം കടൽത്തീരം (തിരുവനന്തപുരം)**
- **സൂര്യകിരൺ എയ്റോബാറ്റിക് ടീം ആണ് അഭ്യാസപ്രകടനം നടത്തിയത്.**

❖ സ്വകാര്യ പങ്കാളിത്തത്തോടെ കേന്ദ്ര പ്രതിരോധ മന്ത്രാലയം നടപ്പിലാക്കുന്ന കേരളത്തിലെ ആദ്യ സൈനിക സ്കൂൾ ഉദ്ഘാടനം ചെയ്യപ്പെട്ടത് ?

- **മലാപ്പറമ്പ് (കോഴിക്കോട്)**

❖ 2023-ലെ ആദ്യ ദേശീയ ബീച്ച് സോക്കർ ചാമ്പ്യൻഷിപ്പ് നേടിയത് ?

- **കേരളം**

❖ ഡൽഹി യൂണിവേഴ്സിറ്റിയിലെ മുഗൾ ഗാർഡന് നൽകിയ പുതിയ പേര് ?

- **ഗൗതമ ബുദ്ധ സെന്റിനറി ഗാർഡൻ**

❖ കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ (CAG) ആറാമത് ഷാങ്ഹായ് കോ-ഓപ്പറേഷൻ ഓർഗനൈസേഷൻ (SCO) സുപ്രീം ഓഡിറ്റ് സ്ഥാപനങ്ങളുടെ (SAI) ലീഡേഴ്സ് മീറ്റിംഗ് സംഘടിപ്പിച്ചത് ?

- **2023 ഫെബ്രുവരി 6-ന് ലഖ്നൗവിൽ**

❖ 450 കോടി ₹യുടെ നാനോ യൂറിയ പ്ലാന്റിന് തറക്കല്ലിട്ടത് ?

- **ജാർഖണ്ഡിലെ ദിയോഘറിൽ, അമിത് ഷാ**
- **ഇന്ത്യയിലെ അഞ്ചാമത്തെ നാനോ യൂറിയ പ്ലാന്റാണ് ഇത്.**

❖ ലോകത്തിലെ സ്റ്റാർട്ടപ്പ് ഇക്കോ സിസ്റ്റത്തിൽ ഇന്ത്യ മൂന്നാം സ്ഥാനം നേടിയെന്ന് പറഞ്ഞത് ?

- **കേന്ദ്രമന്ത്രി അനുരാഗ് ഠാക്കൂർ**

❖ 'ഏക് ഭാരത് ശ്രേഷ്ഠ ഭാരത്' പദ്ധതിക്ക് കീഴിൽ ഇന്ത്യൻ റെയിൽവേ ഊർജ്ജസ്വലമായ ഗുജറാത്തിന്റെ പൈതൃകം പ്രദർശിപ്പിക്കുക എന്ന ലക്ഷ്യവുമായി ആരംഭിച്ച ടൂർ പദ്ധതി ?

- **ഗർവി ഗുജറാത്ത്**

❖ ഇന്ത്യ തദ്ദേശീയമായി നിർമിച്ച വിമാനവാഹിനിക്കപ്പൽ ഐ.എൻ.എസ്. വിക്രാന്തിൽ പരീക്ഷണാടിസ്ഥാനത്തിൽ വിജയകരമായി ഇറക്കിയ ലഘുപോർവിമാനം ?
   - **തേജസിന്റെ നാവികപ്പതിപ്പ്**
❖ ഏഷ്യയിലെ വലിയ ഹെലികോപ്റ്റർ ഫാക്ടറി തുറന്നത് ?
   - **തുമകൂരു, കർണാടക**
❖ എല്ലാത്തരം ഹെലികോപ്റ്ററുകളും നിർ മിക്കുന്നതിൽ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡ് (HAL) നിർമിച്ച തുമകൂരുവിലെ ഹെലികോപ്റ്റർ ഫാക്ടറി ഉദ്ഘാടനം ചെയ്തത് ?
   - **നരേന്ദ്ര മോദി**
❖ സൂരജ്ഖുണ്ഡ് ഇന്റർനാഷണൽ ക്രാഫ്റ്റ്സ് മേളയുടെ 36-ാമത് എഡിഷൻ ആരംഭിച്ചു. എവിടെ ?
   - **ഫരീദാബാദ്, ഹരിയാന**
❖ ഏറ്റവും പുതിയ കണക്കനുസരിച്ച് ഇന്ത്യയിലെ കടുവകളുടെ എണ്ണം ?
   - **2967 (കൂടുതൽ മധ്യപ്രദേശ് (526), കർണാടക (524), .. കേരളം(190))**
❖ 1939-നുശേഷമുള്ള ശക്തമായ ഭൂകമ്പം ഉണ്ടായത് ?
   - **തുർക്കിയെ**
❖ തുർക്കിയെയേയും അയൽരാജ്യമായ സിറിയയേയും കൊടും ദുരിതത്തിലാക്കിയ ഭൂകമ്പത്തിന്റെ തീവ്രത ?
   - **റിക്ടർ സ്കെയിലിൽ 7.8**
❖ ഗ്രാമി അവാർഡിൽ സാമൂഹിക മാറ്റത്തിനുള്ള ഗാനം എന്ന വിഭാഗത്തിൽ പ്രത്യേക പുരസ്കാരം നേടിയത്, ഗാനം ?
   - **ഷെർവിൻ ഹാജിപോർ**
   - **മഹ്സ അമീനിയുടെ മരണാനന്തരം ഇറാനിലുടലെടുത്ത അവകാശ പ്രക്ഷോഭത്തിന്റെ ഔദ്യോഗികഗീതമായി മാറിയ ബരായെ (അതിനാൽ) രചിച്ചത്**
❖ ഇക്കൊല്ലത്തെ ഗ്രാമി പുരസ്കാരങ്ങളിൽ നാലെണ്ണം ബിയോൺസെ സ്വന്തമാക്കി. ഇതോടെ ആകെ ഗ്രാമി പുരസ്ക്കാരങ്ങൾ ?
   - **32**
   - **ഗ്രാമി പുരസ്കാരത്തിന്റെ 65 വർഷത്തെ ചരിത്രത്തിൽ ഇത്രയധികം എണ്ണം നേടുന്ന ആദ്യ വ്യക്തി.**

- ഗ്രാമി അവാർഡ്സിൽ ആൽബം ഓഫ് ദ ഇയർ ആയി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ഹാരി സ്റ്റൈൽസിന്റെ "ഹാരീസ് ഹൗസ്"**
- Best new age album വിഭാഗത്തിൽ ഇന്ത്യൻ സംഗീതസംവിധായകൻ, റിക്കി കേജ് തന്റെ മൂന്നാമത്തെ ഗ്രാമി അവാർഡ് നേടി.പുരസ്കാരത്തിന് അർഹനാക്കിയ ആൽബം ?
  - **ഡിവൈൻ ടൈഡ്സ്**
- കേരള ബ്ലാസ്റ്റേഴ്സ് ഫുട്ബോൾ ക്ലബ്ബിന്റെ പുതിയ ബ്രാൻഡ് അംബാസഡറായി നിയമിതനായ ക്രിക്കറ്റ് താരം ?
  - **സഞ്ജു സാംസൺ**
- ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2022 ആതിഥേയത്വം വഹിക്കുന്ന സംസ്ഥാനം ?
  - **മധ്യപ്രദേശ്**
- ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് 2022 നടക്കുന്നത് ?
  - **2023 ജനുവരി 30 മുതൽ ഫെബ്രുവരി 11 വരെ**
- ഖേലോ ഇന്ത്യ വിന്റർ ഗെയിംസിന്റെ മൂന്നാം പതിപ്പ് നടക്കുന്നത് ?
  - **ഗുൽമാർഗ്, ജമ്മു കാശ്മീർ, 2023 ഫെബ്രുവരി 10-14**
- 2023 ലെ കെനിയ ലേഡീസ് ഓപ്പൺ കിരീടം നേടിയ ഇന്ത്യൻ ഗോൾഫ് താരം ?
  - **അദിതി അശോക്**
- സൗഹൃദ ഫുട്ബോൾ മത്സരത്തിൽ ജോർദാനെ 7-0ത്തിന് തോൽപ്പിച്ചത് ?
  - **ഇന്ത്യൻ അണ്ടർ-17 വനിതാ ടീം**
  - **മലയാളി താരം ഷിൽജി ഷാജി 4 ഗോളുകൾ നേടി.**
- പുതിയ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ആയി നിയമിതനായ മുൻ ഇന്ത്യൻ ഫുട്ബോൾ താരം ?
  - **യു. ഷറഫലി**

## FEB 8

- അടുത്തിടെ സുപ്രീംകോടതിയിൽ അഞ്ച് പുതിയ ജഡ്ജിമാർ കൂടി അധികാരമേറ്റു. നിലവിൽ സുപ്രീംകോടതിയിലെ ജഡ്ജിമാരുടെ എണ്ണം ?
  - **32**
  - **സുപ്രീംകോടതി ജഡ്ജിമാരുടെ പരമാവധി അംഗസംഖ്യ : 34**
- അപൂർവ നാടകീയതയ്ക്കൊടുവിൽ മദ്രാസ് ഹൈക്കോടതി അഡീഷണൽ ജഡ്ജിയായി നിയമിതയായത് ?
  - **വിക്ടോറിയ ഗൗരി**

- ഇന്ത്യൻ റെയിൽവേ അവതരിപ്പിക്കാനൊരുങ്ങുന്ന വന്ദേ ഭാരത് എക്സ്പ്രസ്സിന്റെ മിനി പതിപ്പ് ?
    - **വന്ദേ മെട്രോ**
- നാഷണൽ സ്കൂൾ ഓഫ് ഡ്രാമയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന ഭാരത് രംഗ് മഹോത്സവിന്റെ 22 ആം പതിപ്പ് ആരംഭിക്കുന്നത് ?
    - **2023 ഫെബ്രുവരി 14-26**
- കേന്ദ്ര സർക്കാർ ഒരു കോടിയിലധികം ജീവനക്കാർക്കും പെൻഷൻകാർക്കും ക്ഷാമബത്ത (DA) നിലവിലുള്ള 38% ൽ നിന്ന് എത്രയായാണ് ഉയർത്തുന്നത് ?
    - **42%**
- കർണാടക രാജ്യപുരസ്കാർ (2001), രാജ്യോത്സവ അവാർഡ് (2001), ബാംഗ്ലൂർ യൂണിവേഴ്സിറ്റി (2011) ഓണററി ഡോക്ടറേറ്റ് എന്നിവ ലഭിച്ചിട്ടുള്ള അടുത്തിടെ അന്തരിച്ച പ്രശസ്ത കലാകാരൻ ?
    - **ബി. കെ. എസ്. വർമ്മ (74)**
- കനറാബാങ്കിന്റെ പുതിയ മാനേജിങ് ഡയറക്ടറും സി.ഇ.ഒ.യുമായി നിയമിതനായത് ?
    - **കെ. സത്യനാരായണ രാജു**
- ഈ വർഷത്തെ തുഞ്ചൻ ഉത്സവം ഫെബ്രുവരി 16ന് ഉദ്ഘാടനം ചെയ്യുന്ന തമിഴ് എഴുത്തുകാരൻ ?
    - **പെരുമാൾ മുരുകൻ**

- ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത ബ്ലോക്ക് പഞ്ചായത്തായി മാറുന്നത്
    - **കിളിമാനൂർ, തിരുവനന്തപുരം**
- ഹൃദയം തുറക്കാതെ രക്തക്കുഴലുകളിൽ കൂടി കടത്തിവിടുന്ന ട്യൂബിലൂടെ ഹൃദയ വാൽവ് മാറ്റുന്ന നൂതന ശസ്ത്രക്രിയയുടെ പേര് ?
    - **ടാവി (Tawi)**
- അടുത്തിടെ ടാവി ശസ്ത്രക്രിയ വിജയകരമായി നടത്തിയത് ?
    - **കോട്ടയം മെഡിക്കൽ കോളേജ്**
- സൗദി അറേബ്യയിലെ ഡിജിറ്റൽ ബാങ്കിംഗ് മേഖലയിൽ ഓഹരി പങ്കാളിത്തം നേടുന്ന സൗദി പൗരൻ അല്ലാത്ത വ്യക്തി ആയത് ?
    - **എം. എ. യൂസഫലി**

- **പുതുതായി രൂപവത്കരിച്ച വിഷൻ ബാങ്കിന്റെ 10 % ഓഹരികളാണ് അദ്ദേഹത്തിന് നൽകിയത്.**

❖ ലോക ഓർക്കിഡ് ഹൈബ്രിഡുകളുടെ രജിസ്ട്രേഷൻ ചുമതലയുള്ള ഇംഗ്ലണ്ടിലെ റോയൽ ഹോർട്ടി കൾച്ചറൽ സൊസൈറ്റിയുടെ അംഗീകാരം ലഭിച്ച 2 ഓർക്കിഡ് ഇനങ്ങൾ ?
- **ഫലെനോപ്സിസ് ടൈഗർ സ്ട്രൈപ്സ്. ഫയോ കലാന്തേ പിങ്ക് സ്പ്ലാഷ്.**
- **വികസിപ്പിച്ചെടുത്തത്:: പാലോട് ജവാഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ, തിരുവനന്തപുരം**

❖ ദേശീയ ഐസ് ഹോക്കി ചാമ്പ്യൻഷിപ്പ് കിരീടം തുടർച്ചയായ മൂന്നാം തവണയും നേടിയത് ?
- **ITBP**

❖ സ്പോർട്സ്സ്റ്റാർ ഈസ്റ്റ് സ്പോർട്സ് കോൺക്ലേവ് 2023-ൽ എമർജിംഗ് ഹീറോഅവാർഡ് നേടിയ ഇന്ത്യൻ വനിതാ അണ്ടർ19 ക്രിക്കറ്റ് താരം ?
- **ടിറ്റാസ് സാധു**

❖ വനിതാ പ്രീമിയർ ലീഗിന്റെ (WPL) 2023-ന്റെ ഉദ്ഘാടന സീസൺ നടക്കുന്നത് ?
- **മാർച്ച് 4 മുതൽ 26 വരെ മുംബൈയിൽ**

❖ നേപ്പാൾ ദേശീയ ക്രിക്കറ്റ് ടീമിന്റെ മുഖ്യ പരിശീലകനായി നിയമിതനായ മുൻ ഇന്ത്യൻ താരം ?
- **മോണ്ടി ദേശായ്**

❖ 2023 ഫെബ്രുവരി 7ന് അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ഓസ്ട്രേലിയയുടെ ട്വന്റി20 ക്രിക്കറ്റ് ക്യാപ്റ്റൻ ?
- **ആരോൺ ഫിഞ്ച്**

❖ ഗ്രാമിപുരസ്കാരം നേടുന്ന ആദ്യ ട്രാൻസ് വനിത ?
- **കിം പെട്രാസ്**

❖ ഉപയോക്താവിന്റെ ചോദ്യങ്ങൾക്ക് സന്ദേശങ്ങളിലൂടെ ഉത്തരം നൽകി തരംഗമായ ചാറ്റ്ബോട്ട് ആയ ചാറ്റ് ജി.പി.ടി.യെ നേരിടാൻ ഗൂഗിൾ അവതരിപ്പിച്ച ചാറ്റ്ബോട്ട് ?
- **ബാർഡ്**
- **ഗൂഗിളിന്റെ ലാംഗ്വേജ് മോഡൽ ഫോർ ഡയലോഗ് ആപ്ലിക്കേഷൻസ് (ലാംഡാ) അടിസ്ഥാനമാക്കിയാണ് ബാർഡ് പ്രവർത്തിക്കുക.**

## FEB 9

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in

- നടപ്പു സാമ്പത്തിക വർഷത്തെ അവസാന പണനയ അവലോകനത്തിൽ റീപ്പോ നിരക്ക് കാൽ % ഉയർത്തി. നിലവിൽ റീപ്പോ നിരക്ക് ?
  - **6.5%**
  - **റിവേഴ്സ് റിപ്പോ നിരക്ക് - 3.35%**
- ബാങ്കുകളിൽ അധികം വരുന്ന പണം റിസർവ് ബാങ്കിൽ നിക്ഷേപിക്കാനുള്ള സംവിധാനമായ സ്റ്റാൻഡിങ് ഡെപ്പോസിറ്റ് ഫെസിലിറ്റിയുടെ (SDF) നിരക്ക് എത്ര ?
  - **6.25%**
- പണലഭ്യത കുറയുന്ന സമയത്ത് ബാങ്കുകൾക്ക് റിസർവ്ബാങ്കിൽ നിന്ന് അടിയന്തരമായി ലഭിക്കുന്നതിനുള്ള സംവിധാനമായ മാർജിനൽ സ്റ്റാൻഡിങ് ഫെസിലിറ്റി(MSF) നിരക്ക് എത്ര ?
  - **6.75%**
- പ്രധാനമന്ത്രി നരേന്ദ്രമോദി ബുധനാഴ്ച(ഫെബ്രുവരി8,2023) പാർലമെന്റ് സമ്മേളനത്തിനെത്തിയ ഇളംനീല നിറത്തിലുള്ള അപൂർവ ജാക്കറ്റിന്റെ പേര് ?
  - **സദ്രി ജാക്കറ്റ്**
  - **പ്ലാസ്റ്റിക് കുപ്പികൾ പുനഃചംക്രമണം ചെയ്ത് നിർമ്മിച്ച ജാക്കറ്റ് ബെംഗളൂരുവിൽ നടന്ന ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ ഊർജവാരം പരിപാടിയിൽ മോദിക്ക് സമ്മാനിച്ചു.**

- സംസ്ഥാനത്ത് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഏകദേശം 50,000 കോടി ₹യുടെ നിക്ഷേപം ആകർഷിക്കുകയും 4 ലക്ഷത്തിലധികം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഇന്ത്യയിലെ ആദ്യത്തെ പുതിയ മൊബിലിറ്റി ഫോക്കസ്ഡ് ക്ലസ്റ്റർ ആരംഭിച്ച സംസ്ഥാനം ?
  - **തെലങ്കാന**
- വയോജനങ്ങൾക്ക് സൗജന്യ തീർത്ഥാടന യാത്രകൾ സാധ്യമാക്കുന്ന മുഖ്യമന്ത്രി തീർത്ഥദർശൻ യോജന ആരംഭിച്ച സംസ്ഥാനം ?
  - **മധ്യപ്രദേശ്**
- സുപ്രീംകോടതിയിലോ ഹൈക്കോടതികളിലോ ഹാജരാകുമ്പോൾ മാത്രമേ അഭിഭാഷകർക്ക് കറുത്ത ഗൗൺ നിർബന്ധമുള്ളൂയെന്ന് അടുത്തിടെ പ്രസ്താവിച്ചത് ?
  - **മദ്രാസ് ഹൈക്കോടതി**

- ഫുഡ് ആൻഡ് അഗ്രികൾച്ചർ ഓർഗനൈസേഷൻ കോർപ്പറേറ്റ് സ്റ്റാറ്റിസ്റ്റിക്സ് ഡാറ്റാബേസ് (FAOSTAT) പ്രകാരം ആഗോള പാൽ ഉൽപാദനത്തിൽ 24% സംഭാവനയുമായി ഒന്നാം സ്ഥാനം നേടിയ രാജ്യം ?
  - **ഇന്ത്യ**
  - **ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം: ഉത്തർപ്രദേശ്**
- വിദേശത്ത് യുപിഐ പേയ്മെന്റുകൾ അനുവദിക്കുന്ന ആദ്യത്തെ ഇന്ത്യൻ ഫിൻടെക് പ്ലാറ്റ്ഫോം ?
  - **PhonePe**
- ഹാർവാർഡ് ലോ റിവ്യൂവിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ-അമേരിക്കൻ വനിത ?
  - **അപ്സര അയ്യർ**
- അടുത്തിടെ H5N1 പക്ഷിപ്പനി ബാധിച്ച് കടൽസിംഹങ്ങളും പെൻഗ്വിനുകളും ചത്തടിഞ്ഞത് ഏത് രാജ്യത്താണ് ?
  - **പെറു**
- ഇന്ത്യയും ജപ്പാനുമുൾപ്പെടെ ഒട്ടേറെ രാജ്യങ്ങളെ ലക്ഷ്യമിട്ട് ഒരുനിര ചാരബലൂണുകൾ ചൈന അയച്ചെന്ന് റിപ്പോർട്ട് ചെയ്തത് ?
  - **വാഷിങ്ടൺ പോസ്റ്റ്**
- മാർച്ച് 10 ന് ഇന്ത്യൻ തീയേറ്ററുകളിൽ എത്തുന്ന വിവാദ പാക് ചലച്ചിത്രം ?
  - **ജോയ്ലാൻഡ് (സംവിധാനം: സയിം സാദിഖ്)**
- ഭൂകമ്പം തകർത്ത തുർക്കിയെയിലേക്കുള്ള ഇന്ത്യൻ രക്ഷാപ്രവർത്തനം ?
  - **ഓപ്പറേഷൻ ദോസ്ത്**
- പഞ്ഞി മിഠായിയിൽ കാൻസറിന് കാരണമാകുന്ന റോഡമിൻ എന്ന രാസവസ്തു കണ്ടെത്തിയത് ?
  - **കൊല്ലം**
- കവയിത്രി സുഗതകുമാരിയുടെ സ്മരണാർഥം പ്രവർത്തിക്കുന്ന സുഗതവനം ചാരിറ്റബിൾ ട്രസ്റ്റിന്റെ പ്രതിഭാമരപ്പട്ടം അവാർഡ് ലഭിച്ച വിദ്യാർത്ഥിനി ?
  - **ലിഖിത ശ്രീകാന്ത്**
- തുർക്കിയെ ഭൂകമ്പത്തിൽ ഇരയായവരെ സഹായിക്കാൻ കേരള സർക്കാരിന്റെ ധനസഹായം ?
  - **10 കോടി ₹**

- ഹൈക്കോടതി ജഡ്ജി മാർക്ക് കൈക്കൂലി നൽകാനെ ന്ന പേരിൽ കക്ഷികളിൽനിന്ന് പണംവാങ്ങിയെന്ന കേസിലുൾപ്പെട്ട് കേരള ഹൈക്കോർട്ട് അഡ്വക്കേറ്റ്സ് അസോസിയേഷൻ പ്രസിഡന്റ് സ്ഥാനം രാജിവെച്ചത് ?
    - **അഡ്വ. സൈബി ജോസ്**
- പ്രഥമ വനിതാ ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ താരലേലം നടക്കുന്നത് ?
    - **ഫെബ്രുവരി 13**
- ട്വന്റി 20 വനിതാ ക്രിക്കറ്റ് ലോകകപ്പ് 2023 നടക്കുന്നത് ?
    - **ദക്ഷിണാഫ്രിക്ക**
- ക്രിക്കറ്റിന്റെ എല്ലാ ഫോർമാറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ച പാകിസ്ഥാൻ വിക്കറ്റ് കീപ്പർ ?
    - **കമ്രാൻ അക്മൽ**
- അമേരിക്കൻ എൻ.ബി.എ(നാഷണൽ ബാസ്ക്കറ്റ്ബോൾ അസോസിയേഷൻ) ലീഗിലെ എക്കാലത്തെയും മികച്ച സ്കോറർ എന്ന ചരിത്രനേട്ടത്തിനുടമയായത് ?
    - **ലെബ്രോൺ ജെയിംസ്**

## FEB 10

- ദേശീയ സെൻസസ് ദിനം ആയി ആചരിക്കുന്നത് ?
    - **ഫെബ്രുവരി 9**
- ലോക പയറുവർഗ്ഗ ദിനം (World Pulses Day) ആചരിക്കുന്നത് ?
    - **ഫെബ്രുവരി 10**
- ഈ വർഷത്തെ ലോക പയറുവർഗ്ഗ ദിനത്തിന്റെ പ്രമേയം ?
    - **Pulses for a Sustainable Future**
- സാമൂഹികനീതി വകുപ്പിന്റെ സഹകരണത്തോടെ നടക്കുന്ന ഇന്ത്യയിലെ ആദ്യ ദേശീയ ഭിന്നശേഷി കലോത്സവത്തിന്റെ പേര്, നടക്കുന്നത് ??
    - **സമ്മോഹൻ, തിരുവനന്തപുരം**
- സംസ്ഥാന കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ 65 മൂല്യവർധിത ഉൽപ്പന്നങ്ങൾ ആമസോൺ അടക്കമുള്ള ഓൺലൈൻ വിപണിയിൽ ലഭ്യമാക്കുന്നത് ഏത് ബ്രാൻഡ് നാമത്തിൽ ?
    - **കേരൾ അഗ്രോ**
- അടുത്തിടെ ഗവേഷകർ പശ്ചിമഘട്ടത്തിൽ നിന്നും പുതുതായി കണ്ടെത്തിയ സസ്യം ?
    - **ഹെഡിയോട്ടിസ് റിസർവേറ്റ**

- കേരള ക്ഷീര വികസന വകുപ്പിന്റെ ക്ഷീര സഹകാരി അവാർഡിന് അർഹനായത് ?
  - **ജെ. എസ്. സജു**
- ആധുനിക സാങ്കേതികവിദ്യയുടെ വികാസത്തിനനുസരിച്ച് നിയമസഭാ നടപടിക്രമങ്ങളിൽ വേഗതയും സുതാര്യതയും ഉറപ്പാക്കാൻ കേരള നിയമസഭ ആരംഭിച്ച ആപ്ലിക്കേഷൻ ?
  - **ഇ-നിയമസഭ ആപ്പ്**
- കേന്ദ്ര റോഡ് ഗതാഗത മന്ത്രി നിതിൻ ഗഡ്കരി അനാച്ഛാദനം ചെയ്ത സ്കൈ എയറിന്റെ (Skye Air) ഡ്രോണുകൾക്കായുള്ള ഇന്ത്യയിലെ ആദ്യത്തെ ട്രാഫിക് മാനേജ്മെന്റ് സിസ്റ്റം
  - **സ്കൈ UTM (Skye UTM)**
- നാണയങ്ങളുടെ വിതരണം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഏതാനും പ്രമുഖ ബാങ്കുകളുമായി സഹകരിച്ച് QR കോഡ് അടിസ്ഥാനമാക്കിയുള്ള കോയിൻ വെൻഡിംഗ് മെഷീൻ (QCVM) അവതരിപ്പിക്കുന്നത് ?
  - **റിസർവ് ബാങ്ക് ഓഫ് ഇന്ത്യ**
- പ്രമുഖ നടി ശ്രീദേവിയുടെ ജീവചരിത്രം "ശ്രീദേവി: ദി ലൈഫ് ഓഫ് എ ലെജൻഡ്" രചയിതാവ് ?
  - **ധീരജ് കുമാർ**
- ഉപയോക്താക്കൾക്ക് പ്രതിമാസം 900 ₹ നിരക്കിൽ വാങ്ങാനാകുന്ന 'നീല ശരി'(ബ്ലൂ ടിക്ക്) അടയാള പദ്ധതി ഇന്ത്യയിൽ ആരംഭിച്ചത് ?
  - **ട്വിറ്റർ**
- ചെറിയ ഉപഗ്രഹങ്ങൾ കുറഞ്ഞ ചെലവിൽ വിക്ഷേപിക്കുന്നതിന് ISRO രൂപകല്പനചെയ്ത സ്മോൾ സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റെ (SSLV-D2) രണ്ടാം വിക്ഷേപണം നടക്കുന്നത് ?
  - **2023 ഫെബ്രുവരി 10**
- SSLV-D2 ഭ്രമണപഥത്തിൽ എത്തിക്കുന്ന ഉപഗ്രഹങ്ങൾ ?
  - **ഐ.എസ്.ആർ.ഒ. നിർമിച്ച ഭൗമനിരീക്ഷണ ഉപഗ്രഹമായ ഇ.ഒ.എസ്.-07,**
  - **അമേരിക്കയിലെ അന്റാരിസ് നിർമിച്ച ജാനസ് വൺ,**
  - **ചെന്നൈയിലെ സ്പെയ്സ് കിഡ്സിന്റെ ആസാദി സാറ്റ്-2**
- ആസാദി സാറ്റ്- 2 ന്റെ നിർമാണത്തിൽ കേരളത്തിൽ നിന്ന് പങ്കാളികളായ സ്കൂളുകൾ ?
  - **അഴീക്കോട് കെ.എം. സീതിസാഹിബ് മെമ്മോറിയൽ ഹൈസ്ക്കൂൾ**

- **കണ്ണൂർ കോളയാട് സെയ്ന്റ് കൊർണേലിയൂസ് ഹയർ സെക്കൻഡറി സ്കൂൾ**

❖ ടെസ്റ്റ് ക്രിക്കറ്റിൽ അതിവേഗം 450 വിക്കറ്റുകൾ തികയ്ക്കുന്ന ഇന്ത്യൻ ബൗളറായത് ?

- **രവിചന്ദ്രൻ അശ്വിൻ**
- **89 ടെസ്റ്റിലാണ് അശ്വിന്റെ നേട്ടം.**
- **മറികടന്നത് 93 ടെസ്റ്റിൽ 450 വിക്കറ്റുകൾ തികച്ച അനിൽ കുംബ്ലെ യെ.**
- **80 മത്സരത്തിൽ 450 വിക്കറ്റെടുത്ത ശ്രീലങ്കൻ സ്പിന്നർ മുത്തയ്യ മുരളീധരനാണ് ഒന്നാമത്.**

❖ ഓസ്ട്രേലിയക്കെതിരായ മത്സരത്തിൽ വിക്കറ്റ് നേടിയതോടെ അന്താരാഷ്ട്ര ക്രിക്കറ്റിൽ എല്ലാ ഫോർമാറ്റുകളിലും കൂടി 400 വിക്കറ്റുകൾ തികച്ച ഇന്ത്യൻ പേസ് ബൗളർ ?

- **മുഹമ്മദ് ഷമി**
- **ഈ നേട്ടം കൈവരിച്ച അഞ്ചാമത്തെ ഇന്ത്യൻ പേസറാണ് ഷമി.**
- **(മറ്റ് 4 പേർ:: കപിൽദേവ്, സഹീർ ഖാൻ, ജവഗൽ ശ്രീനാഥ്, ഇഷാന്ത് ശർമ)**

❖ രാഷ്ട്രപതിയുടെ നയ പ്രഖ്യാപനത്തിനുള്ള നന്ദി പ്രമേയ ചർച്ചയിൽ ഉപാധ്യക്ഷയെന്ന നിലയിൽ രാജ്യസഭ നിയന്ത്രിച്ചു കൊണ്ട് നാമനിർദേശം ചെയ്യപ്പെട്ട എംപിമാരിൽ ഉപാധ്യക്ഷയാകുന്ന ആദ്യത്തെയാൾ ആയത് ?

- **പി.ടി. ഉഷ**

❖ തുർക്കിയെ, സിറിയ രാജ്യങ്ങളിലുണ്ടായ ഭൂകമ്പത്തിൽ എല്ലാം നഷ്ടപ്പെട്ട ജനങ്ങൾക്കുവേണ്ടി ധനശേഖരണത്തിനായി തന്റെ ജേഴ്സി ലേലത്തിൽ വെച്ചത് ?

- **ക്രിസ്ത്യാനോ റൊണാൾഡോ**

## FEB 11

❖ International Day of Women and Girls in Science ആചരിക്കുന്നത് ?

- **ഫെബ്രുവരി 11**

❖ 2023 ഫെബ്രുവരി 10-ന് 120-ാം ജന്മദിനത്തിൽ ഗൂഗിൾ ഡൂഡിലിലൂടെ ആദരിക്കപ്പെട്ട മലയാള സിനിമയിലെ ആദ്യ നായിക ?

- **പി.കെ. റോസി**

❖ 2022-ൽ ഏറ്റവുമധികം ആഭ്യന്തര വിനോദ സഞ്ചാരികളെത്തിയ കേരളത്തിലെ ജില്ല ?

- **എറണാകുളം**

- “അയിഷ" എന്ന മലയാള ചിത്രത്തിലെ പശ്ചാത്തല സംഗീതമൊരുക്കിയതിന് ഒമാൻ സർക്കാർ സംഘടിപ്പിച്ച സിനിമ ഇന്റർനാഷണൽ ഫെസ്റ്റിവലിൽ മികച്ച പശ്ചാത്തലസംഗീതത്തിനുള്ള പുരസ്കാരം നേടിയ മലയാള സംഗീത സംവിധായകൻ ?
  - **എം. ജയചന്ദ്രൻ**
- 2023 ഫെബ്രുവരിയിൽ ഇന്ത്യയിലെ ആദ്യ ട്രാൻസ് ജെൻഡർ മാതാപിതാക്കളായി മാറിയത് ?
  - **സിയ,സഹദ്**
- ഇന്ത്യയിലെ ആദ്യസമ്പൂർണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമാകാൻ കേരളം ഒരുങ്ങുന്നു. ഡിജി-കേരളത്തിന്റെ പ്രഖ്യാപനം നടക്കുന്നത് ?
  - **2024 ജനുവരി 1**
- ഡിജി-കേരളത്തിന്റെ മാതൃകയായ ഇന്ത്യയിൽ തന്നെ ആദ്യം സമ്പൂർണ ഡിജിറ്റൽ സാക്ഷരത നേടിയ തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്ത് ?
  - **പുല്ലമ്പാറ**
- ശ്രീകൃഷ്ണപുരം വി.ടി. ഭട്ടതിരിപ്പാട് കോളേജിലെ വി.ടി. അനുസ്മരണസമിതിയുടെ ഈ വർഷത്തെ വി.ടി. പുരസ്കാരം ലഭിച്ച കഥാകൃത്ത് ?
  - **മുണ്ടൂർ സേതു മാധവൻ**
  - **25,001 ₹യും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.**
- എസ്.എസ്.എൽ.വി.-ഡി 2 വിക്ഷേപിച്ചത് ?
  - **സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രം**
- എസ്.എസ്.എൽ.വി.-ഡി 2 ഭ്രമണപഥത്തിൽ എത്തിച്ച ചെന്നൈ ആസ്ഥാനമായ ബഹിരാകാശ സ്റ്റാർട്ടപ്പായ സ്പേസ് കിഡ്സിന്റെ ഉപഗ്രഹം ?
  - **ആസാദി സാറ്റ് 2**
- പ്രണയദിനമായ ഫെബ്രുവരി 14-ന് പശു ആലിംഗനദിനം ആഘോഷിക്കണമെന്ന വിവാദനിർദേശം പിൻവലിച്ചത് ?
  - **കേന്ദ്ര മൃഗസംരക്ഷണ ബോർഡ്**
- ഇന്ത്യയിൽ ആദ്യമായി ഗ്ലാസ് ഇഗ്ലു റെസ്റ്റോറന്റ് ആരംഭിച്ച സ്ഥലം ?
  - **ഗുൽമാർഗ്**
- രാജ്യത്ത് ആദ്യമായി ലിഥിയത്തിന്റെ വൻനിക്ഷേപം കണ്ടെത്തിയതായി കേന്ദ്രസർക്കാർ അറിയിച്ചത് ?
  - **ജമ്മുകശ്മീരിലെ റിയാസി ജില്ലയിൽ സലാൽ ഹൈമാനാ പ്രദേശത്ത്**

- 2023 ഫെബ്രുവരി 10 ന് രണ്ട് പുതിയ വന്ദേ ഭാരത് ട്രെയിനുകൾ മുംബൈയിൽ നിന്ന് ഫ്ലാഗ് ഓഫ് ചെയ്തത് ?
  - **നരേന്ദ്ര മോദി (മുംബൈ-സോലാപൂർ, മുംബൈ-സായ്നഗർ ഷിർദി)**
- സൂര്യനിൽ നിന്ന് വലിയൊരു ഭാഗം അടർന്നെന്നും അത് സൂര്യന്റെ ഉത്തരധ്രുവത്തിൽ ടൊർണാഡോയ്ക്ക് സമാനമായ ചുഴലിയുണ്ടാക്കിയെന്നും നിരീക്ഷിച്ചത് ?
  - **ജെയിംസ് വെബ് ടെലിസ്കോപ്പ് , നാസ**
- ശതകോടിക്കണക്കിനു വർഷങ്ങൾക്കു മുൻപ് ചൊവ്വയിൽ വെള്ളം ഒഴുകിയിരുന്നതിന്റെ ഏറ്റവും ശ്രദ്ധേയമായ തെളിവ് നൽകിയ നാസയുടെ റോവർ ?
  - **ക്യൂരിയോസിറ്റി**
  - **ജലപ്രവാഹം മൂലം ഗ്രഹോപരിതലത്തിലെ പാറകളിൽ തിരകൾ പോലുള്ള ഘടന രൂപപ്പെട്ടതാണ് കണ്ടെത്തിയത്.**
- മൂന്ന് ഓസ്കാറുകൾ നേടിയിട്ടുള്ള ഇതിഹാസ അമേരിക്കൻ പോപ്പ് സംഗീത സംവിധായകൻ അന്തരിച്ചു. പേര് ?
  - **ബർട്ട് ബച്ചാരാക് (94)**
- ഭൂകമ്പത്തിൽ തുർക്കിയെ ജിൻഡേരിസിൽ തകർന്നുവീണ നാലുനില ക്കെട്ടിടത്തിനടിയിൽ നിന്ന് ഖലീൽ അൽ സുവൻഡി എന്നയാൾ കണ്ടെത്തിയ ചോരക്കുഞ്ഞിന് നൽകിയ പേര് ?
  - **അയ ( അറബിയിൽ അദ്ഭുതമെന്ന് അർഥം. )**
- രണ്ടാമത് സംസ്ഥാന സെൻട്രൽ സ്കൂൾ അത്‌ലറ്റിക്സിൽ 151 പോയന്റോടെ ഓവറോൾ കിരീടം നേടിയത് ?
  - **എറണാകുളം**
  - **(2. തൃശൂർ ,3. തിരുവനന്തപുരം)**
- ദേശീയ വോളിബോൾ ചാമ്പ്യൻഷിപ്പ് വനിതാ കിരീടം തുടരെ അഞ്ചാം തവണയും നേടിയത് ?
  - **കേരളം**
- അൽ നസ്ർ ടീമിന് വേണ്ടി നാല് ഗോൾ നേടിയതോടെ ക്ലബ്ബ് ലീഗ് മത്സരങ്ങളിൽ 500 ഗോൾ എന്ന നേട്ടം കൈവരിച്ചത് ?
  - **ക്രിസ്റ്റ്യാനോ റൊണാൾഡോ**
  - **(സ്പോർട്ടിങ് ലിസ്ബൺ - 3, റയൽ മഡ്രിഡ് – 311, മാഞ്ചസ്റ്റർ യുണൈറ്റഡ്- 103, യുവന്റസ് -81,അൽ നസ്ർ -5)**

- ക്യാപ്റ്റനെന്ന നിലയിൽ ക്രിക്കറ്റിന്റെ എല്ലാ ഫോർമാറ്റിലും സെഞ്ചുറി നേടുന്ന ആദ്യ ഇന്ത്യൻ താരമായത് ?
    - **രോഹിത് ശർമ**
- ലോക ക്രിക്കറ്റിൽ എല്ലാ ഫോർമാറ്റിലും സെഞ്ചുറി നേടുന്ന നാലാമത്തെ ക്യാപ്റ്റനാണ് രോഹിത്. മറ്റുള്ളവർ ?
    - **ഫാഫ് ഡുപ്ലെസി, തിലകരത്നെ ദിൽഷൻ, ബാബർ അസം**
- ബോർഡർ -ഗാവസ്കർ ട്രോഫിയിൽ ഇന്ത്യയ്ക്കായി അരങ്ങേറ്റം കുറിച്ചത് ?
    - **സൂര്യ കുമാർ യാദവ് , ശ്രീകർ ഭരത്**

## FEB 12

- National Productivity Day ആയി ആചരിക്കുന്നത് ?
    - **ഫെബ്രുവരി 12**
- പെൺകുട്ടികൾക്ക് വേണ്ടി "ആരോഹിണി പഹൽ"എന്ന ട്രെയിനിംഗ് പ്രോഗ്രാം ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം ?
    - **ഉത്തർപ്രദേശ്**
- ജസ്റ്റിസ് രാജേഷ് ബിന്ദൽ, ജസ്റ്റിസ് അരവിന്ദ് കുമാർ എന്നിവരെ സുപ്രീം കോടതി ജഡ്ജിമാരായി നിയമിച്ച് കേന്ദ്ര സർക്കാർ. നിലവിൽ സുപ്രീംകോടതിയിലെ ജഡ്ജിമാരുടെ എണ്ണം ?
    - **34**
- ഉപഭോക്താക്കൾക്കായി 'ഇൻഷുറൻസ് മാൾ' പോർട്ടൽ ലോഞ്ച് ചെയ്ത സ്ഥാപനം ?
    - **ബജാജ് ഫിനാൻസ്**
- ആഗോള ഗുണനിലവാര അടിസ്ഥാനസൗകര്യ സൂചിക (GQII) 2021-ൽ അക്രെഡിറ്റേഷൻ സംവിധാനത്തിൽ ഇന്ത്യയുടെ സ്ഥാനം ?
    - **അഞ്ച്**
    - **184 രാജ്യങ്ങളിലെ ഗുണനിലവാരത്തെ അടിസ്ഥാനമാക്കി പുറത്തിറക്കിയ പട്ടികയിലാണ് ഇന്ത്യ അഞ്ചാമതായി ഇടം പിടിച്ചത്. ജർമനി, യു.എസ്., ചൈന, ഇറ്റലി എന്നീ രാജ്യങ്ങളാണ് യഥാക്രമം ആദ്യ നാലു സ്ഥാനങ്ങളിൽ.**
- മൊത്തത്തിലുള്ള ഗുണനിലവാര അടിസ്ഥാന സൗകര്യത്തിൽ ഇന്ത്യയുടെ സ്ഥാനം ?
    - **10**

- **സ്റ്റാൻഡഡൈസേഷൻ വിഭാഗത്തിൽ ഒമ്പതാം സ്ഥാനത്തും മെട്രോളജി സംവിധാനത്തിൽ 21-ാം സ്ഥാനത്തുമാണ് ഇന്ത്യ.**

❖ അമൃത്പെക്സ്-2023 ദേശീയ സ്റ്റാമ്പ് പ്രദർശനമേളയ്ക്ക് വേദിയായ നഗരം ?
- **ന്യൂഡൽഹി**

❖ തുർക്കി സിറിയ അതിർത്തിയിൽ തിങ്കളാഴ്ചയുണ്ടായ ഭൂകമ്പത്തിൽ കാണാതായ ഇന്ത്യക്കാരന്റെ മൃതദേഹം കണ്ടെത്തി. പേര് ?
- **വിജയ് കുമാർ ഗൗഡ്**

❖ നമീബിയയിലേക്കുള്ള ഇന്ത്യയുടെ പുതിയ ഹൈക്കമ്മീഷണർ ആയി നിയമിതനായത്
- **എം. സബ്ബറായിഡു**

❖ ആകാശത്ത് ഇന്ത്യയുടെ കരുത്ത് പ്രകടമാക്കുന്ന ഏഷ്യയിലെ ഏറ്റവും വലിയ വ്യോമപ്രദർശനമായ എയ്റോ ഇന്ത്യ 2023-ന് തുടക്കം കുറിക്കുന്നത് ?
- **ബെംഗളൂരു വ്യോമസേനാ താവളത്തിൽ ഫെബ്രുവരി 20ന്**

❖ മധ്യപ്രദേശിലെ കുനോ ദേശീയോദ്യാനത്തിലേക്ക് 12 ചീറ്റപ്പുലികൾ കൂടി എത്തുന്നത് ഏത് രാജ്യത്തു നിന്നും ആണ് ?
- **ദക്ഷിണാഫ്രിക്ക**

❖ ഗുജറാത്തിലെ സൂറത്തിലും കച്ചിലും ശനിയാഴ്ച(ഫെബ്രുവരി 11) നേരിയ ഭൂചലനം. തീവ്രത ?
- **റിക്ടർ സ്കെയിലിൽ 3.8**

❖ മിനിസ്ട്രി ഓഫ് ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജിയുടെ പങ്കാളിത്തത്തോടെ #DigitalSuraksha കാമ്പെയ്ൻ ആരംഭിച്ച സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം ?
- **മെറ്റ**

❖ കാർഷിക ഉൽപ്പാദനക്ഷമതയും കർഷകരുടെ വരുമാനവും വർധിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി ADB 130 മില്യൺ ഡോളർ വായ്പ അനുവദിച്ചത് ഏത് ഇന്ത്യൻ സംസ്ഥാനത്തിനാണ് ?
- **ഹിമാചൽ പ്രദേശ്**

❖ ഇറാന്റെ ആദ്യത്തെ ഭൂഗർഭ വ്യോമസേനാ താവളത്തിന്റെ പേര് ?
- **ഈഗിൾ 44 (ഓഗാബ് 44)**

❖ 2022 ലെ സംസ്ഥാന കഥകളി പുരസ്കാരം ലഭിച്ചത് ?
- **കലാമണ്ഡലം രാംമോഹൻ (ചുട്ടി)**

- 2022 ലെ പല്ലാവൂർ അപ്പുമാരാർ പുരസ്കാരം ലഭിച്ചത് ?
  - **പുലാപ്പറ്റ ബാലകൃഷ്ണൻ (മദ്ദളം)**
- 2022 ലെ കേരളീയ നൃത്തനാട്യ പുരസ്കാരം ലഭിച്ചത് ?
  - **അരവിന്ദ പിഷാരടി (കൃഷ്ണനാട്ടം)**
- ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിൽ ആൺകുട്ടികളുടെ ഫുട്ബോളിൽ സ്വർണം നേടിയത് ?
  - **കേരളം ( ഇതാദ്യമായാണ് കേരളം യൂത്ത് ഗെയിംസിൽ ഫുട്ബോൾ സ്വർണം നേടുന്നത്. )**
- കേരള ഒളിമ്പിക് അസോസിയേഷൻ ഭാരവാഹികളുടെ നേതൃത്വത്തിൽ തിരുവനന്തപുരം ആസ്ഥാനമായി നിലവിൽ വരുന്ന കായിക സഹകരണ സംഘം ?
  - **കേരള സ്പോർട്സ് അസോസിയേഷൻ മെമ്പേഴ്സ് വെൽഫയർ സൊസൈറ്റി**
- അടുത്തിടെ പ്രസിദ്ധീകരിക്കപ്പെട്ട "ഏതൊരു മനുഷ്യന്റെയും ജീവിതം" എന്ന പുസ്തകത്തിന്റെ രചയിതാവ് ?
  - **ബെന്യാമിൻ**
- 2023 ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിന് വേദിയാകുന്നത് ?
  - **ഓവൽ ക്രിക്കറ്റ് സ്റ്റേഡിയം, ഇംഗ്ലണ്ട്**
  - **ടെസ്റ്റ് ക്രിക്കറ്റിൽ ഒരു ഇന്നിങ്സിൽ 5 വിക്കറ്റ് നേടുന്ന**
- ഏറ്റവും പ്രായം കുറഞ്ഞ ഓസ്ട്രേലിയൻ താരം എന്ന നേട്ടം കൈവരിച്ചത് ?
  - **ടോഡ് മർഫി**
  - **2023 ഫെബ്രുവരിയിൽ ബോർഡർ -ഗാവസ്കർ ട്രോഫിയിൽ ഓസ്ട്രേലിയക്കായി അരങ്ങേറ്റം കുറിച്ച താരം.**
- അമ്പയർമാരുടെ അനുവാദമില്ലാതെ ഓയിന്റ്മെന്റ് ഉപയോഗിച്ചതിന് മാച്ച് ഫീയുടെ 25% പിഴയും ഒരു ഡീമെറിറ്റ് പോയന്റും ലഭിച്ച ഇന്ത്യൻ ക്രിക്കറ്റ് താരം ?
  - **രവീന്ദ്ര ജഡേജ**
- ടെസ്റ്റ് ക്രിക്കറ്റിൽ നാട്ടിൽ 25-ാം തവണയും അഞ്ച് വിക്കറ്റ് നേടി അനിൽ കുംബ്ലെയുടെ റെക്കോഡിന് ഒപ്പമെത്തിയത് ?
  - **രവിചന്ദ്രൻ അശ്വിൻ**

## FEB 13

- ഈ വർഷത്തെ ലോക റേഡിയോ ദിനത്തിന്റെ പ്രമേയം ?

- **റേഡിയോയും സമാധാനവും**
- **റേഡിയോ ദിനം - ഫെബ്രുവരി 13**

❖ കേരള ഗാന്ധി കെ.കേളപ്പന്റെ ആദ്യത്തെ പൂർണകായ പ്രതിമ ഒരുക്കിയത് ?

- **തവനൂർ കാർഷിക എൻജിനീയറിങ് കോളജിലെ കെ.കേളപ്പൻ സ്മാരക മന്ദിരത്തിൽ**

❖ അതിദരിദ്രരായ കിടപ്പുരോഗികൾക്ക് സൗജന്യ റേഷൻ വീട്ടിലെത്തിക്കാൻ ഭക്ഷ്യവകുപ്പ് തയ്യാറാക്കിയ പദ്ധതി ?

- **ഒപ്പം**

❖ ഒപ്പം പദ്ധതി തൃശ്ശൂരിലെ ഒല്ലൂരിൽ ഉദ്ഘാടനം ചെയ്യുന്നത് ?

- **ഭക്ഷ്യമന്ത്രി ജി.ആർ. അനിൽ**
- **തൃശ്ശൂരിലെ ഓട്ടോറിക്ഷാ തൊഴിലാളികളുടെ കൂട്ടായ്മയുടെ സഹകരണത്തോടെയാണ് പദ്ധതി. കിടപ്പുരോഗികൾക്കുള്ള റേഷൻ വിഹിതം ഓട്ടോ തൊഴിലാളികൾ സൗജന്യമായി വീട്ടിലെത്തിക്കും.**

❖ പ്രത്യക്ഷരക്ഷാ ദൈവസഭ സ്ഥാപകൻ പൊയ്കയിൽ ശ്രീകുമാര ഗുരുദേവന്റെ എത്രാമത് ജന്മദിനാഘോഷത്തിനാണ് ഫെബ്രുവരി 13 ന് ഇരവിപേരൂരിൽ തുടക്കമാവുന്നത് ?

- **145**

❖ വിദ്യാഭ്യാസത്തിനൊപ്പം തൊഴിലും കണ്ടെത്തുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിനായി കേരളത്തിൽ വിദ്യാഭ്യാസ, തൊഴിൽ വകുപ്പുകളുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന പദ്ധതി ?

- **കർമ്മചാരി**

❖ സമഗ്ര സംഭാവനയ്ക്കുള്ള അഞ്ചാമത് സത്യജിത് റേ പുരസ്കാരം ലഭിച്ച സംവിധായകൻ

- **കമൽ**

❖ ഈ വർഷം ഏർപ്പെടുത്തിയ സത്യജിത് റേ സാഹിത്യപുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടത് ?

- **ഡോ. ജോർജ് ഓണക്കൂർ**

❖ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ എം.ഡിയായി അടുത്തിടെ ചുമതലയേറ്റത് ?

- **അദീല അബ്ദുള്ള**

- ഇന്ത്യൻ പീപ്പിൾ തിയറ്റർ അസോസിയേഷൻ(IPTA) ഏർപ്പെടുത്തിയ പ്രഥമ വി. ടി ഭട്ടതിരിപ്പാട് സ്മാരക നാടക പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ആർട്ടിസ്റ്റ് സുജാതൻ**
- കേന്ദ്രസർക്കാർ ആരംഭിക്കുന്ന മന്തുരോഗ നിവാരണ ബോധവൽക്കരണ പരിപാടി ?
  - **സർവ്വ ദവാ സേവ**
- ഡൽഹി-മുംബൈ എക്സ്പ്രസ് വേയുടെ 246 കിലോമീറ്റർ നീളമുള്ള ആദ്യഘട്ടം രാജസ്ഥാനിലെ ദൗസയിൽ ഉദ്ഘാടനം ചെയ്തത് ?
  - **പ്രധാനമന്ത്രി നരേന്ദ്രമോദി**
- മുംബൈയിലെ ചർച്ച്ഗേറ്റിലെ ആസാദ് മൈതാനിയിൽ രാഷ്ട്രീയ സംസ്കൃതി മഹോത്സവ്- 2023 (RSM) ഉദ്ഘാടനം ചെയ്ത മഹാരാഷ്ട്ര ഗവർണർ ?
  - **ഭഗത് സിംഗ് കോഷിയാരി**
  - **ഇദ്ദേഹം പിന്നീട് രാജിവെച്ചു. പുതിയ മഹാരാഷ്ട്ര ഗവർണർ - രമേഷ് ബൈസ്**
- ആന്ധ്രാ ഗവർണർ ആകുന്ന അയോധ്യ വിധി പറഞ്ഞ ജസ്റ്റിസ് ?
  - **ജസ്റ്റിസ് എസ്. അബ്ദുൾ നസീർ**
- അമൃത്പെക്സ് 2023 - ദേശീയ ഫിലാറ്റലിക് എക്സിബിഷൻ ഉദ്ഘാടനം ചെയ്തത് ?
  - **അശ്വിനി വൈഷ്ണവ്,**
  - **ഡൽഹിയിലെ പ്രഗതി മൈതാനിയിൽ**
- 2023 ഫെബ്രുവരി 11ന് 2-ാമത് ഇന്ത്യൻ റൈസ് കോൺഗ്രസ് ഉദ്ഘാടനം ചെയ്തത് ?
  - **ദ്രൗപദി മുർമു , കട്ടക്ക്, ഒഡീഷ**
- എക്സ്റേ കണ്ടെത്തിയ വില്യം റോൺജന്റെ എത്രാമത്തെ ചരമവാർഷികം ആണ് അടുത്തിടെ ആചരിച്ചത് ?
  - **100**
- കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ സമഗ്ര സംഭാവനാ പുരസ്കാരം 2013 ൽ നേരിട്ടെത്തി ഏറ്റുവാങ്ങിയ വിഖ്യാത സ്പാനിഷ് സംവിധായകൻ അന്തരിച്ചു.പേര് ?
  - **കാർലോസ് സോറ (91)**
- 12-ാമത് ലോക ഹിന്ദി സമ്മേളനം 2023 ഫെബ്രുവരി 15 മുതൽ നടക്കുന്നത് ?
  - **ഫിജി**
- അത്ലറ്റുകളുടെ കഥപറഞ്ഞ ചാരിയറ്റ്സ് ഓഫ് ഫയർ' എന്ന ചിത്രത്തിലൂടെ വിഖ്യാതനായ ബ്രിട്ടീഷ് സംവിധായകൻ അന്തരിച്ചു. പേര് ?

- **ഹ്യൂ ഹഡ്സൺ(86)**

❖ അടുത്ത ബംഗ്ലാദേശ് പ്രസിഡന്റാകുന്നത് ?

- **മുഹമ്മദ് ഷഹാബുദ്ധീൻ ചുപ്പു**

❖ ഫൈനലിൽ ഏഷ്യൻ ചാമ്പ്യന്മാരായ അൽ ഹിലാലിനെ പരാജയപ്പെടുത്തി ക്ലബ്ബ് ലോകകപ്പ് ഫുട്ബോൾ കിരീടം നേടിയത് ?

- **റയൽ മഡ്രിഡ്**
- **അഞ്ചാംവട്ടമാണ് റയൽ ചാമ്പ്യന്മാരാകുന്നത്.**

❖ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിലെ റോവിങ്ങിൽ കേരളത്തിന്റെ നേട്ടം ?

- **മൂന്നു സ്വർണവും ഒരു വെങ്കലവും**

## FEB 14

❖ അന്താരാഷ്ട്ര അപസ്മാര ദിനം(International Epilepsy Day) ആചരിക്കുന്നത് ?

- **ഫെബ്രുവരിയിലെ രണ്ടാമത്തെ തിങ്കളാഴ്ച**
- **ഈ വർഷം ഫെബ്രുവരി 13**

❖ റിസർവ് ബാങ്ക് Financial Literacy week 2023 ആചരിക്കുന്നത് ?

- **ഫെബ്രുവരി 13-17**

❖ ഏത് നവോത്ഥാന നായകന്റെ 200-ാം ജന്മവാർഷികമാണ് 2023 ഫെബ്രുവരിയിൽ ആഘോഷിക്കപ്പെടുന്നത് ?

- **സ്വാമി ദയാനന്ദ സരസ്വതി**

❖ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ബലപ്പെടുത്തുന്നതിനായി മഹാബാങ്ക് നക്ഷത്ര എന്ന പേരിൽ സ്വകാര്യ ക്ലൗഡ് പ്ലാറ്റ്ഫോം ആരംഭിച്ച ബാങ്ക് ?

- **ബാങ്ക് ഓഫ് മഹാരാഷ്ട്ര**

❖ ഐസിഎഒ ഏവിയേഷൻ സേഫ്റ്റി ഓവർസൈറ്റ് റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം ?

- **55 ( നേരത്തെ ഇന്ത്യ 112 ആയിരുന്നു. )**

❖ 2022 ലെ മഹാരാഷ്ട്ര ഭൂഷൺ പുരസ്കാരം ലഭിച്ച സാമൂഹ്യ പ്രവർത്തകനും പരിഷ്കർത്താവുമായ വ്യക്തി ?

- **നിരുപങ്കർ ദത്താത്രേയ നാരായൺ ധർമ്മാധികാരി**
- **അപ്പാസാഹേബ് ധർമ്മാധികാരി എന്നും അറിയപ്പെടുന്നു.**

❖ ഗുജറാത്ത് ഹൈക്കോടതി ചീഫ് ജസ്റ്റിസായി നിയമിതയായത് ?

- **ജസ്റ്റിസ് സോണിയ ഗിരിധർ**

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram
GET IT ON Google Play
Subscribe
FREE PSC TALKZ.in

  - **ഇതോടെ നിലവിൽ രാജ്യത്തെ ഏക വനിതാ ഹൈക്കോടതി ചീഫ് ജസ്റ്റിസ് എന്ന വിശേഷണത്തിനും അർഹയായി.**
- അടുത്തിടെ(ഫെബ്രുവരി 11-12) ജി20 എംപവർ മീറ്റിംഗ് സംഘടിപ്പിച്ചത് ?
  - **ആഗ്ര, ഉത്തർപ്രദേശ്**
- ഭാവി സർക്കാരുകളെ രൂപപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ലോക ഗവൺമെന്റ് ഉച്ചകോടി 2023 ആരംഭിച്ചത് ?
  - **ദുബായ്**
- ബംഗ്ലാദേശിന്റെ 22-ാമത്തെ പ്രസിഡന്റാവുന്ന മുൻ ജഡ്ജി മുഹമ്മദ് ഷഹാബുദ്ദീൻ ചുപ്പു വിന്റെ പാർട്ടി ?
  - **അവാമി ലീഗ്**
- ഗബ്രിയേൽ ചുഴലിക്കാറ്റ് മൂലം ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്ന രാജ്യം ?
  - **ന്യൂസിലൻഡ്**
- ഓട്ടോ ഡ്രൈവർമാരെ ടൂറിസം അംബാസഡർമാരാക്കുക എന്ന ലക്ഷ്യത്തോടെ വയനാട്ടിൽ കേരള ടൂറിസം വകുപ്പ് ആരംഭിച്ച പദ്ധതി ?
  - **ടുക്ക് ടുക്ക് ടൂർ**
- 2023ലെ അക്ബർ കക്കട്ടിൽ അവാർഡ് ലഭിച്ചത് ?
  - **സുഭാഷ് ചന്ദ്രൻ (കൃതി - സമുദ്രശില) ( 50000 ₹യും പോൾ കല്ലാനോട് രൂപകല്പനചെയ്ത ശില്പവുമടങ്ങുന്നതാണ് പുരസ്കാരം. )**
- യു.എസിലെ നാഷണൽ അക്കാദമി ഓഫ് എൻജിനിയറിങ്ങിൽ (NAE) അംഗത്വം ലഭിച്ച ഐ.ഐ.ടി. മദ്രാസിലെ മലയാളി അധ്യാപകൻ ?
  - **പ്രൊഫ. ആർ.ഐ. സുജിത്ത്**
- മണ്ണുത്തി വെറ്റിനറി കോളേജിൽ സംഘടിപ്പിക്കപ്പെടുന്ന സംസ്ഥാന ക്ഷീര സംഗമത്തിന് നൽകിയിരിക്കുന്ന പേര് ?
  - **പടവ്**
- വിഖ്യാത ചിത്രകാരൻ വിൻസെന്റ് വാൻഗോഗിന്റെ പേരിൽ ലണ്ടനിലെ വാൻഗോഗ് ഹൗസ് ഏർപ്പെടുത്തിയ റസിഡൻസി അവാർഡിന് അർഹരായ മലയാളികൾ ?
  - **സാജൻ മണി, ടി.ആർ.ഉപേന്ദ്രനാഥ്**
- അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിലിന്റെ 2023 ജനുവരിയിലെ മികച്ച പുരുഷ താരമായി തിരഞ്ഞെടുക്കപ്പെട്ടത് ?
  - **ശുഭ്മാൻ ഗിൽ**

- **ഇംഗ്ലണ്ടിന്റെ അണ്ടർ 19 ക്യാപ്റ്റൻ ഗ്രെയ്സ് ഷിവെൻസാണ് വനിതാ താരം.**

❖ ക്രിക്കറ്റിന്റെ എല്ലാ ഫോർമാറ്റുകളിൽനിന്നും വിരമിച്ച 2019-ൽ ഇംഗ്ലണ്ടിനെ ആദ്യമായി ഏകദിന ലോകകപ്പ് വിജയത്തിലേക്ക് നയിച്ച ക്യാപ്റ്റൻ ?

- **ഒയിൻ മോർഗൻ**

❖ പ്രഥമ വനിതാ ഐ.പി.എൽ. താരലേലത്തിൽ ആദ്യം വിറ്റുപോകുന്ന താരമായത് ?

- **സ്മൃതി മന്ഥാന**
- **3.4 കോടി ₹ക്ക് റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ ആണ് സ്വന്തമാക്കിയത്.**

❖ പ്രഥമ വനിതാ ഐ.പി.എൽ. താരലേലത്തിൽ ഏറ്റവും കൂടുതൽ പ്രതിഫലം ലഭിക്കുന്ന താരം ?

- **സ്മൃതി മന്ഥാന**

❖ ഇന്ത്യൻ ക്യാപ്റ്റൻ ഹർമൻപ്രീത് കൗറിനെ താരലേലത്തിൽ 1.8 കോടി ₹യ്ക്ക് സ്വന്തമാക്കിയത് ?

- **മുംബൈ ഇന്ത്യൻസ്**

❖ ടി20 ലോകകപ്പിൽ കഴിഞ്ഞദിവസം പാകിസ്ഥാനെതിരേ തകർപ്പൻ ഇന്നിങ്സ് കളിച്ച ജെമീമ റോഡ്രിഗസിനെ സ്വന്തമാക്കിയ ഫ്രാഞ്ചൈസി ?

- **ഡൽഹി ക്യാപിറ്റൽസ്**
- **(2.2 കോടി ₹)**

❖ 30 ലക്ഷം ₹യ്ക്ക് ഡൽഹി ക്യാപിറ്റൽസ് സ്വന്തമാക്കിയ മലയാളി താരം ?

- **കേരള ഓൾറൗണ്ടർ മിന്നു മണി**

❖ 2023 മാർച്ചിൽ നടക്കുന്ന പ്രഥമ വനിതാ ഐ.പി.എല്ലിൽ പങ്കെടുക്കുന്ന ടീമുകൾ ?

- **5 (റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ, മുംബൈ ഇന്ത്യൻസ്, ഡൽഹി ക്യാപിറ്റൽസ്, യുപി വാരിയേഴ്സ്, ഗുജറാത്ത് ജയന്റ്സ്)**

❖ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന്റെ അഞ്ചാം പതിപ്പിൽ ജേതാക്കളായത് ?

- **മഹാരാഷ്ട്ര (2.ഹരിയാന)**

❖ 2023ലെ ഡാളസ് ഓപ്പണിൽ എടിപി ടൂർ കിരീടം നേടുന്ന ആദ്യ ചൈനക്കാരനായി മാറിയത് ?

- **വു യിബിംഗ് (23)**

## FEB 15

❖ 2022 ഫെബ്രുവരിയിൽ 35-ാം കേരള സയൻസ് കോൺഗ്രസിന്റെ പ്രധാന വിഷയം ?

- **നാനോ സയൻസും നാനോ ടെക്നോളജിയും മാനവക്ഷേമത്തിന്**

❖ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ.ഡി.) രജിസ്റ്റർ ചെയ്ത ലൈഫ് മിഷൻ കേസിൽ മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി വീണ്ടും അറസ്റ്റിലായി. പേര് ?
- **എം. ശിവശങ്കർ**

❖ 2023 ഫെബ്രുവരി 15 ന് ശതാഭിഷേകം ആഘോഷിക്കുന്ന മലയാള എഴുത്തുകാരൻ ?
- **സി. രാധാകൃഷ്ണൻ**

❖ മലയാളം മിഷൻ മാതൃഭാഷാ പുരസ്കാരങ്ങളിൽ മികച്ച ചാപ്റ്ററിനുള്ള കണിക്കൊന്ന പുരസ്കാരം(ഒരു ലക്ഷം ₹) നേടിയത് ?
- **മലയാളം മിഷൻ മുംബൈ ചാപ്റ്റർ**

❖ ഐ.ടി. മേഖലയിൽ തൊഴിലെടുക്കുന്നവരുടെ കലോത്സവം ഫെബ്രുവരി 15-മാർച്ച് 2 വരെ കൊച്ചിയിൽ. പേര് ?
- **തരംഗ് 2023**

❖ അടുത്തിടെ പുറത്തിറക്കിയ കേരള വനം വകുപ്പിന്റെ റിപ്പോർട്ട് പ്രകാരം കേരളത്തിലെ നാട്ടാനകളുടെ ശരാശരി പ്രായം ?
- **40 വയസ്**

❖ നാട്ടാനകൾ കൂടുതൽ ഉള്ള കേരളത്തിലെ ജില്ല ?
- **തൃശൂർ (നാട്ടാനകളില്ലാത്ത ജില്ലയാണ് കാസർഗോഡ്)**

❖ വാട്ട്സ്ആപ്പ് വഴി ഭക്ഷണം ഓർഡർ ചെയ്യാൻ ഇന്ത്യൻ റെയിൽവേ ആരംഭിച്ച സ്കീം ?
- **Zoop**

❖ 2023 ഫെബ്രുവരി 14 ന് സർവേയെന്ന പേരിൽ ആദായനികുതി വകുപ്പിന്റെ പരിശോധന നടത്തിയത് ?
- **ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിങ് കോർപ്പറേഷന്റെ (ബി.ബി.സി.) ഡൽഹി, മുംബൈ ഓഫീസുകളിൽ**

❖ അടുത്തിടെ പുറത്തിറക്കിയ അനധികൃത കൽക്കരി ഖനനം റിപ്പോർട്ട് ചെയ്യുന്നതിനുള്ള കൽക്കരി മന്ത്രാലയത്തിന്റെ മൊബൈൽ ആപ്പ് ?
- **ഖനൻ പ്രഹാരി**

❖ അനധികൃത ഖനനം തടയാൻ കൽക്കരി മന്ത്രാലയം നിർമ്മിച്ച വെബ് ആപ്ലിക്കേഷൻ ?
- **കൽക്കരി മൈൻ സർവൈലൻസ് ആൻഡ് മാനേജ്മെന്റ് സിസ്റ്റം (CMSMS).**

- ഇന്ത്യയിലെ ഏറ്റവും കർക്കശമായ മത്സരപ്പരീക്ഷകളിലെ കോപ്പിയിംഗ് വിരുദ്ധ നിയമം നിലവിൽ വന്ന സംസ്ഥാനം ?
    - **ഉത്തരാഖണ്ഡ്**
- 2023 ഫെബ്രുവരി 16ന് ന്യൂഡൽഹിയിലെ മേജർ ധ്യാൻചന്ദ് നാഷണൽ സ്റ്റേഡിയത്തിൽ ദേശീയ ആദി മഹോത്സവം ഉദ്ഘാടനം ചെയ്യുന്നത് ?
    - **നരേന്ദ്രമോദി**
- ഇന്ത്യയിലെ ആദ്യത്തെ ഇലക്ട്രിക് എസി ഡബിൾ ഡെക്കർ ബസ് ഉദ്ഘാടനം ചെയ്തത് ?
    - **മുംബൈ**
- അടുത്തിടെ ശാസ്ത്രജ്ഞന്മാർ കണ്ടെത്തിയ ഇതുവരെ കണ്ടെത്തിയതിൽ വെച്ച് ഏറ്റവും വലിയ ബ്ലാക് ഹോൾ ?
    - **Phoenix A**
- ജാപ്പനീസ് വാഹനനിർമാതാക്കളായ ടൊയോട്ടയെ അന്താരാഷ്ട്ര തലത്തിൽ മുൻനിരയിൽ എത്തിച്ച ടൊയോട്ടയുടെ ഓണററി ചെയർമാനായിരുന്ന വ്യക്തി അന്തരിച്ചു. പേര് ?
    - **ഷോയ്ചിറോ ടൊയോഡ (97)**
- 2024-ലെ യു.എസ്. പ്രസിഡന്റ് തിരഞ്ഞടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർഥിയാകുന്ന ഇന്ത്യൻ വംശജ ?
    - **നിക്കി ഹാലി**
- മെഡിറ്ററേനിയൻ ദ്വീപ് രാജ്യമായ സൈപ്രസിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട വ്യക്തി ?
    - **നിക്കോസ് ക്രിസ്റ്റോഡൗലിഡെസ്**
    - **സൈപ്രസ് പ്രസിഡന്റാകുന്ന പ്രായംകുറഞ്ഞയാളാണ് 49-കാരനായ നിക്കോസ്.**
- സൗദി അറേബ്യയുടെ ആദ്യ വനിതാ ബഹിരാകാശ സഞ്ചാരി ആകുന്നത് ?
    - **റെയ്ന ബർനാവി**
- ബ്രിട്ടണിലെ ചാൾസ് രാജാവിന്റെ കിരീടധാരണ ചടങ്ങിൽ രാജപത്നി കാമില കോഹിനൂർ രത്നം പതിച്ച കിരീടം അണിയില്ല.പകരം സമാനമായ രത്നം പതിച്ച ഏത് കിരീടം അണിയും എന്ന് ബക്കിങ്ഹാം കൊട്ടാരം അറിയിച്ചു. പേര് ?
    - **ക്വീൻ മേരി കിരീടം**

- അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റിൽ രണ്ട് വ്യത്യസ്ത രാജ്യങ്ങൾക്കായി അരങ്ങേറി സെഞ്ചുറി നേടുന്ന രണ്ടാമത്തെ താരം എന്ന നേട്ടം കൈവരിച്ചത് ?
    - **ഗാരി ബല്ലാൻസ്(ഇംഗ്ലണ്ട്, സിംബാബ്വെ)**
    - **ആദ്യ താരം :: കെപ്ലർ വെസൽസ്**
- ശിരോവസ്ത്രമില്ലാതെ അന്താരാഷ്ട്ര ചെസ് മത്സരത്തിൽ പങ്കെടുത്തതിനെത്തുടർന്ന് ഭീഷണി നേരിടുന്ന ഇറാനിയൻ ചെസ് താരം ?
    - **സാറാ ഖദെം**
- പ്രഥമ വനിതാ ഐ.പി.എൽ. ക്രിക്കറ്റിന് മാർച്ച് നാലിന് മുംബൈയിൽ തുടക്കമാകും. ഉദ്ഘാടന മത്സരം ആരെല്ലാം തമ്മിൽ ?
    - **ഗുജറാത്ത് ജയന്റ്സ്- മുംബൈ ഇന്ത്യൻസ്**

## FEB 16

- മഹാകവി വള്ളത്തോൾ നാരായണമേനോന്റെ പേരിൽ ചെയർ സ്ഥാപിക്കുന്ന സർവകലാശാല ?
    - **മലയാളം സർവകലാശാല**
- വനിതാ സംവിധായകരെ പ്രോത്സാഹിപ്പിക്കുന്നതിനായുള്ള കേരള സർക്കാരിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കപ്പെട്ട സിനിമ ?
    - **ഡിവോഴ്സ് (തിരക്കഥ, സംവിധാനം:: മിനി ഐ. ജി.)**

- കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഏർപ്പെടുത്തിയ മികച്ച ശാസ്ത്രജ്ഞനുള്ള പുരസ്കാരം ലഭിച്ചത് ?
    - **ഡോ. ബി. സാബുലാൽ**
    - **ജവഹർലാൽ നെഹ്റു ട്രോപിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ഫൈറ്റോ കെമിസ്ട്രി ആൻഡ് ഫൈറ്റോ ഫാർമക്കോളജി വിഭാഗം തലവനാണ്.**
- ഷഡ്പദ എന്റമോളജി റിസർച്ച് ലാബ്, ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ് എന്നിവിടങ്ങളിലെ ഗവേഷകർ കേരളത്തിൽ കണ്ടെത്തിയ പുതിയ ഇനം കുയിൽ തേനീച്ച 🐝 യ്ക്ക് നൽകിയ പേര് ?
    - **കുക്കു ബീ വിഭാഗത്തിൽപ്പെട്ട തൈറിസ് നരേന്ദ്രാനി.**

- **മലപ്പുറം ജില്ലയിലെ കോൾ നിലമായ സ്രായിൽക്കടവിൽ നിന്നും ഇരിങ്ങാലക്കുട കോളജ് കാമ്പസിൽ നിന്നുമാണ് പുതിയ സ്പീഷീസിനെ കണ്ടെത്തിയത്.**

❖ സംസ്ഥാനത്തെ മികച്ച പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫിക്ക് അർഹമായത് ?
- **എറണാകുളം ജില്ലയിലെ മുളന്തുരുത്തി പഞ്ചായത്ത്**
- **(2. പാപ്പിനിശേരി (കണ്ണൂർ), 3. മരങ്ങാട്ടുപിള്ളി (കോട്ടയം))**

❖ മികച്ച ജില്ലാ പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി നേടിയത് ?
- **കൊല്ലം (2. കണ്ണൂർ)**

❖ മികച്ച മുനിസിപ്പാലിറ്റിയ്ക്കുള്ള സ്വരാജ് ട്രോഫി നേടിയത് ?
- **തിരൂരങ്ങാടി**
- **(2. വടക്കാഞ്ചേരി ,3. സുൽത്താൻ ബത്തേരി )**

❖ മികച്ച ബ്ലോക്ക് പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി നേടിയത് ?
- **പെരുമ്പടപ്പ്**
- **(2. കൊടകര, 3.നെടുമങ്ങാട്)**

❖ മികച്ച മുനിസിപ്പൽ കോർപ്പറേഷൻ ആയി തിരഞ്ഞെടുക്കപ്പെട്ടത് ?
- **തിരുവനന്തപുരം നഗരസഭ**

❖ എയ്റോ ഇന്ത്യ ഷോയിൽ പ്രദർശിപ്പിക്കപ്പെട്ട പറക്കാൻ കഴിയുന്ന എൻജിൻ ഘടിപ്പിച്ച ജെറ്റ്പാക്ക് സ്യൂട്ട് നിർമ്മിച്ച ബെംഗളൂരു കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനി ?
- **അബ്സൊല്യൂട്ട് കോംപോസൈറ്റ് പ്രൈവറ്റ് ലിമിറ്റഡ്**

❖ 2023 ലെ അന്താരാഷ്ട്ര മാതൃഭാഷാ അവാർഡ് ലഭിച്ച പ്രമുഖ ഭാഷാ പണ്ഡിതൻ ?
- **ഡോ. മഹേന്ദ്രകുമാർ മിശ്ര**

❖ ഇന്ത്യ-ചൈന അതിർത്തിപ്രദേശങ്ങളിലേക്ക് തന്ത്രപ്രധാന നീക്കങ്ങൾക്ക് ഏതു കാലാവസ്ഥയിലും വഴിയൊരുക്കുന്നതിന് കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയ തുരങ്ക പദ്ധതി ?
- **ഷിങ്കുലാ തുരങ്കം, 4.1 Km നീളം, 1681കോടി ₹**

❖ വടക്കൻ സംസ്ഥാനങ്ങളിലെ രാജ്യാതിർത്തിയിലുള്ള ഗ്രാമങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുള്ള പദ്ധതി ?
- **വൈബ്രന്റ് വില്ലേജസ്**

- ലഗാൻ എന്ന ചിത്രത്തിന് 2001-ൽ മികച്ച നടനുള്ള അക്കാദമി അവാർഡിന് നാമനിർദ്ദേശം ചെയ്യപ്പെട്ട പ്രശസ്ത നടൻ അടുത്തിടെ അന്തരിച്ചു.പേര് ?
    - **ജാവേദ് ഖാൻ അംരോഹി (73)**
- അടുത്തിടെ ചെന്നൈയിൽ സമാപിച്ച നാഷണൽ സെക്യൂരിറ്റി ഗാർഡും യുഎസ് സ്പെഷ്യലും ചേർന്നുള്ള സംയുക്ത അഭ്യാസം ?
    - **TARKASH**
- അടുത്തിടെ ലോകാരോഗ്യ സംഘടന മാർബർഗ് രോഗം സ്ഥിരീകരിച്ച രാജ്യം ?
    - **ഇക്വറ്റോറിയൽ ഗിനിയ**
- എ 350, എ 320, എ 220 വിഭാഗങ്ങളിൽപ്പെട്ട 250 വിമാനങ്ങൾ വാങ്ങുന്നതോടെ വ്യോമയാന ചരിത്രത്തിലെ ഏറ്റവും വലിയ ഒറ്റത്തവണ വാങ്ങൽ കരാർ ഒപ്പിടുന്നത് ?
    - **എയർ ബസ് & എയർ ഇന്ത്യ**
- 2014 മുതൽ സ്കോട്ലൻഡിന്റെ ഫസ്റ്റ് മിനിസ്റ്ററായ വ്യക്തി രാജി വെച്ചു. പേര് ?
    - **നിക്കൊള സ്റ്റർജൻ (പാർട്ടി : സ്കോട്ടിഷ് നാഷണൽ പാർട്ടി )**
- ഇന്ത്യയിലെ ആദ്യ Frozen Lake Marathon നടക്കുന്നത് ?
    - **ലഡാക്കിലെ പാംഗോങ് തടാകത്തിൽ**
- ട്വന്റി 20 ക്രിക്കറ്റിൽ 100 വിക്കറ്റ് തികയ്ക്കുന്ന ആദ്യ ഇന്ത്യൻ ബൗളറായത് ?
    - **ദീപ്തി ശർമ**
    - **പുരുഷ താരങ്ങളിൽ മുന്നിൽ യുസ്വേന്ദ്ര ചാഹൽ (91 വിക്കറ്റ് )**
- ഐസിസിയുടെ ടെസ്റ്റ് ബൗളിങ് റാങ്കിങ്ങിൽ രണ്ടാമത് എത്തിയ ഇന്ത്യൻ താരം ?
    - **R. അശ്വിൻ**

- പ്രഥമ വനിതാ ഐ.പി.എൽ. ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ ടീമിന്റെ ഉപദേശക ആവുന്ന ടെന്നീസ് താരം ?
    - **സാനിയ മിർസ**

## FEB 17

- അടുത്തിടെ സ്തുത്യർഹ സേവനത്തിന് രാഷ്ട്രപതിയുടെ പ്രസിഡന്റ്സ് കളർ ബഹുമതി നേടിയത് ?
    - **ഹരിയാന പോലീസ്**
- One Family One Identity എന്ന പോർട്ടൽ ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം ?
    - **ഉത്തർപ്രദേശ്**

- അടുത്തിടെ പ്രധാനമന്ത്രി നരേന്ദ്ര മോദി ജൽ ജൻ അഭിയാൻ ഉദ്ഘാടനം ചെയ്തത് ?
  - **സിരോഹി ജില്ല, രാജസ്ഥാൻ**
- അടുത്തിടെ ടാൻസ വന്യജീവി സങ്കേതത്തിൽ ആദ്യമായി പക്ഷി സർവ്വേ നടത്തി. ടാൻസ വന്യജീവി സങ്കേതം സ്ഥിതി ചെയ്യുന്നത് ?
  - **മഹാരാഷ്ട്ര**
- നാഗർഹോളെ കടുവാ സങ്കേതത്തിൽ അടുത്തിടെ നടത്തിയ പക്ഷി സർവ്വേയിൽ ഏതാനും ദേശാടന പക്ഷികൾ ഉൾപ്പെടെ എത്ര തരം പക്ഷികളെ ആണ് രേഖപ്പെടുത്തിയത് ?
  - **290**
- ആദ്യ G20 കൾച്ചർ ഗ്രൂപ്പ് മീറ്റിംഗ് നടക്കുന്നത് ?
  - **ഖജുരാഹോ, മധ്യപ്രദേശ്, 2023 ഫെബ്രുവരി 22 മുതൽ 25 വരെ**
- ഇന്ത്യയിലെ ആദ്യ ദേശീയ മെട്രോ റെയിൽ നോളജ് സെന്റർ രൂപകല്പന ചെയ്യുന്നത് ?
  - **ഡൽഹി**
- നെതർലൻഡ്സ് ആസ്ഥാനമായുള്ള ലൊക്കേഷൻ ടെക്നോളജി കമ്പനിയായ 'ടോം ടോം' സർവേ പ്രകാരം ലോകത്ത് ഏറ്റവും കൂടുതൽ വാഹന ഗതാഗതക്കുരുക്കുള്ള നഗരങ്ങളിൽ രണ്ടാം സ്ഥാനത്ത് എത്തിയത് ?
  - **ബെംഗളൂരു(1.ലണ്ടൻ,.. 6.പൂനെ,..34.ഡൽഹി,.. 47.മുംബൈ )**
  - **2022-ൽ ബെംഗളൂരുവിൽ 10km സഞ്ചരിക്കാൻ ശരാശരി 20 മിനിറ്റും 10സെക്കൻഡുമാണ് വേണ്ടതെന്ന് സർവ്വേ.**

- ജപ്പാനിലെ നിവാനോ പീസ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ സമാധാന സമ്മാനം നേടിയ ഏകതാ പരിഷത് സ്ഥാപകനും പ്രമുഖ ഗാന്ധിയനുമായ വ്യക്തി ?
  - **പി. വി. രാജഗോപാൽ**
  - **(2 കോടി യെൻ ആണ് പുരസ്കാരത്തുക)**
- ഇന്ത്യയുടെ G20 പ്രസിഡൻസി ആഘോഷിക്കുന്നതിനായി G20-തീം QR കോഡ് അവതരിപ്പിച്ചത് ?
  - **PayTM**
- ഗുജറാത്തിൽ ബനസ്ക്കന്ധ ജില്ലയിലെ രണ്ടുഗ്രാമങ്ങളിൽ കഴിഞ്ഞ ഓഗസ്റ്റ് 17-ന് സന്ധ്യക്ക് ആകാശത്തുനിന്ന് പതിച്ചത് അപൂർവ ഉൽക്കാശിലകളിൽ ഏത് ഗ്രഹോപരിതലത്തിലെ സാമ്യത ആണ് ഗവേഷകൻ കണ്ടെത്തിയത് ?

- **ബുധൻ**

❖ എയ്റോ ഇന്ത്യ യുദ്ധവിമാനങ്ങളും ഹെലികോപ്റ്ററുകളും നടത്തിയ ആകാശ വിസ്മയം 12,000 അടി ഉയരത്തിൽനിന്ന് പകർത്തിയ ഇന്ത്യ തദ്ദേശീയമായി നിർമിച്ച ആളില്ലാ വിമാനം ?

- **തപസ് ബി. എച്ച്. 201**
- **തപസ്- ടാക്ടിക്കൽ ഏരിയൽ പ്ലാറ്റ്ഫോം ഫോർ അഡ്വാൻസ്ഡ് സർവിലിയൻസ്**

❖ വ്യാജപ്രചാരണ പരിപാടികളുമായി ഇന്ത്യ ഉൾപ്പെടെ 30 രാജ്യങ്ങളിലെ തിരഞ്ഞെടുപ്പിൽ ഇടപെട്ടതായി ബ്രിട്ടീഷ് മാധ്യമമായ ദി ഗാർഡിയൻ കണ്ടെത്തിയ ഇസ്രയേൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഘം ?

- **ടീം ഹോർഹെ**
- **മുൻ സൈനിക ഉദ്യോഗസ്ഥനായ താൽ ഹനാനാണ് തലവൻ. അഡ്വാൻസ്ഡ് ഇംപാക്റ്റ് മീഡിയ സൊല്യൂഷൻസ്' (എയിംസ്) എന്ന സോഫ്റ്റ്വേർ ഉപയോഗിച്ചാണ് പ്രവർത്തനം.**

❖ കാലാവധി അവസാനിക്കാൻ ഒരുവർഷം ബാക്കിയുള്ളപ്പോൾ രാജിവെച്ച ലോകബാങ്ക് പ്രസിഡന്റ് ?

- **ഡേവിഡ് മൽപ്പാസ്**

❖ അൽ ഖായിദയുടെ പുതിയ തലവനായി ചുമതലയേറ്റ ഈജിപ്തിന്റെ മുൻ പ്രത്യേക സേനാ ഓഫീസർ ?

- **സെയ്ഫ് അൽ അദേൽ**

❖ 2023 ഫെബ്രുവരിയിൽ പാകിസ്ഥാനിലെ ആദ്യ ഹിന്ദു വനിതാ സിവിൽ സർവീസ് ഉദ്യോഗസ്ഥയായി ചുമതലയേറ്റത് ?

- **സന രാംചന്ദ് ഗുൽവാനി**

❖ ഹോളിവുഡ് സിനിമകളിൽ ആക്ഷൻ നായികമാരുടെ വരവിന് തുടക്കം കുറിച്ച അമേരിക്കൻ മോഡലും നടിയുമായ വ്യക്തി അന്തരിച്ചു. പേര് ?

- **റാക്വൽ വെൽച്ച് (82)**

❖ 100 ടെസ്റ്റ് കളിക്കുന്ന 13 ആമത്തെ ഇന്ത്യൻ താരമാകുന്നത് ?

- **ചേതേശ്വർ പൂജാര**

- 1962 ഏഷ്യൻ ഗെയിംസ് ഫുട്ബോളിൽ സ്വർണമെഡൽ നേടിയ ഇന്ത്യൻ ടീമിലും 1960-ലെ റോം ഒളിമ്പിക്സിൽ കളിച്ച ദേശീയ ടീമിലും അംഗമായിരുന്ന ഇന്ത്യൻ ഫുട്ബോൾ താരം അന്തരിച്ചു. പേര് ?
    - **തുളസിദാസ് ബൽറാം (87)**
- ടെസ്റ്റ് റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്ത് എത്തിയത് ?
    - **ഓസ്ട്രേലിയ (2. ഇന്ത്യ )**
- ട്വന്റി 20 ക്രിക്കറ്റിൽ പാകിസ്ഥാനുവേണ്ടി സെഞ്ചുറി നേടുന്ന ആദ്യ വനിതയായത് ?
    - **മുനീബാ അലി**
    - **ട്വന്റി 20 വനിതാ ലോകകപ്പിൽ അയർലൻഡിനെതിരേയാണ് മുനീബയുടെ നേട്ടം. 68 പന്ത് നേരിട്ട മുനീബ 102 റൺസ് നേടി.**

## FEB 18

- ലോക നരവംശശാസ്ത്ര ദിനമായി ആചരിക്കുന്നത് ?
    - **എല്ലാ വർഷവും ഫെബ്രുവരിയിലെ മൂന്നാമത്തെ വ്യാഴാഴ്ച,**
    - **2023-ഫെബ്രുവരി 16**
- അടുത്തിടെ അന്തരിച്ച മലയാള ചലച്ചിത്ര, സീരിയൽ നടൻ ?
    - **കാലടി ജയൻ**
- കേരള ജല അതോറിറ്റിയുടെ ചെയർമാനായി നിയമിതനായ വ്യക്തി ?
    - **അശോക് കുമാർ സിംഗ്**
- മഹാത്മാ പുരസ്കാരത്തിൽ മികച്ച കോർപ്പറേഷൻ ആയത് ?
    - **കൊല്ലം കോർപ്പറേഷൻ**
- മഹാത്മാ പുരസ്കാരത്തിൽ മികച്ച മുനിസിപ്പാലിറ്റി ആയത് ?
    - **വടക്കാഞ്ചേരി**
- മഹാത്മാ പുരസ്കാരത്തിൽ മികച്ച ഗ്രാമ പഞ്ചായത്ത് ആയത് ?
    - **കള്ളിക്കാട്, തിരുവനന്തപുരം**
- മഹാത്മാ പുരസ്കാരത്തിൽ മികച്ച ബ്ലോക്ക് പഞ്ചായത്ത് ആയത് ?
    - **പെരുങ്കടവിള, തിരുവനന്തപുരം**
- കേരള സംസ്ഥാന പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറായി നിയമിതനായത് ?
    - **വി. പി. സുബ്രഹ്മണ്യൻ**
- ലഹരി വിരുദ്ധ സന്ദേശവുമായി മഹാത്മാഗാന്ധി സർവകലാശാല നിർമിച്ച സിനിമ ?

- **ട്രിപ്**

❖ സ്ത്രീകളിൽ അനീമിയ ഒരു രോഗമായി വളരുന്നു എന്ന ദേശീയ കുടുംബരോഗ്യ സർവേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ തുടക്കം കുറിച്ച പദ്ധതി ഏതാണ്, ഉദ്ഘാടനം ചെയ്യുന്നത് ?

- **വിവ (വിളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് ), 2023 ഫെബ്രുവരി 18, പിണറായി വിജയൻ**

❖ 'നാളെയുടെ പദാർത്ഥം' എന്ന വിശേഷണമുള്ള ഗ്രാഫീനിന്റെ വ്യാവസായികോത്പാദനത്തിന് കേരളത്തിൽ തുടക്കം കുറിച്ചത് ?

- **പ്രമുഖ വ്യവസായ ഗ്രൂപ്പായ മുരുഗപ്പയുടെ കീഴിലുള്ള കൊച്ചിയിലെ കാർബോറാണ്ടം യൂണിവേഴ്സൽ**

❖ അടുത്തിടെ അന്തരിച്ച ലളിത ലാജ്മി ഏത് മേഖലയിൽ പ്രശസ്തയായ വ്യക്തി ആയിരുന്നു ?

- **ചിത്രകല**

❖ 2021-22 ഡിജിധൻ അവാർഡിന് കീഴിൽ 'പ്രതിഷ്ഠാ പുരസ്കാരം' ലഭിച്ച ബാങ്ക് ?

- **കർണാടക ബാങ്ക്**

❖ കരസേനയുടെ പുതിയ ഉപമേധാവിയായി നിയമിതനായത് ?

- **ലെഫ്. ജനറൽ എം.വി സുചിന്ദ്രകുമാർ**

❖ ശാരീരികവും മാനസികവുമായ ആരോഗ്യം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ആരോഗ്യ മന്ത്രാലയം 'സൈക്കിൾ ഫോർ ഹെൽത്ത്' സൈക്ലത്തോൺ സംഘടിപ്പിച്ചത് ?

- **ന്യൂഡൽഹി**

❖ സൈബർ സുരക്ഷയും സൈബർ കുറ്റകൃത്യങ്ങളും നേരിടുന്നതിനുള്ള നൂതന ആശയങ്ങളും സാങ്കേതിക പരിഹാരങ്ങളും തിരിച്ചറിയുന്നതിനായി KAVACH-2023 ഹാക്കത്തോൺ ആരംഭിച്ചത് ?

- **ന്യൂഡൽഹി**

❖ 2023 ഫെബ്രുവരി 17 മുതൽ മാർച്ച് 2 വരെ ജപ്പാനിലെ ഷിഗാ പ്രിഫെക്ചറിലെ ക്യാമ്പ് ഇമാസുവിൽ നടക്കുന്ന ഇന്ത്യയും ജപ്പാനും തമ്മിലുള്ള സംയുക്ത സൈനികാഭ്യാസം ?

- **ധർമ്മ ഗാർഡിയൻ**

❖ ആധാർ മിത്ര എന്ന ചാറ്റ്ബോട്ട് പുറത്തിറക്കിയത് ?

- **UIDAI**

- ആർത്തവ അവധി നൽകുന്നതുമായി ബന്ധപ്പെട്ട നിയമം പാസാക്കുന്ന ആദ്യ യൂറോപ്യൻ രാജ്യം ?
  - **സ്പെയിൻ**
- യൂട്യൂബിന്റെ പുതിയ സിഇഒ ആയി നിയമിതനായ ഇന്ത്യൻ-അമേരിക്കൻ വംശജൻ ?
  - **നീൽ മോഹൻ**
- പിങ്ക് ബോൾ ടെസ്റ്റിൽ സെഞ്ചുറി നേടുന്ന ആദ്യ വിക്കറ്റ് കീപ്പറായി മാറിയത് ?
  - **ടോം ബ്ലണ്ടൽ, ന്യൂസീലൻഡ്**
  - **ഇംഗ്ലണ്ടിനെതിരെ നടന്ന ടെസ്റ്റിലാണ് ഈ നേട്ടം കൈവരിച്ചത്.**
- ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ 16-ാം എഡിഷന് തുടക്കമാവുന്നത് ?
  - **മാർച്ച് 31**
  - **(ആദ്യ മത്സരം : ചെന്നൈ സൂപ്പർ കിംഗ്സ് & ഗുജറാത്ത് ടൈറ്റൻസ് )**
- സീ ന്യൂസിന്റെ ഒളിക്യാമറ ഓപ്പറേഷനിൽ കുടുങ്ങി രാജിവെച്ച ഇന്ത്യൻ ക്രിക്കറ്റ് ടീം സെലക്ഷൻ കമ്മിറ്റി ചെയർമാൻ ?
  - **ചേതൻ ശർമ**
- ടെസ്റ്റ് ക്രിക്കറ്റിൽ അതിവേഗം 250 വിക്കറ്റും 2500 റൺസും തികയ്ക്കുന്ന ഇന്ത്യൻ ഓൾറൗണ്ടറായത് ?
  - **രവീന്ദ്ര ജഡേജ (62 ടെസ്റ്റുകളിൽ നിന്ന് )**
  - **മറികടന്നത് 65 ടെസ്റ്റുകളിൽ നിന്ന് ഈ നേട്ടം കൈവരിച്ച കപിൽ ദേവിനെ**

## FEB 19

- ഒരു പ്രദേശത്തിന്റെ ജലത്തിന്റെ ലഭ്യതയും വിനിയോഗവും അടിസ്ഥാനമാക്കി തയ്യാറാക്കുന്ന **രേഖ ?**
  - **ജല ബജറ്റ്**
- ഇന്ത്യയിൽ ആദ്യമായി എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ജല ബജറ്റ് തയ്യാറാക്കുന്ന സംസ്ഥാനമാകുന്നത് ?
  - **കേരളം**
- നെല്ല് സംഭരണത്തിലെ അഴിമതി അന്വേഷിക്കുന്നതിനായി വിജിലൻസ് സംസ്ഥാന വ്യാപകമായി നടത്തിയ പരിശോധന ?

- **ഓപ്പറേഷൻ റൈസ് ബൗൾ**

❖ നഗരപ്രദേശങ്ങളിലെ അപ്രതീക്ഷിത ആക്രമണങ്ങൾ തടയാനായുള്ള കേരള പോലീസ് പദ്ധതി ?
- **അവഞ്ചേഴ്‌സ്**

❖ കേരള മുഖ്യമന്ത്രി പദവിയിൽ ഏറ്റവും കൂടുതൽ ദിവസം ഇരുന്നവരുടെ പട്ടികയിൽ നാലാമത് എത്തിയത് ?
- **പിണറായി വിജയൻ**
- **മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ 2459 ദിവസത്തെ റെക്കോഡാണ് മറികടന്നത്.**

❖ ഗുരുവായൂർ ദേവസ്വത്തിന്റെ ഇത്തവണത്തെ ജ്ഞാനപ്പാന പുരസ്കാരം ലഭിച്ച കവി ?
- **വി. മധുസൂദനൻ നായർ**
- **50,001 ₹യും ഗുരുവായൂരപ്പന്റെ രൂപം ആലേഖനം ചെയ്ത പത്തു ഗ്രാം സ്വർണപ്പതക്കവും ഫലകവും ഉൾപ്പെട്ടതാണ് പുരസ്കാരം.**

❖ സർക്കാർ ജീവനക്കാർ യുട്യൂബ് ചാനലുകൾ തുടങ്ങുന്നത് വിലക്കിയത് ?
- **കേരളം**

❖ ആൽവിൻ ഹെൻറി സംവിധാനം ചെയ്യുന്ന ക്രിസ്റ്റി എന്ന മലയാള സിനിമയുടെ തിരക്കഥാകൃത്തുക്കളായ മലയാള സാഹിത്യകാരന്മാർ ?
- **ബെന്യാമിൻ, ജി. ആർ. ഇന്ദുഗോപൻ**

❖ അടുത്തിടെ പേപ്പർ പബ്ലിക്കയുടെ റിപ്പബ്ലിക്ക് ഓഫ് പൊയട്രി അയ്യപ്പപ്പണിക്കർ അവാർഡ് നേടിയത് ?
- **പ്രമീളാദേവി (കൃതി : പ്രമീളാ ദേവിയുടെ കവിതകൾ)**

❖ അടുത്തിടെ രാമാശ്രമം ഉണ്ണീരിക്കുട്ടി പുരസ്കാരം നേടിയ മുൻ കേരള ആരോഗ്യമന്ത്രി ?
- **കെ. കെ. ശൈലജ**

❖ കാഴ്ച പരിമിതി മൂലം റോഡിലെ സിഗ്നലുകൾ കണ്ടു മനസ്സിലാക്കാനാകാത്തവർക്കായി തൊട്ടുമനസ്സിലാക്കാനുള്ള ഉപകരണം സ്ഥാപിച്ചത് ?
- **തൃശൂർ സിറ്റി പോലീസ്**

❖ പ്രോജക്ട് ചീറ്റയുടെ ഭാഗമായി ദക്ഷിണാഫ്രിക്കയിൽനിന്ന് 12 ചീറ്റപ്പുലികളെ ഇന്ത്യയിൽ എത്തിച്ച വ്യോമസേനയുടെ വിമാനം ?
- **ഗ്ലോബ്മാസ്റ്റർ എ.സി. -17**

- ദക്ഷിണാഫ്രിക്കയിലെ ഏതെല്ലാം വന്യജീവി സങ്കേതത്തിൽ നിന്നുമാണ് 12 ചീറ്റപ്പുലികളെ എത്തിച്ചത് ?
    - **വസുലു നാറ്റലിലെ ഫിണ്ടഗെയിം റിസർവ്,**
    - **ലിംപോപോ പ്രൊവിൻസിലെ റൂയ്ബെർഗ് ഗെയിം റിസർവ്**
- രാജ്യത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നുള്ള 5000 വിദ്യാർത്ഥികൾ രൂപകൽപ്പന ചെയ്ത ഉപഗ്രഹങ്ങളുടെ വിക്ഷേപണ ദൗത്യം ?
    - **എപിജെ അബ്ദുൽ കലാം സാറ്റലൈറ്റ് മിഷൻ 2023**
- ഭീകര സംഘടനകളായി കേന്ദ്ര സർക്കാർ അടുത്തിടെ പ്രഖ്യാപിച്ചത് ?
    - **ഖാലിസ്ഥാൻ ടൈഗർ ഫോഴ്സിനെയും ജമ്മു കശ്മീർ ഗസ്നവി ഫോഴ്സിനെയും**
- ഇന്ത്യയിലെ ആദ്യത്തെ ChatGPT പവേർഡ് AI ചാറ്റ്ബോട്ട് ആയ 'Lexi' പുറത്തിറക്കിയ കമ്പനി ?
    - **Velocity**
- ആദ്യ സംസ്ഥാനതല 'കൊഞ്ച് മേള' ഫെബ്രുവരി 17-ന് ആരംഭിച്ചത് ?
    - **പഞ്ചാബ് (shrimp mela)**
- പ്രശസ്ത യക്ഷഗാന ഗായകനും തിരക്കഥാകൃത്തുമായ അടുത്തിടെ അന്തരിച്ച വ്യക്തി ?
    - **ബലിപ നാരായൺ ഭാഗവത്**
- ആദ്യ രണ്ടുതരംഗങ്ങളെ അപേക്ഷിച്ച് മൂന്നാം കോവിഡ് തരംഗമാണ് കുട്ടികളെ ഏറെ ബാധിച്ചതെന്ന് റിപ്പോർട്ട് പുറത്തുവിട്ടത് ?
    - **ഐസിഎംആർ**

- സ്മൃതി മന്ദാന, ഷഫാലി വർമ, ജെമീമ റോഡ്രിഗസ് എന്നിവരോടൊപ്പം ഹ്യുണ്ടായ് മോട്ടോഴ്സ് ഇന്ത്യ പുതിയ ബ്രാൻഡ് അംബാസഡറായി നിയമിച്ചത് ആരെയെല്ലാമാണ് ?
    - **യാസ്തിക ഭാട്ടിയ, രേണുക സിംഗ് താക്കൂർ**
- ഇന്ത്യക്കെതിരെ 100 ടെസ്റ്റ് വിക്കറ്റുകൾ പൂർത്തിയാക്കുന്ന ആദ്യ ഓസ്ട്രേലിയൻ താരമായത് ?
    - **നതാൻ ലിയോൺ**
- ടെസ്റ്റ് ക്രിക്കറ്റിൽ കൂടുതൽ സിക്സറുകൾ നേടുന്ന താരമായത് ?
    - **ബെൻ സ്റ്റോക്സ്, ഇംഗ്ലണ്ട് ക്യാപ്റ്റൻ**

- **90 ടെസ്റ്റിൽ 109 സിക്സുറുകൾ നേടിയാണ് സ്റ്റോക്സ് റെക്കോഡ് കരസ്ഥമാക്കിയത്. മറികടന്നത് ഇംഗ്ലണ്ടിന്റെ പരിശീലകനും മുൻ ന്യൂസീലൻഡ് താരവുമായ ബ്രണ്ടൻ മക്കെല്ലത്തിന്റെ റെക്കോഡ്.(107 സിക്സ്).**

❖ ഇന്ത്യൻ പ്രീമിയർ ലീഗ് വനിതാ ക്രിക്കറ്റിൽ ബാംഗ്ലൂർ റോയൽ ചലഞ്ചേഴ്സിന്റെ ക്യാപ്റ്റനായത് ?

- **സ്മൃതി മന്ദാന**

❖ യു.കെ.യിലെ പ്രശസ്തമായ ഓക്സ്ഫഡ് സർവകലാശാലാ ആശുപത്രികളുടെ നാഷണൽ ഹെൽത്ത് ഫൗണ്ടേഷൻ ട്രസ്റ്റിന്റെ സി.ഇ.ഒ. ആയി നിയമിതയായ ഇന്ത്യൻ വംശജ ?

- **ഡോ. മേഘന പണ്ഡിറ്റ്**

❖ ഐക്യരാഷ്ട്രസഭാ സാമൂഹികവികസന സമിതിയുടെ 62-ാം സെഷന്റെ അധ്യക്ഷയായി നിയമിതയായ ഇന്ത്യക്കാരി ?

- **രുചിര കാംബോജ്**

## FEB 20

❖ അടുത്തിടെ ഇന്ത്യയിലെ ഏറ്റവും പ്രായം കുറഞ്ഞ അവയവ ദാതാവ് എന്ന റെക്കോഡ് നേടിയത് ?

- **ദേവനന്ദ (17)**

❖ കോവിഡനന്തര കാലത്ത് രാജ്യത്തെ അവയവമാറ്റ ചികിത്സാരംഗത്ത് 27% വർധനയുണ്ടായതായി ആരോഗ്യ മന്ത്രാലയം സംഘടിപ്പിച്ച നാഷനൽ ഓർഗൻ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ സയന്റിഫിക് ഡയലോഗ് 2023ൽ അറിയിച്ചത് ?

- **കേന്ദ്ര ആരോഗ്യ സെക്രട്ടറി രാജേഷ് ഭൂഷൺ**

❖ എത്രാമത് സർവമത സമ്മേളനമാണ് ആലുവ അദ്വൈതാശ്രമത്തിൽ അടുത്തിടെ ഉദ്ഘാടനം ചെയ്യപ്പെട്ടത് ?

- **100**

❖ കേന്ദ്രസർക്കാർ പുറത്തിറക്കിയ രാജ്യത്തെ പത്ത് അതീവസുരക്ഷാ മേഖലകളുടെ പട്ടികയിൽ കേരളത്തിൽ നിന്നും ഉൾപ്പെട്ടത് ?

- **കൊച്ചി നാവിക കേന്ദ്രം**

❖ കേരള ഡ്രഗ്സ് കൺട്രോൾ ഇന്റലിജൻസ് വിഭാഗം ഫാൻസി സ്റ്റോറുകളിലും മറ്റും വ്യാജ സൗന്ദര്യ വർധക വസ്തുക്കൾക്കായി നടത്തിയ മിന്നൽ പരിശോധന ?

- **ഓപ്പറേഷൻ സൗന്ദര്യ**

01 10th Main Full Syllabus Mock Test

02 5 - 10 SCERT Complete Mock Test

03 Daily Current Affair Updates

04 Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in

- സംസ്ഥാനത്തെ ഏറ്റവും മികച്ച ജില്ലാ പഞ്ചായത്തായി കൊല്ലം ജില്ലയോടൊപ്പം തിരഞ്ഞെടുക്കപ്പെട്ടത് ?
    - **കണ്ണൂർ**
    - **ഇതോടെ സ്വരാജ് ട്രോഫി നിർണയത്തിലെ പാകപ്പിഴ പരിഹരിച്ച് കൊല്ലവും കണ്ണൂരും ഒന്നാം സ്ഥാനം പങ്കിട്ടു.**
- സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ രണ്ടാമത് ജൈവവൈവിധ്യ കോൺഗ്രസ് വേദി ?
    - **കോഴിക്കോട്**
- ഹയർ സെക്കന്ററി വിഭാഗത്തിൽ ഭൂമിശാസ്ത്രം ഐച്ഛിക വിഷയമായി പഠിപ്പിക്കുന്ന സ്കൂളുകളിൽ ഭൂമിശാസ്ത്ര ലാബ് പരീക്ഷണങ്ങൾക്കായി നടപ്പിലാക്കുന്ന പദ്ധതി ?
    - **കേരള സ്കൂൾ വെതർ സ്റ്റേഷൻ**
- എനിക്ക് എന്റെ വഴി എന്ന പുസ്തകത്തിന്റെ രചയിതാവ് ?
    - **ടി. പത്മനാഭൻ**
- കന്നഡ ഭാഷയിൽ പ്രസിദ്ധീകരിക്കപ്പെടുന്ന മഹാകവി ഉള്ളൂർ എസ്. പരമേശ്വരയ്യരുടെ മഹാകാവ്യം ?
    - **ഉമാകേരളം (വിവർത്തനം ചെയ്തത് : വിക്രം കാന്തികെറെ)**
- ഹൃദയാഘാതത്തെ തുടർന്നു ബെംഗളൂരുവിൽ ചികിത്സയിലായിരുന്ന തെലുങ്ക് നടൻ അന്തരിച്ചു. പേര് ?
    - **നന്ദമൂരി താരകരത്ന (39)**
- മികച്ച ഹാസ്യ നടനുള്ള 2004 ലെ തമിഴ്നാട് സംസ്ഥാന ചലച്ചിത്ര പുരസ്കാരം ലഭിച്ച തമിഴ് ഹാസ്യനടനും മിമിക്രി കലാകാരനുമായ വ്യക്തി അന്തരിച്ചു. പേര് ?
    - **മയിൽസാമി(57)**
- അരുണാചൽ പ്രദേശിന്റെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ 2023 ഫെബ്രുവരി 19 ന് അനുഭവപ്പെട്ട ഭൂചലനത്തിന്റെ തീവ്രത ?
    - **റിക്ടർ സ്കെയിലിൽ 3.8**
- ഉത്തരേന്ത്യയിലെ ആദ്യത്തെ ആണവ നിലയം സ്ഥാപിക്കുന്നത് ?
    - **ഗോരഖ്പൂർ, ഹരിയാന**
- ഇൻഫോസിസിന്റെ എച്ച് ആർ. വിഭാഗം മേധാവിയായി അടുത്തിടെ നിയമിതനായത്
    - **ഷാജി മാത്യു**

- കാർഷിക മേഖലയ്ക്കായി ഇന്ത്യയിലെ ആദ്യത്തെ എഐ-ചാറ്റ്ബോട്ട് പുറത്തിറക്കിയ സംസ്ഥാനം ?
    - **ഒഡീഷ**
- ബഹിരാകാശ പര്യവേഷണത്തിന് 2023 ജോൺ എൽ. ജാക്ക് സ്വിഗെർട്ട് ജൂനിയർ അവാർഡിനായി തിരഞ്ഞെടുക്കപ്പെട്ടത് ?
    - **ജെയിംസ് വെബ് ടെലിസ്കോപ്പ്, നാസ**
- യൂണിസെഫ് ഇന്ത്യയുടെ അംബാസഡറായി നിയമിക്കപ്പെട്ട ബോളിവുഡ് താരം ?
    - **ആയുഷ്മാൻ ഖുരാന**
- ഫെബ്രുവരി ആറിന് പുലർച്ചെയുണ്ടായ ഭൂകമ്പത്തിൽപ്പെട്ട് കൊല്ലപ്പെട്ട ഘാനയുടെ ദേശീയ ഫുട്ബോൾ താരം ?
    - **ക്രിസ്റ്റ്യൻ അറ്റ്സു(31)**
- ടെസ്റ്റ് ക്രിക്കറ്റിൽ ദക്ഷിണാഫ്രിക്കയുടെ കറുത്ത വംശജനായ ആദ്യ ക്യാപ്റ്റനായത് ?
    - **തെംബ ബാവുമ**
- നാവികരുടെ എവറസ്റ്റ് എന്നറിയപ്പെടുന്ന ചിലിയിലെ കേപ് ഹോൺ മുനമ്പ് വലംവെച്ച മലയാളി നാവികൻ ?
    - **അഭിലാഷ് ടോമി**
    - **ഗോൾഡൻ ഗ്ലോബ് 2022 പായ് വഞ്ചിയോട്ട മത്സരത്തിൽ പങ്കെടുക്കുന്ന അഭിലാഷ് ശനിയാഴ്ച ഇന്ത്യൻ സമയം അർധരാത്രിയോടെയാണ് പസിഫിക് -അറ്റ്ലാന്റിക് സമുദ്രങ്ങളുടെ സംഗമവേദിയായ കേപ് ഹോൺ വലംവെച്ചത്.**
- 1600 അടി നീളവും 500 അടി വീതിയുമുള്ള വിചിത്ര ഛിന്നഗ്രഹത്തിന്റെ ചിത്രമെടുത്തത് ?
    - **നാസ**
- വിചിത്ര ഛിന്നഗ്രഹത്തിന് നാസ നൽകിയ പേര് ?
    - **2011 എജി 5**
    - **ഛിന്നഗ്രഹത്തിന്റെ ചിത്രം ദക്ഷിണ കാലിഫോർണിയയിലെ നാസ സ്ഥാപനമായ ജെറ്റ് പ്രൊപ്പൽഷൻ ലബോറട്ടറിയുടെ ഗോൾഡ്സ്റ്റോൺ ടെലിസ്കോപ് സംവിധാനത്തിലാണ് പതിഞ്ഞത്.**
- സന്തോഷ് ട്രോഫി ഫുട്ബോളിൽ നിർണായക മത്സരത്തിൽ പഞ്ചാബിനോട് 1-1 സമനില വഴങ്ങി സെമിഫൈനലിൽ എത്താതെ പുറത്തായത് ?

- **കേരളം**

❖ ഓസ്ട്രേലിയയ്ക്കെതിരെ രണ്ടാം ടെസ്റ്റിൽ 6 വിക്കറ്റ് ജയം നേടി ബോർഡർ-ഗാവസ്കർ ട്രോഫി നിലനിർത്തിയത് ?

- **ഇന്ത്യ**

❖ ബോർഡർ-ഗാവസ്കർ ട്രോഫി ഇന്ത്യ നിലനിർത്തുന്നത് ?

- **നാലാം തവണ**

❖ ബോർഡർ-ഗാവസ്കർ ട്രോഫിയിൽ ഏറ്റവും കൂടുതൽ തവണ പരമ്പര നേടിയ ടീം ?

- **ഇന്ത്യ (10)**

❖ ബോർഡർ-ഗാവസ്കർ ട്രോഫിയിൽ രണ്ട് ഇന്നിങ്സിലുമായി 10 വിക്കറ്റ് നേടി മാൻ ഓഫ് ദി മാച്ച് ആയത് ?

- **രവീന്ദ്ര ജഡേജ**

❖ രാജ്യാന്തര ക്രിക്കറ്റിലെ 3 ഫോർമാറ്റുകളിലുമായി ഏറ്റവും വേഗം 25000 റൺസ് തികയ്ക്കുന്ന ബാറ്ററായത് ?

- **വിരാട് കോഹ്ലി**

❖ 25000 റൺസ് തികയ്ക്കുന്ന എത്രാമത്തെ താരമാണ് വിരാട് കോഹ്ലി ?

- **ആറാമത്തെ**

❖ 549 ഇന്നിങ്സിൽ നിന്ന് 25000 റൺസ് നേടിയ വിരാട് കോഹ്ലി മറികടന്നത് ആരെയാണ് ?

- **577 ഇന്നിങ്സിൽ നിന്ന് 25000 റൺസ് നേടിയ സച്ചിൻ തെണ്ടുൽക്കറെ**

❖ ഓസ്ട്രേലിയയ്ക്കെതിരായ രണ്ടാം ടെസ്റ്റ് ഇന്ത്യ ജയിച്ചതോടെ ലോകടെസ്റ്റ് ചാമ്പ്യൻഷിപ്പിൽ നിന്ന് പുറത്തായത് ?

- **ദക്ഷിണാഫ്രിക്ക**

❖ ടെസ്റ്റ് ക്രിക്കറ്റിൽ ഒന്നിച്ചുകളിച്ച് ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയ ബൗളിംഗ് സഖ്യം എന്ന റെക്കോഡ് നേടിയത് ?

- **ജയിംസ് ആൻഡേഴ്സൺ & സ്റ്റുവർട്ട് ബ്രോഡ് (ഇംഗ്ലണ്ട്)**
- **133 ടെസ്റ്റുകളിൽ നിന്നായി 1005 വിക്കറ്റുകൾ ഇവർ നേടി.**
- **മറികടന്നത് ആസ്ട്രേലിയയുടെ ഷെയ്ൻ വോൺ - ഗ്ലെൻ മക്ഗ്രാത്ത് സഖ്യത്തെ.**

❖ രഞ്ജി ട്രോഫി ഫൈനലിൽ ഏറ്റുമുട്ടിയത് ?

- **ബംഗാൾ & സൗരാഷ്ട്ര**

- ബംഗാളിനെതിരെ 9 വിക്കറ്റ് ജയത്തോടെ രഞ്ജി ട്രോഫിയിലെ തങ്ങളുടെ രണ്ടാം കിരീടം നേടിയത് ?
  - **സൗരാഷ്ട്ര**
- രഞ്ജി ട്രോഫിയിൽ പ്ലെയർ ഓഫ് ദി മാച്ച് ആയത് ?
  - **സൗരാഷ്ട്ര ക്യാപ്റ്റൻ ജയദേവ് ഉനദ്കട്ട്**
- നൊബേൽ സമ്മാനജേതാവായ ഏത് കവിയുടേതാണ് സ്വാഭാവിക മരണമല്ല, കൊലപാതകമാണെന്ന് അടുത്തിടെ തെളിഞ്ഞത് ?
  - **പാബ്ലോ നെരൂദ**
  - **നാഡീവ്യൂഹത്തെ തളർത്തി മരണത്തിലേക്കു നയിക്കുന്ന ബോട്ടുലിസം എന്ന രോഗാവസ്ഥയുണ്ടാക്കുന്ന ക്ലോസ്ട്രിഡിയം ബോട്ടുലിനം എന്ന ബാക്ടീരിയയെയാണ് അദ്ദേഹത്തിന്റെ മൃതദേഹാവശിഷ്ടങ്ങളിൽ ഫൊറൻസിക് വിദഗ്ദ്ധർ കണ്ടെത്തിയത്.**

## FEB 21

- എട്ടാമത് സോയിൽ ഹെൽത്ത് കാർഡ് ദിനം ആചരിക്കുന്നത് ?
  - **2023 ഫെബ്രുവരി 19**
- ലോക സാമൂഹിക നീതി ദിനം ആചരിക്കുന്നത് ?
  - **ഫെബ്രുവരി 20**
- ഈ വർഷത്തെ ലോക സാമൂഹിക നീതി ദിനത്തിന്റെ പ്രമേയം ?
  - **Overcoming Barriers and Unleashing Opportunities for Social Justice**
- അന്താരാഷ്ട്ര മാതൃഭാഷാ ദിനം ആചരിക്കുന്നത് ?
  - **ഫെബ്രുവരി 21**
- ഈ വർഷത്തെ അന്താരാഷ്ട്ര മാതൃഭാഷാ ദിനത്തിന്റെ പ്രമേയം ?
  - **ബഹുഭാഷാ വിദ്യാഭ്യാസം - വിദ്യാഭ്യാസത്തെ പരിവർത്തനം ചെയ്യേണ്ടതിന്റെ ആവശ്യകത**
- യുനെസ്കോയുടെ 2023 ലെ അന്താരാഷ്ട്ര മാതൃഭാഷ അവാർഡ് ലഭിച്ചത് ?
  - **മഹേന്ദ്ര കുമാർ മിശ്ര**
- രുഗ്മിണിദേവി അരുണ്ഡേലിന്റെ സ്മരണയ്ക്കായി ഗ്രാമസ്വരാജ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ നാട്യമിത്ര പുരസ്കാരത്തിന് അർഹനായത് ?
  - **ആർ.എൽ.വി. രാമകൃഷ്ണൻ**

- സംസ്ഥാനത്ത്(കേരളം) എത്ര ലക്ഷത്തിനു മുകളിലുള്ള ബില്ലുമാറാൻ ധനവകുപ്പിന്റെ പ്രത്യേക അനുമതി വാങ്ങണമെന്നാണ് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി ട്രഷറി ഡയറക്ടർക്ക് നിർദേശം നൽകിയത് ?
    - **10 ലക്ഷം ₹**
- കേരള തപാൽ സർക്കിളിന്റെ ചീഫ് പോസ്റ്റ്മാസ്റ്റർ ജനറലായി ചുമതലയേറ്റത് ?
    - **മഞ്ജു പ്രസന്നൻ പിള്ള**
    - **ആലപ്പുഴ സ്വദേശിയും എഴുത്തുകാരിയും കവയിത്രിയുമാണ്.**
- താജ് മഹോത്സവം നടക്കുന്നത് ?
    - **ആഗ്ര, ഫെബ്രുവരി 20- മാർച്ച് 1**
- നാഷണൽ ജിയോഗ്രാഫിക്കിന്റെ 'ഫോട്ടോ ഓഫ് ദ ഇയർ 2023' ആയി തിരഞ്ഞെടുക്കപ്പെട്ട ഇന്ത്യൻ വംശജൻ ?
    - **കാർത്തിക് സുബ്രഹ്മണ്യം (ചിത്രം : ഡാൻസ് ഓഫ് ദ ഈഗിൾസ്)**
- ഇന്ത്യൻ സൈന്യവും ഉസ്ബെക്കിസ്ഥാൻ സൈന്യവും തമ്മിലുള്ള സൈനിക അഭ്യാസം നടക്കുന്നത് ?
    - **DUSTLIK**
    - **2023 ഫെബ്രുവരി 20 മുതൽ മാർച്ച് 5 വരെ ഉത്തരാഖണ്ഡിലെ പിത്തോർഗഢിലാണ് നടക്കുന്നത്.**
- ഇന്ത്യയിലെ ഡിജിറ്റൽ ഇടപാടുകൾ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി 2023 ഫെബ്രുവരി മുതൽ ഒക്ടോബർ വരെ നീണ്ടു നിൽക്കുന്ന ക്യാമ്പെയിൻ ?
    - **ഡിജിറ്റൽ പേയ്മെന്റ് ഉത്സവ്**
- ജാമർ പ്രൂഫ് ആശയവിനിമയത്തിനായി വായുലിങ്ക് എന്നു പേരിട്ട തദ്ദേശീയമായ പ്ലാറ്റ്ഫോം വികസിപ്പിക്കുന്നത് ?
    - **ഇന്ത്യൻ വ്യോമസേന**
- മാലിന്യത്തിൽ നിന്ന് ഹൈഡ്രജൻ നിർമിക്കുന്നതിനുള്ള ഇന്ത്യയിലെ ആദ്യത്തെ പ്ലാന്റ് സ്ഥാപിക്കുന്നത് ?
    - **പൂനെ, മഹാരാഷ്ട്ര**
- നീതി ആയോഗിന്റെ പുതിയ സിഇഒ ആയി നിയമിതനായത് ?
    - **ബി.വി.ആർ. സുബ്രഹ്മണ്യം**
- നിലവിൽ നീതി ആയോഗ് സിഇഒ ആയിരുന്ന പരമേശ്വരൻ അയ്യരുടെ പുതിയ ചുമതല
    - **വേൾഡ് ബാങ്ക് എക്സിക്യൂട്ടീവ് ഡയറക്ടർ**

- ഇന്ത്യ ഏറ്റവും കൂടുതൽ എണ്ണ ഇറക്കുമതി ചെയ്യുന്നത് ഏത് രാജ്യത്ത് നിന്നാണ് ?
    - **റഷ്യ (2. ഇറാഖ്, 3. സൗദി അറേബ്യ )**
- ഭൂകമ്പമാപിനിയിൽ 6.3 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം അനുഭവപ്പെട്ടത് ?
    - **തുർക്കിയെ (2023 ഫെബ്രുവരി 20)**
- സംസ്ഥാന ജൂനിയർ ഹോക്കി ചാമ്പ്യൻഷിപ്പിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നേടിയത് ?
    - **പാലക്കാട്**
    - **ആൺകുട്ടികളുടെ വിഭാഗത്തിൽ മലപ്പുറം രണ്ടാം സ്ഥാനവും എറണാകുളം മൂന്നാം സ്ഥാനവും നേടി.**
    - **പെൺകുട്ടികളുടെ വിഭാഗത്തിൽ ജി.വി. രാജ സ്പോർട്സ് സ്കൂൾ രണ്ടാമതും പത്തനംതിട്ട മൂന്നാമതും.**
- ട്വന്റി 20 വനിതാ ക്രിക്കറ്റ് ലോകകപ്പിൽ അയർലൻഡിനെ തോൽപ്പിച്ച് ഇന്ത്യ സെമിയിൽ കടന്നത് ?
    - **ഡക്ക് വർത്ത് ലൂയിസ് നിയമപ്രകാരം 5 റൺസിന്**
- ട്വന്റി 20 അന്താരാഷ്ട്ര വനിതാ ക്രിക്കറ്റിൽ 3000 റൺസ് തികയ്ക്കുന്ന ആദ്യ ഇന്ത്യൻ താരമായത് ?
    - **ഹർമൻപ്രീത് കൗർ**
    - **ഈ നേട്ടം കൈവരിക്കുന്ന ലോക വനിതാ ക്രിക്കറ്റിലെ നാലാം താരം കൂടിയാണ് ഹർമൻപ്രീത്. സൂസി ബെയ്റ്റ്സ്, മെഗ് ലാനിങ്, സ്റ്റെഫാനി ടെയ്ലർ എന്നിവരാണ് മറ്റ് താരങ്ങൾ.**
- 150-ാം ട്വന്റി 20 അന്താരാഷ്ട്ര മത്സരം ആദ്യ ക്രിക്കറ്റർ ആയത് ?
    - **ഹർമൻപ്രീത് കൗർ**
- ട്വന്റി 20 ലോകകപ്പിൽ ഏറ്റവും കൂടുതൽ തവണ (14*) ഇന്ത്യയെ നയിച്ച താരമെന്ന റെക്കോഡും ഹർമൻപ്രീത് സ്വന്തമാക്കി. മറികടന്നത് ആരെ ?
    - **മിതാലി രാജിനെ**

## FEB 22

- ലോക സ്കൗട്ട് ദിനം ആചരിക്കുന്നത് ?
    - **ഫെബ്രുവരി 22**
    - **റോബർട്ട് ബേഡൻ പവലിന്റെ ജന്മദിനം.**

- 76 മത് ബാഫ്റ്റ (ബ്രിട്ടീഷ് അക്കാദമി ഓഫ് ഫിലിം & ടെലിവിഷൻ അവാർഡ്) മികച്ച ചിത്രം, സംവിധാനം, ഇംഗ്ലീഷ് ഇതര ഭാഷ ചിത്രം തുടങ്ങി ഏഴ് പുരസ്കാരങ്ങൾ സ്വന്തമാക്കിയ ജർമൻ ചലച്ചിത്രം ?
  - **ഓൾ ക്വയറ്റ് ഓൺ ദി വെസ്റ്റേൺ ഫ്രണ്ട് (സംവിധായകൻ: എഡ്വേർഡ് ബെർഗർ)**
- എൽവിസ് എന്ന ചിത്രത്തിലെ അഭിനയത്തിന് മികച്ച നടനുള്ള അവാർഡ് ലഭിച്ചത് ?
  - **ഓസ്റ്റിൻ ബട്ലർ**
- കേറ്റ് ബ്ലാഞ്ചെറ്റ് നെ മികച്ച നടിക്കുള്ള അവാർഡിന് അർഹയാക്കിയ ചിത്രം ?
  - **താർ**
- റഷ്യൻ പ്രതിപക്ഷ നേതാവ് അലക്സി നവൽനിയുടെ ജീവിതംപറഞ്ഞ അമേരിക്കൻ ഡോക്യുമെന്ററിക്ക് മികച്ച ഡോക്യുമെന്ററി പുരസ്കാരം ലഭിച്ചു. പേര് ?
  - **നവൽനി**
- ഡോക്യുമെന്ററി വിഭാഗത്തിൽ ഇന്ത്യയിൽ നിന്നുള്ള എൻട്രി ആയിരുന്നത് ?
  - **ഓൾ ദാറ്റ് ബ്രീത്സ്**
- ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി (ബി.എൻ.പി) യുടെ മുഖപത്രമായ ബംഗാളി ഭാഷയിലുള്ള ഏത് പത്രമാണ് സർക്കാർ അനുമതി നിഷേധിച്ചതിനെ തുടർന്ന് അച്ചടി നിർത്തിയത് ?
  - **ദൈനിക് ദിൻകൽ**
- അലഞ്ഞുതിരിയുന്ന പശുക്കളെ വെടിവച്ചു കൊല്ലാൻ അടുത്തിടെ പദ്ധതിയിട്ട രാജ്യം
  - **അമേരിക്ക**

- രാജസ്ഥാൻ സർക്കാർ അവതരിപ്പിച്ച 2023-24ലേക്കുള്ള ബജറ്റിന്റെ പ്രമേയം ?
  - **Bhachat, Rahat, Bhadhat**
- ഗുജറാത്ത് മുൻ ഗവർണറും രാജ്യസഭാ എംപിയുമായ അടുത്തിടെ അന്തരിച്ച വ്യക്തി ?
  - **ഓം പ്രകാശ് കോഹ്ലി (87)**
- ആണവയുദ്ധം തടയുക എന്ന ഉദ്ദേശ്യത്തോടെ 2010-ൽ അന്നത്തെ യു.എസ്. പ്രസിഡന്റ് ബറാക് ഒബാമയും റഷ്യൻ പ്രസിഡന്റ് ദിമിത്രി മെദ്വദവും ഉണ്ടാക്കിയ ഏത് കരാർ പങ്കാളിത്തം ആണ് തത്കാലത്തേക്ക് അവസാനിപ്പിക്കുകയാണെന്ന് പ്രസിഡന്റ് വ്ലാദിമിർ പുതിൻ പ്രസ്താവിച്ചത് ?
  - **ന്യൂ സ്റ്റാർട്ട് കരാർ**

- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്കോ ചെറിയ ആശുപത്രികളിലേക്കോ മരുന്നുകൾ ഡ്രോണുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള സാധ്യത പരിശോധിക്കാൻ ട്രയൽ നടത്തിയത് ?
  - **എയിംസ് - ഋഷികേശ്, Vertiplane X3 Drone**
- പോലീസ് വെരിഫിക്കേഷൻ കാര്യക്ഷമമാക്കുന്നതിനും വേഗത്തിലാക്കുന്നതിനുമായി വിദേശകാര്യ മന്ത്രാലയം പുറത്തിറക്കിയ ആപ്പ് ?
  - **mPassport**
- മധ്യപ്രദേശ് ഗവർണർ മംഗുഭായ് പട്ടേൽ 'ഖജുരാഹോ ഡാൻസ് ഫെസ്റ്റിവൽ-2023' ഉദ്ഘാടനം ചെയ്തു. സമാപിക്കുന്നത് ?
  - **ഫെബ്രുവരി 26ന്**
- ഇലക്ട്രോണിക്സ് ഉത്പന്ന നിർമാതാക്കളായ ഫോക്സ് കോണും വേദാന്ത ഗ്രൂപ്പും ചേർന്ന് ഗുജറാത്തിൽ സ്ഥാപിക്കാൻ പദ്ധതിയിട്ട ചിപ്പ്-ഡിസ്പ്ലേ നിർമാണശാല ?
  - **ഗുജറാത്തിൽ അഹമ്മദാബാദിന് അടുത്ത് ധൊലേറയിൽ**
- സംസ്ഥാന ഉത്തരവാദിത്വ ടൂറിസം മിഷന്റെ നേതൃത്വത്തിലുള്ള ആഗോള ഉത്തരവാദിത്ത ടൂറിസം ഉച്ചകോടി വേദി ?
  - **കുമരകം, ഫെബ്രുവരി 25-28**
- മുംബൈയിലെ ദാദാ സാഹിബ് ഫാൽക്കെ അന്താരാഷ്ട്ര ചലച്ചിത്രോത്സവ പുരസ്കാരങ്ങളിൽ മികച്ച പ്രതിനായകനുള്ള ബഹുമതി നേടിയത് ?
  - **ദുൽഖർ സൽമാൻ ( സിനിമ : ഛുപ്(ഹിന്ദി, സംവിധാനം : R. ബാൽകി)**
  - **ഹിന്ദി സിനിമയിലെ അഭിനയത്തിന് ദുൽഖറിന് ലഭിക്കുന്ന ആദ്യ പുരസ്കാരം.**
- 'ഗംഗുഭായി കത്യവാഡിയിലെ അഭിനയത്തിന് മികച്ച നടിക്കുള്ള അവാർഡ് ലഭിച്ചത് ?
  - **ആലിയ ഭട്ട്**
- മികച്ച നടനുള്ള അവാർഡ് ലഭിച്ചത് ?
  - **രൺബീർ കപൂർ (ചിത്രം: ബ്രഹ്മാസ്ത്ര)**
- മികച്ച ചിത്രത്തിനുള്ള പുരസ്കാരം നേടിയത് ?
  - **കശ്മീർ ഫയൽസ് (സംവിധാനം: വിവേക് അഗ്നിഹോത്രി)**
- ഫിലിം ഓഫ് ദ ഇയർ പുരസ്കാരത്തിന് അർഹമായത് ?
  - **RRR(സംവിധാനം: എസ്. എസ്. രാജമൗലി)**

- മലബാർ ദേവസ്വംബോർഡി നു കീഴിലുള്ള ക്ഷേത്രങ്ങളിലെ പാരമ്പര്യേതര ട്രസ്റ്റികളായി സജീവ രാഷ്ട്രീയ പാർട്ടി പ്രവർത്തകരെ നിയമിക്കരുതെന്ന് പ്രസ്താവിച്ചത് ?
  - **കേരള ഹൈക്കോടതി**
- രാജ്യത്ത് ആദ്യമായി ഒരു ഹൈക്കോടതി പ്രാദേശിക ഭാഷയിൽ ഉത്തരവ് ലഭ്യമാക്കുന്നത് ?
  - **കേരള ഹൈക്കോടതി**
  - **ചീഫ് ജസ്റ്റിസ് എസ്. മണികുമാർ അധ്യക്ഷനായ ഡിവിഷൻ ബെഞ്ച് പരിഗണിച്ച രണ്ട് അപ്പീൽ ഹർജിയിലെ ഉത്തരവുകൾ മലയാളത്തിലും പ്രസിദ്ധീകരിച്ചു**.
- ഇംഗ്ലീഷ് ഉത്തരവുകൾ മലയാളത്തിലാക്കി പരിശോധിച്ച് ഉറപ്പാക്കുന്നതിന് കേരള ഹൈക്കോടതി ഉപയോഗിച്ച സോഫ്റ്റ്വെയർ ?
  - **സുവാസ്**
- ദുബായ് ടെന്നീസ് ചാമ്പ്യൻഷിപ്പിന്റെ വനിതാ വിഭാഗം ഡബിൾസ് ആദ്യറൗണ്ടിൽ പരാജയപ്പെട്ടതോടെ ഇന്ത്യൻ ടെന്നീസിനെ വർണാഭമാക്കിയ 20 വർഷങ്ങൾക്കൊടുവിൽ വിരമിച്ചത് ?
  - **സാനിയ മിർസ**
  - **ഗ്രാൻഡ്സ്ലാം ടൂർണമെന്റുകളിൽ നിന്ന് ജനുവരിയിൽ വിരമിച്ചിരുന്നു. ആറ് ഗ്രാൻഡ്സ്ലാം കിരീടങ്ങളും 43 കരിയർ കിരീടങ്ങളും സ്വന്തമാക്കിയിട്ടുണ്ട്.**

- ഏറ്റവും കൂടുതൽ ആഴ്ച ലോക ഒന്നാം നമ്പർ പദവിയിലിരുന്ന താരമെന്ന ബഹുമതിയിൽ ജർമൻ ടെന്നീസ് ഇതിഹാസം സ്റ്റെഫി ഗ്രാഫിന് ഒപ്പമെത്തിയത് ?
  - **നൊവാക് ജോക്കോവിച്ച് (377 ആഴ്ച)**
- അർജന്റീന ഓപ്പൺ ടെന്നീസ് ചാമ്പ്യൻഷിപ്പ് കിരീടം നേടിയത് ?
  - **കാർലോസ് അൽകാരാസ് (സ്പെയിൻ)**
- രാജ്യത്തെ എൺപതാം ചെസ് ഗ്രാൻഡ്മാസ്റ്റർ ബഹുമതി നേടിയ തമിഴ്നാട് സ്വദേശി ?
  - **വിഘ്നേഷ്**
  - **ജർമനിയിൽ നടന്ന 24-ാമത് നോർത്ത് വെസ്റ്റ് കപ്പ് നേടിയ ശേഷമാണ് വിഘ്നേഷ് ഗ്രാൻഡ്മാസ്റ്റർ പദവിയിൽ എത്തിയത്.**

- 2019 ൽ ഇന്ത്യയുടെ 59-ാമത്തെ ഗ്രാൻഡ് മാസ്റ്ററായിരുന്ന വിഘ്നേഷിന്റെ സഹോദരൻ
    - **വിശാഖ്**
- ഗ്രാൻഡ് മാസ്റ്റർ ബഹുമതി നേടുന്ന ഇന്ത്യയിലെ ആദ്യ സഹോദരങ്ങൾ എന്ന റെക്കോർഡ് നേടിയത് ?
    - **വിശാഖ് & വിഘ്നേഷ്**
- രാജ്യത്ത് ഇതുവരെ എത്ര സംസ്ഥാനങ്ങൾക്കു മാത്രമാണ് ഗ്രാൻഡ്മാസ്റ്റർമാരെ ലഭിച്ചിട്ടുള്ളത് ?
    - **13**
- ബാഡ്മിന്റൺ ഏഷ്യാ മിക്സഡ് ടീം ചാമ്പ്യൻഷിപ്പിൽ ചരിത്രത്തിൽ ആദ്യമായി ഇന്ത്യയ്ക്ക് ലഭിച്ച മെഡൽ ?
    - **വെങ്കലം ( സെമിഫൈനലിൽ ചൈനയോട് പരാജയപ്പെട്ടു. )**
- ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരും പലവിധ രോഗങ്ങളാൽ കിടപ്പിലായവരുമായി ദൈനംദിന കാര്യങ്ങൾക്ക് പരസഹായം വേണ്ടവർക്കുള്ള മുടങ്ങിയെന്ന അസത്യപ്രചാരണം നടന്ന പദ്ധതി ?
    - **ആശ്വാസകിരണം**

## FEB 23

- ലോക സമാധാനത്തിന്റെയും ധാരണയുടെയും ദിനം ആയി ആചരിക്കുന്നത് ?
    - **ഫെബ്രുവരി 23**
- മികച്ച പാർലമെന്റേറിയനുള്ള സൻസദ് രത്ന പുരസ്കാരം അടുത്തിടെ നേടിയ മലയാളി രാജ്യസഭാംഗം ?
    - **ജോൺ ബ്രിട്ടാസ്**
- കേരളത്തിലെ സ്റ്റാർട്ടപ്പുകളിലേക്ക് കൂടുതൽ നിക്ഷേപത്തെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടെ 2023 മാർച്ച് 6ന് കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിക്കുന്ന പരിപാടി ?
    - **സീഡിങ് കേരള**
- സംസ്ഥാനത്തെ മികച്ച ജില്ലാ കളക്ടർക്കുള്ള റവന്യൂവകുപ്പിന്റെ അവാർഡിന് അർഹയായ വയനാട് കളക്ടർ ?
    - **എ. ഗീത**
- മികച്ച സബ്കളക്ടറായി തിരഞ്ഞെടുക്കപ്പെട്ടത് ?
    - **വയനാട് മാനന്തവാടി സബ്കളക്ടർ ആർ. ശ്രീലക്ഷ്മി**
- മികച്ച റവന്യൂ ഡിവിഷണൽ ഓഫീസറായി തിരഞ്ഞെടുക്കപ്പെട്ടത് ?

- **ഡി. അമൃതവല്ലി (പാലക്കാട്)**
- **മികച്ച കളക്ടറേറ്റിനുള്ള അവാർഡും വയനാട് ജില്ലയ്ക്ക് ലഭിച്ചു. മികച്ച ആർ.ഡി.ഒ. ഓഫീസ് മാനന്തവാടിയും താലൂക്ക് ഓഫീസ് തൃശ്ശൂരുമാണ്.**

❖ വിവിധ മേഖലകളിലെ മികവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച റവന്യൂവകുപ്പിന്റെ അവാർഡുകൾ നൽകുന്നത് ?

- **റവന്യൂ ദിനമായ ഫെബ്രുവരി 24-ന്**

❖ ഇ- കൊമേഴ്സ് രംഗത്തെ അതികായൻ ആയ ആമസോണിൽ നിന്ന് നിക്ഷേപമെത്തുന്ന ആദ്യ കേരള കമ്പനിയായത് ?

- **ഫ്രഷ് ടു ഹോം (862 കോടി ₹)**

❖ പി. ഭാസ്കരൻ ഫൗണ്ടേഷന്റെ പി.ഭാസ്കരൻ പുരസ്കാരം (50,000 ₹) മരണാനന്തര ബഹുമതിയായി സമ്മാനിക്കുന്നത് ആർക്ക് ?

- **തിരക്കഥാകൃത്ത് ജോൺപോളിന്**

❖ സ്വാതന്ത്ര്യസമര സേനാനിയും യുക്തിവാദിയും രാഷ്ട്രീയ, സാംസ്കാരിക പ്രവർത്തകനുമായിരുന്ന കെ.എ. തോമസിന്റെ സ്മരണയ്ക്ക് പൊതു പ്രവർത്തകർക്കു നൽകുന്ന പുരസ്കാരത്തിന് (20000₹) അർഹയായ സി.പി.ഐ. നേതാവ് ?

- **ആനിരാജ**

❖ സംസ്ഥാനത്തെ ആദ്യ നിർമ്മിതബുദ്ധി ഉച്ചകോടിക്ക് വേദിയാകുന്നത് ?

- **ടെക്നോപാർക്ക്, തിരുവനന്തപുരം**

❖ കരൾരോഗത്തെത്തുടർന്ന് ചികിത്സയിലിരിക്കെ ഫെബ്രുവരി 22ന് അന്തരിച്ച സിനിമ - സീരിയൽ താരവും ടെലിവിഷൻ അവതാരകയുമായ വ്യക്തി ?

- **സുബി സുരേഷ് (41)**

❖ മുഖ്യമന്ത്രിക്കെതിരേ കരിങ്കൊടി പ്രതിഷേധം തുടരുന്നതിനിടെ VIP സുരക്ഷയ്ക്കായി സൃഷ്ടിച്ച പുതിയ തസ്തിക ?

- **ഡെപ്യൂട്ടി കമ്മീഷണർ**
- **കേരളം മുഴുവൻ അധികാരപരിധിയുള്ള പുതിയ തസ്തികയിൽ സായുധസേനാ ബറ്റാലിയൻ കമാൻഡന്റായ ജി. ജയ്ദേവിനെ നിയമിച്ചു.**

❖ ഡൽഹി മുനിസിപ്പൽ കോർപ്പറേഷനിൽ മേയർ സ്ഥാനം ലഭിച്ച ആം ആദ്മി പാർട്ടി വനിതാ സ്ഥാനാർത്ഥി ?

- **ഷെല്ലി ഒബ്രോയ്**

- **കോഴിക്കോട് ഐ.ഐ.എമ്മിൽ നിന്ന് മാനേജ്മെന്റ് ബിരുദം നേടിയിട്ടുള്ള ഡൽഹി സർവകലാശാലയിൽ അധ്യാപികയാണ് ഷെല്ലി**.

❖ വഴുതക്കാട് സർക്കാർ അന്ധവിദ്യാലയത്തിലെ കുട്ടികൾ നിർമ്മിച്ച മോഡൽ റോക്കറ്റുകളുടെ ലോഞ്ചിംഗ് ദൗത്യത്തിനു നൽകിയ പേര് ?

- **സ്പർശം 2023**

❖ മോഹിനിയാട്ടത്തിന്റെ പ്രൗഢി ലോകശ്രദ്ധയിൽ എത്തിച്ച നർത്തകിയും നൃത്തസംവിധായികയും ഗവേഷകയുമായ വ്യക്തി അന്തരിച്ചു. പേര് ?

- **കനക് റെലെ(86)**

❖ മുംബൈയിലെ നളന്ദ നൃത്ത വേഷണകേന്ദ്രത്തിന്റെ സ്ഥാപ കധയറക്ടറും നളന്ദ നൃത്തകലാ മഹാവിദ്യാലയത്തിന്റെ സ്ഥാപക പ്രിൻസിപ്പലുമായിരുന്ന കനക് റെലെ യ്ക്ക് രാജ്യം പദ്മഭൂഷൺ നൽകി ആദരിച്ചത് ?

- **2013ൽ**

❖ നേടിയ മറ്റ് പുരസ്കാരങ്ങൾ ?

- **ഗുജറാത്ത് സർക്കാരിന്റെ ഗൗരവ് പുരസ്കാർ, കലാവിപഞ്ചി പുരസ്കാരം, മധ്യപ്രദേശ് സർക്കാരിന്റെ കാളിദാസ സമ്മാനം, സംഗീതനാടക അക്കാദമി പുരസ്കാരം, എം.എസ്. സുബ്ബലക്ഷ്മി പുരസ്കാരം, ഗുരു ഗോപിനാഥ് നാട്യപുരസ്കാരം, കേളിയുടെ സുവർണ കങ്കണം**

❖ കനക് റെലെ രചിച്ച പുസ്തകങ്ങൾ ?

- **മോഹിനിയാട്ടം: ദ് ലിറിക്കൽ ഡാൻസ്**
- **ഭാവനിരൂപണ**
- **എ ഹാൻഡ്ബുക്ക് ഓഫ് ഇന്ത്യൻ ഡാൻസ് ടെർമിനോളജി**

❖ യാത്രക്കാർക്കായി ഡൽഹി മെട്രോ റെയിൽ പുറത്തിറക്കുന്ന ഇന്ത്യയിലെ ആദ്യത്തെ വെർച്വൽ ഷോപ്പിംഗ് ആപ്പ് ?

- **Momentum 2.0**

❖ 2019ലെ സംഗീത നാടക അക്കാദമി അവാർഡിന് അർഹനായ പ്രശസ്ത ക്ലാസിക്കൽ ഗായകൻ ?

- **പണ്ഡിറ്റ് പ്രേം കുമാർ മല്ലിക്ക്**

❖ സമീപകാല റിപ്പോർട്ട് അനുസരിച്ച് ഇന്ത്യയിലെ ഏത് സംസ്ഥാനമാണ് ഏറ്റവും കൂടുതൽ കാലാവസ്ഥാ സെൻസിറ്റീവ് മേഖല ?

- **ബീഹാർ**

- 'മ്യൂണിച്ച് സെക്യൂരിറ്റി കോൺഫറൻസ്' സംഘടിപ്പിക്കുന്ന രാജ്യം ?
    - **ജർമനി**
- പ്രഥമ I2U2 വൈസ് മിനിസ്റ്റീരിയൽ മീറ്റിംഗിന് ആതിഥേയത്വം വഹിക്കുന്ന രാജ്യം ?
    - **യുഎഇ**
    - **I2U2 എന്നാൽ ഇന്ത്യ, ഇസ്രായേൽ, യുഎസ്എ, യുഎഇ**
- 2024-ലെ യു.എസ്. പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർഥിയാകാൻ മത്സരിക്കുന്ന കേരളത്തിൽ വേരുകളുള്ള വ്യവസായി ?
    - **വിവേക് രാമസ്വാമി**
    - **ഇതോടെ റിപ്പബ്ലിക്കൻ പാർട്ടി യിൽനിന്ന് പ്രസിഡന്റ് സ്ഥാനാർഥിത്വത്തിനായി മത്സരിക്കുന്ന ഇന്ത്യൻ വംശജരുടെ എണ്ണം രണ്ടായി. കഴിഞ്ഞയാഴ്ച സ്ഥാനാർഥിത്വം പ്രഖ്യാപിച്ച നിക്കി ഹാലിയാണ് ആദ്യത്തെയാൾ.**
- വനിതാ പ്രീമിയർ ലീഗ് (WPL) 2023 ന്റെ ടൈറ്റിൽ സ്പോൺസർ ആകുന്നത് ?
    - **ടാറ്റ ഗ്രൂപ്പ്**
- 2023 ലെ ഐഎസ്എസ്എഫ് ലോകകപ്പ് നടക്കുന്നത് ?
    - **കെയ്റോ, ഈജിപ്റ്റ്**
- ലോക ചാമ്പ്യൻ മാഗ്നസ് കാൾസണെ അടുത്തിടെ തോൽപ്പിച്ച ഇന്ത്യൻ ഗ്രാൻഡ് മാസ്റ്റർ
    - **വിദിത് ഗുജറാത്തി**
    - **നേരത്തെ ആർ. പ്രഗ്നാനന്ദ കഴിഞ്ഞവർഷം രണ്ടുവട്ടം കാൾസണെ തോൽപ്പിച്ചിരുന്നു. അർജുൻ എറിഗെയ്സി, ഡി. ഗുകേഷ് എന്നിവരും.**

- 2023 ലെ ഐഎസ്എസ്എഫ് ലോകകപ്പിൽ പുരുഷന്മാരുടെ 10 മീറ്റർ എയർ റൈഫിളിൽ സ്വർണം നേടിയ ഇന്ത്യൻ ഷൂട്ടർ ?
    - **രുദ്രാങ്ക്ഷ് പാട്ടീൽ**
- വനിതാ ഐ.പി.എൽ. ക്രിക്കറ്റിൽ യു.പി. വാരിയേഴ്സിന്റെ ക്യാപ്റ്റൻ ആയി തിരഞ്ഞെടുക്കപ്പെട്ട ഓസ്ട്രേലിയൻ വിക്കറ്റ് കീപ്പർ ബാറ്റർ ?
    - **അലിസ ഹീലി**
- ടെസ്റ്റ് ക്രിക്കറ്റിലെ ബൗളിങ് റാങ്കിങ്ങിൽ ഒന്നാം സ്ഥാനത്ത് എത്തുന്ന ഏറ്റവും പ്രായം കൂടിയ ബൗളറെന്ന ഖ്യാതി നേടിയത് ?
    - **ജയിംസ് ആൻഡേഴ്സൺ, ഇംഗ്ലണ്ട് (40 വയസ്)**

- നിലവിൽ ടെസ്റ്റ് ക്രിക്കറ്റിലെ ബൗളിങ് റാങ്കിങ്ങിൽ രണ്ടാമത് ഉള്ളത് ?
  - **ആർ. അശ്വിൻ**
  - **(3. പാറ്റ് കമ്മിൻസ്)**
- ഗോൾഡൻ ഗ്ലോബ് റേസിൽ സമുദ്രസഞ്ചാരികളുടെ എവറസ്റ്റ് എന്നറിയപ്പെടുന്ന ചിലിയിലെ കേപ്ഹോൺ താണ്ടി നിലവിൽ രണ്ടാംസ്ഥാനത്ത് മുന്നേറുന്നത് ?
  - **അഭിലാഷ് ടോമി**
- അഭിലാഷ് ടോമി യുടെ പായ് വഞ്ചി ?
  - **ബയാനത്ത്**

## FEB 24

- സെൻട്രൽ എക്സൈസ് ദിനം ആചരിക്കുന്നത് ?
  - **ഫെബ്രുവരി 24**
- ലോകത്തെ വലിയ രണ്ടാമത്തെ സൈനിക ശക്തിയായ റഷ്യ, ഉക്രൈനെ കീഴടക്കാൻ ഇറങ്ങിപ്പുറപ്പെട്ടിട്ട് ഒരു വർഷം തികയുന്നു. യുദ്ധം ആരംഭിച്ചത് ?
  - **2022 ഫെബ്രുവരി 24**
- ലോകബാങ്കിന്റെ അടുത്ത തലവനായി അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡൻ നാമനിർദേശം ചെയ്യുന്ന ഇന്ത്യൻ വംശജൻ ?
  - **അജയ് ബംഗ (63)**
  - **മാസ്റ്റർ കാർഡിന്റെ മുൻ സി.ഇ.ഒ. ആയ അജയ് ബംഗ അമേരിക്കൻ ഇക്വിറ്റി സ്ഥാപനമായ അറ്റ്ലാന്റയുടെ വൈസ് ചെയർമാനാണ് ഇപ്പോൾ.**
- യു.എസ് പ്രസിഡന്റ് ജോ ബൈഡൻ ഉക്രൈനിൽ സന്ദർശനം നടത്തുന്നതിന് തൊട്ടു മുൻപ് റഷ്യ ഇന്റർകോണ്ടിനെന്റൽ ബാലിസ്റ്റിക് മിസൈലിന്റെ പരീക്ഷണം നടത്തി. മിസൈലിന്റെ പേര് ?
  - **സാത്താൻ 2 അഥവാ സർമത്ത്**
- ജാതി വിവേചനം അവസാനിപ്പിക്കുന്ന ആദ്യ അമേരിക്കൻ നഗരമായി മാറിയത് ?
  - **സിയാറ്റിൽ**
- ഇന്ത്യയാണ് ലോകത്തിന് ഭാവിയിലേക്ക് പ്രതീക്ഷ തരുന്നതെന്ന് പ്രസ്താവിച്ചത് ?
  - **ബിൽ ഗേറ്റ്സ്**
  - **“ഗേറ്റ്സ് നോട്ട്സ്' എന്നപേരിലുള്ള തന്റെ ബ്ലോഗിലാണ് ഇങ്ങനെ പ്രസ്താവന നടത്തിയത്.**

- കേന്ദ്രസർക്കാർ സ്ഥാപ നമായ ഇന്ത്യൻ ടെലിഫോൺ ഇൻഡസ്ട്രീസിന്റെ (ഐ.ടി.ഐ.) ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടറായി നിയമിതനായത് ?
    - **രാജേഷ് റായ്**
- അടുത്തിടെ കർണാടക നിയമസഭയിൽ വിടവാങ്ങൽ പ്രസംഗം നടത്തിയ മുൻ മുഖ്യമന്ത്രി ?
    - **ബി. എസ്. യെദ്യൂരപ്പ**
- പ്രൈമറി ക്ലാസുകളിലെ പഠനം രസകരമാക്കുന്നതിനായി എൻ.സി.ഇ.ആർ.ടി. അവതരിപ്പിച്ച പദ്ധതി ?
    - **ജാദുയി പിട്ടാര (മാജിക് ബോക്സ്)**
- അസമിന്റെ 31-ാമത് ഗവർണറായി സത്യപ്രതിജ്ഞ ചെയ്തത് ?
    - **ഗുലാബ് ചന്ദ് കതാരിയ**
- മുംബൈ ചർച്ച്ഗേറ്റ് റെയിൽവേ സ്റ്റേഷൻ പുനഃനാമകരണം ചെയ്യപ്പെടുന്നത് ഏത് മുൻ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഗവർണറുടെ പേരിലാണ് ?
    - **സി.ഡി. ദേശ്മുഖ്**
- കാലാവസ്ഥാ വ്യതിയാനങ്ങളും ചൂടിന്റെ തോത് ഉയരുന്നതും മൂലം ഉണ്ടാകുന്ന വെല്ലുവിളികളെ അതിജീവിക്കാൻ കഴിയുന്ന പുതിയ ഇനം ഗോതമ്പ് വികസിപ്പിച്ചത് ?
    - **Indian Council of Agricultural Research(ICAR) ( ഗോതമ്പിന്റെ പേര് :: HD-3385 )**
- 22-ാമത് ലോ കമ്മീഷന്റെ കാലാവധി നീട്ടാൻ കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകി. എന്നു വരെയാണ് നീട്ടിയത് ?
    - **2024 ഓഗസ്റ്റ് 31 വരെ**
- നടനും രാഷ്ട്രീയപ്രവർത്തകനുമായ ഡി.കെ. ചെല്ലപ്പന്റെ സ്മരണയ്ക്കായി സ്റ്റേജ് കലാകാരൻമാരുടെ സംഘടനയായ സവാക് ഏർപ്പെടുത്തിയ പുരസ്കാരം(10000₹) ലഭിച്ച നാടകകൃത്തും കവിയുമായ വ്യക്തി ?
    - **കരിവെള്ളൂർ മുരളി**
- വിവാദങ്ങൾക്കൊടുവിൽ അടൂർ ഗോപാലകൃഷ്ണൻ രാജിവെച്ചതോടെ, കെ.ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സിന്റെ പുതിയ ചെയർമാനായി നിയമിതനായ വിഖ്യാത സംവിധായകനും തിരക്കഥാകൃത്തുമായ വ്യക്തി ?
    - **സയ്യിദ് അക്തർ മിർസ**

- വിവാദങ്ങളെത്തുടർന്ന് രാജിവെക്കേണ്ടിവന്ന കെ.ആർ. നാരായണൻ ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ശങ്കർമോഹന്റെ പുതിയ ചുമതല ?
  - **ചലച്ചിത്ര വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് അംഗം**
- നോർവീജിയൻ കമ്പനിയായ വേൾഡ് വൈഡ് വിന്റുമായി സഹകരിച്ചുകൊണ്ട് അനെർട്ട് മേൽനോട്ടം വഹിക്കുന്ന ഇന്ത്യയിലാദ്യമായി കടലിൽ കാറ്റാടിപ്പാടമൊരുക്കി വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നത് ?
  - **വിഴിഞ്ഞം**
- ഇന്ത്യയെ അഞ്ച് റൺസിന് തോൽപ്പിച്ച് തുടരെ ഏഴാംവട്ടം ട്വന്റി 20 വനിതാ ക്രിക്കറ്റ് ലോകകപ്പ് ഫൈനലിൽ കടന്നത് ?
  - **ഓസ്ട്രേലിയ**
- ഐ.പി.എൽ. ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിന്റെ ക്യാപ്റ്റനായി തിരഞ്ഞെടുക്കപ്പെട്ട ദക്ഷിണാഫ്രിക്കൻ താരം ?
  - **എയ്ഡൻ മാർക്രം**
  - **ദക്ഷിണാഫ്രിക്ക ട്വന്റി 20 ലീഗിൽ ഈസ്റ്റേൺ കേപ്പിനെ മാർക്രം അടുത്തിടെ കിരീടത്തിലേക്ക് നയിച്ചിരുന്നു.**
- ചാമ്പ്യൻസ് ലീഗ് ഫുട്ബോളിൽ തുടർച്ചയായി 18 സീസണുകളിൽ ഗോൾ സ്കോർ ചെയ്ത് റെക്കോഡിട്ട രണ്ടാമത്തെ താരം ആയത് ?
  - **കരിം ബെൻസമ (1. ലയണൽ മെസ്സി)**

## FEB 25

- 2023ൽ സംസ്ഥാനത്തെ മികച്ച പോലീസ് സ്റ്റേഷനായി തിരഞ്ഞെടുത്തത് ?
  - **ഷോളയൂർ പോലീസ് സ്റ്റേഷൻ, പാലക്കാട്**
- 2021 ഏപ്രിലിൽ ഡോ. ആർ.എൽ.സരിത വിരമിച്ചശേഷം നീണ്ട ഇടവേളയ്ക്കുശേഷം ആരോഗ്യ വകുപ്പ് ഡയറക്ടർ ആയി ചുമതലയേറ്റത് ?
  - **ഡോ. കെ. ജെ. റീന**
- കോഴിക്കോട് വിമാനത്താവളത്തിൽനിന്ന് ദമാമിലേക്കു തിരിച്ച എയർ ഇന്ത്യയുടെ ഏത് വിമാനമാണ് പറന്നുയരുന്നതിനിടെ വാൽഭാഗം റൺവേയിൽ തട്ടി തകരാർ സംഭവിച്ച, നിറയെ ഇന്ധനവുമായി പറന്നുതുടങ്ങിയ വിമാനം എവിടെയിറക്കുമെന്ന രണ്ടരമണിക്കൂർ നീണ്ട അനിശ്ചിതത്വത്തിനൊടുവിൽ മൂന്നിലൊന്ന് ഇന്ധനം ആകാശത്ത് ഒഴുക്കിക്കളഞ്ഞ ശേഷം തിരുവനന്തപുരം വിമാനത്താവളത്തിൽ അടിയന്തര ലാൻഡിങ് നടത്തിയത് ?

- **എയർ ഇന്ത്യാ എക്സ്പ്രസ് ഐ.എക്സ്. 385 വിമാനം**

❖ അടുത്തിടെ മുംബൈയിൽ നടന്ന ലേലത്തിൽ 38 കോടി ₹യ്ക്ക് വിറ്റുപോയ രാജരവിവർമയുടെ പെയിന്റിംഗ് ?
- **യശോദയും കൃഷ്ണനും**
- **രവിവർമയുടെ മറ്റുരണ്ട് പെയിന്റിങ്ങുകളായ ശിവഭഗവാനും കുടുംബവും 16 കോടിക്കും കംസവധം, കൃഷ്ണന്റെ യുവത്വം എന്നീ ചിത്രങ്ങൾ ചേർന്നുള്ള പെയിന്റിങ് നാലു കോടി രൂപയുമാണ് വിറ്റത്. രാവണൻ ജടായുവിനെ നേരിടുന്നതിന്റെ പെൻസിൽ രേഖാചിത്രത്തിന് 26 കോടിയും ലഭിച്ചു.**

❖ അടുത്തിടെ കേരള രാജ്യാന്തര ചലച്ചിത്ര മേള ആർട്ടിസ്റ്റിക് ഡയറക്ടർ സ്ഥാനത്തുനിന്ന് സ്ഥാനമൊഴിഞ്ഞ വ്യക്തി ?
- **ദീപിക സുശീലൻ**

❖ പ്രേം നസീറിന്റെ പേരിൽ സ്മാരക മന്ദിരം നിർമ്മിക്കപ്പെടുന്നത് എവിടെ ?
- **ചിറയിൻകീഴ്**

❖ തെരുവുകുട്ടികളെ പഠിപ്പിക്കാൻ ബാലസ്നേഹി എന്ന പദ്ധതി ആരംഭിച്ച സംസ്ഥാനം ?
- **മഹാരാഷ്ട്ര**

❖ ഗുജറാത്ത് ഹൈക്കോടതിയിലെ ആദ്യ വനിതാ ചീഫ് ജസ്റ്റിസ് സോണിയ ഗോകാനി വിരമിക്കുന്നത് ?
- **ഫെബ്രുവരി 25, 2023**
- **ഫെബ്രുവരി 12-ന് ചുമതലയേറ്റ ഗോകാനി 18 ദിവസം മാത്രമാണ് പദവിയിൽ ഇരുന്നത്.**

❖ ലോക പുസ്തക മേള നടക്കുന്നത് ?
- **ന്യൂഡൽഹി, ഫെബ്രുവരി 25-മാർച്ച് 5**

❖ ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ നടക്കുന്ന ലോക പുസ്തക മേളയുടെ പ്രമേയം ?
- **ആസാദി കാ അമൃത് മഹോത്സവ്**

❖ ന്യൂഡൽഹി ലോക പുസ്തകമേളയുടെ The Guest of Honour ഏത് രാജ്യമാണ് ?
- **ഫ്രാൻസ്**

❖ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ 85-ാമത് പ്ലീനറി സമ്മേളനത്തിന് വേദിയാകുന്നത് ?

- **റായ്പൂർ**

❖ 2024 മുതൽ നാല് വർഷത്തേക്ക് ജനീവയിലെ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ (ILO) എക്സ്റ്റേണൽ ഓഡിറ്ററായി തിരഞ്ഞെടുത്തത് ആരെയാണ് ?
- **ഗിരീഷ് ചന്ദ്ര മുർമു, കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ**

❖ ഗ്ലോബൽ ലേബർ റെസിലിയൻസ് ഇൻഡക്സ് 2023 ൽ ഒന്നാം സ്ഥാനത്ത് എത്തിയ രാജ്യം ?
- **ഡെന്മാർക്ക്**
- **സ്വിറ്റ്സർലൻഡ്, ജർമ്മനി, നെതർലൻഡ്സ്,സിംഗപ്പൂർ, സ്വീഡൻ യഥാക്രമം രണ്ടും മൂന്നും നാലും അഞ്ചും ആറും സ്ഥാനങ്ങളിൽ.**

❖ ഗ്ലോബൽ ലേബർ റെസിലിയൻസ് ഇൻഡക്സ് 2023ൽ ഇന്ത്യയുടെ സ്ഥാനം ?
- **65**

❖ മുൻ രാഷ്ട്രപതി പ്രതിഭാ പാട്ടീലിന്റെ ഭർത്താവും അമരാവതിയുടെ ആദ്യ മേയറുമായ വ്യക്തി ഹൃദയാഘാതത്തെ തുടർന്ന് ഫെബ്രുവരി 24 ന് അന്തരിച്ചു. പേര് ?
- **ദേവി സിങ് ശെഖാവത്ത് (89)**

❖ ഉക്രൈൻ യുദ്ധത്തിൽ ജീവൻ നഷ്ടപ്പെട്ട കുരുന്നുകളെ പ്രതീകവൽകരിച്ച് ഉക്രൈൻ അഭയാർഥിസംഘവും ആവാസ് എന്ന സന്നദ്ധസംഘടനയും ചേർന്ന് കളിപ്പാട്ടങ്ങളുടെയും പാവകളുടെയും പ്രദർശനം ഒരുക്കിയത് ?
- **ബ്രസൽസ്, ബെൽജിയം**

❖ ഇന്ത്യൻ ബോക്സിംഗ് ടീമിന്റെ പുതിയ പരിശീലകനായി നിയമിതനായത് ?
- **ദിമിത്രി ദിമിത്രക്ക്**

❖ രാജ്യാന്തര ഫുട്ബോളിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച സ്പാനിഷ് താരം ?
- **സെർജിയോ റാമോസ്**
- **2010 ഫിഫ ലോകകപ്പ്,2008,2012 യൂറോ ചാമ്പ്യൻഷിപ്പുകളും നേടിയ ടീം അംഗം.**

❖ ഇംഗ്ലണ്ടിനെ ആറ് റൺസിന് കീഴടക്കി വനിത ട്വന്റി-20 ലോകകപ്പ് ക്രിക്കറ്റിന്റെ ഫൈനലിൽ കടന്നത് ?
- **ദക്ഷിണാഫ്രിക്ക**
- **ദക്ഷിണാഫ്രിക്കയുടെ ആദ്യ ഫൈനലാണ്.**

- **2023 ഫെബ്രുവരി 26ന് നടക്കുന്ന ഫൈനലിൽ ഓസ്ട്രേലിയ ആണ് എതിരാളി.**

## FEB 26

❖ International Intellectual Property Rights Index 2023 ൽ ഇന്ത്യയുടെ സ്ഥാനം ?
  - **42**

❖ ഇന്തോനേഷ്യയിൽ ഡോക്ക് ചെയ്യുന്ന ആദ്യത്തെ ഇന്ത്യൻ അന്തർവാഹിനിയായി മാറിയത് ?
  - **ഐഎൻഎസ് സിന്ധുകേശരി**
  - **പ്രോജക്റ്റ് 877 ന്റെ ഭാഗമായാണ് ഇത് രൂപകൽപ്പന ചെയ്തത്.**

❖ 2023 ഫെബ്രുവരിയിൽ ഇന്ത്യയും ഏത് രാജ്യവുമാണ് എണ്ണ, വാതക മേഖലയുമായി ബന്ധപ്പെട്ട കരാറിൽ ഒപ്പുവെച്ചത് ?
  - **ഗയാന**

❖ അടുത്തിടെ ഇന്ത്യ സന്ദർശിച്ച ജർമൻ ചാൻസലർ ?
  - **ഒലാഫ് ഷോൾസ്**

❖ 1650 കിലോമീറ്റർ ദൂരത്തേക്ക് തൊടുക്കാവുന്ന പാവേ ക്രൂസ് മിസൈൽ വികസിപ്പിച്ച രാജ്യം ?
  - **ഇറാൻ**

❖ ഓഹരിനിക്ഷേപ രംഗത്തെ പ്രമുഖനും വ്യവസായിയുമായ യു.എസ്. ശതകോടീശ്വരനെ ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തി. പേര് ?
  - **തോമസ് ലീ (78)**

❖ അടുത്തിടെ പുറത്തുവന്ന റിപ്പോർട്ട് പ്രകാരം ആദിപ്രപഞ്ചത്തിലെ വമ്പൻ താരസമൂഹങ്ങളെ കണ്ടെത്തിയത് ?
  - **ജെയിംസ് വെബ് ടെലിസ്കോപ്പ്**
  - **ബിഗ് ബാങ് സ്ഫോടനത്തിനുശേഷം 54 മുതൽ 77 കോടി വരെ വർഷങ്ങൾക്കിടയിൽ പ്രപഞ്ചത്തിൽ നിലനിന്ന താരസമൂഹങ്ങളെയാണ് കണ്ടെത്തിയത്.**

❖ ഡെങ്കിപ്പനി വ്യാപകമാകുന്നതിനാൽ ആരോഗ്യ അടിയന്തരാവസ്ഥ പ്രഖ്യാപിച്ച തെക്കേ അമേരിക്കൻ രാജ്യം ?
  - **പെറു**

- ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങുമായി കൂടിക്കാഴ്ച നടത്താൻ തയ്യാറാണെന്ന് പ്രസ്താവന നടത്തിയത് ?
  - **ഉക്രൈൻ പ്രസിഡന്റ് വൊളോദിമിർ സെലെൻസ്കി**
- മികച്ച ചിത്രത്തിനുള്ള ഹോളിവുഡ് ക്രിട്ടിക്സ് അസോസിയേഷൻ പുരസ്കാരം നേടിയത് ?
  - **RRR**
  - **ടോം ക്രൂസ് ചിത്രമായ ടോപ്പ് ഗൺ മാവെറിക്കിനെ പിന്തള്ളിയാണ് RRR വീണ്ടും അന്താരാഷ്ട്ര വേദിയിൽ തിളങ്ങിയത്. ഇതുകൂടാതെ മികച്ച ഗാനം, സംഘട്ടനം എന്നീ വിഭാഗങ്ങിലും ചിത്രം പുരസ്കാരം സ്വന്തമാക്കി.**
- 2023 ഫെബ്രുവരി 27 ന് നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന ഇന്ത്യൻ സംസ്ഥാനങ്ങൾ ?
  - **മേഘാലയ, നാഗാലാൻഡ്**
- മണിപ്പൂരിന്റെ 18-ാമത് ഗവർണറായി സത്യപ്രതിജ്ഞ ചെയ്തത് ?
  - **അനുസൂയ യുകെ**
- മുൻ സുപ്രീം കോടതി ജസ്റ്റിസ് എസ്. അബ്ദുൾ നസീർ ഏത് സംസ്ഥാനത്തിന്റെ ഗവർണർ ആയാണ് സത്യപ്രതിജ്ഞ ചെയ്തത് ?
  - **ആന്ധ്രപ്രദേശ്**
- പുനർനാമകരണത്തിന് കേന്ദ്രം അനുമതി നൽകിയ മഹാരാഷ്ട്രയിലെ ഔറംഗബാദ്,ഒസ്മനാബാദ് നഗരങ്ങളുടെ പുതിയ പേര് യഥാക്രമം ?
  - **ഛത്രപതി സംഭാജിനഗർ, ധാരാശിവ്**
- ഇന്ത്യയിലെ ആദ്യത്തെ മുനിസിപ്പൽ ബോണ്ട് സൂചികയായ ഇന്ത്യ മുനിസിപ്പൽ ബോണ്ട് ഇൻഡക്സ് (ഐബിഎംഎക്സ്) പുറത്തിറക്കിയത് ?
  - **നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച്**
- മൂന്ന് ദിവസത്തെ എല്ലോറ അജന്ത ഇന്റർനാഷണൽ ഫെസ്റ്റിവൽ ആരംഭിച്ചത് ?
  - **2023 ഫെബ്രുവരി 25ന്, ഛത്രപതി സംഭാജിനഗർ(ഔറംഗബാദ് )**
- മാൻഹോൾ വൃത്തിയാക്കാൻ റോബോട്ടിക്സ് സാങ്കേതികവിദ്യ വ്യാപകമായി ഉപയോഗിക്കുന്ന ആദ്യ സംസ്ഥാനമായി മാറിയത് ?
  - **കേരളം**
- ഇന്ത്യ ആദ്യമായി ആതിഥേയത്വം വഹിക്കുന്ന ഇരുപത്തഞ്ചാമത് വേൾഡ് ഫുട്ട് വോളി ചാമ്പ്യൻഷിപ്പിന് തുടക്കമായത് ?
  - **കോഴിക്കോട് ബീച്ച്**

- കാർഷികമേഖലയിലെ അത്യാധുനികസങ്കേതങ്ങൾ കർഷകരെയും പൊതുജനങ്ങളെയും പരിചയപ്പെടുത്തുന്നതിന് കേരള കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന കാർഷിക പ്രദർശനം ?
  - **വൈഗ 2023, തിരുവനന്തപുരം**

## FEB 27

- ലോക എൻജിഒ (Non-Governmental Organizations) ദിനം ആചരിക്കുന്നത് ?
  - **ഫെബ്രുവരി 27**
- നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യത്തോടെ ഫോസ്ഫർ-ജിപ്സം ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കാൻ ഗവേഷണം നടത്തുന്നത് ?
  - **നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ**
- വിവാദ മദ്യനയവുമായി ബന്ധപ്പെട്ട കേസിൽ സി.ബി.ഐ. അറസ്റ്റു ചെയ്ത ഡൽഹി ഉപമുഖ്യമന്ത്രിയും ആം ആദ്മി പാർട്ടിയിലെ രണ്ടാമനുമായ വ്യക്തി ?
  - **മനീഷ് സിസോദിയ**
  - **ഡൽഹി സർക്കാരിൽ അറസ്റ്റിലാകുന്ന രണ്ടാമത്തെ മന്ത്രിയാണ് വിദ്യാഭ്യാസവും ആരോഗ്യവുമുൾപ്പെടെ ഇരുപതോളം വകുപ്പുകളുടെ ചുമതലയുള്ള സിസോദിയ.**
  - **കള്ളപ്പണക്കേസിൽ അറസ്റ്റിലായ മന്ത്രി സത്യേന്ദർ ജെയിൻ ആണ് അറസ്റ്റിലാകുന്ന ആദ്യ ഡൽഹി മന്ത്രി.**
- പത്തുകോടിയിലേറെ ഉപയോക്താക്കളുണ്ടെന്ന് പ്രതിമാസ റേഡിയോ പരിപാടിയായ മൻ കി ബാത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പ്രസ്താവിച്ച ആപ്പ് ?
  - **ഇ-സഞ്ജീവനി ആപ്പ്**

- ചന്ദ്രയാൻ 3 വിക്ഷേപണത്തിന് ഒരുങ്ങുന്നത് ?
  - **2023 ജൂൺ**
- ചന്ദ്രയാൻ 3 വിജയിച്ചാൽ ചന്ദ്രനിൽ വാഹനം ഇറക്കുന്ന എത്രാമത്തെ രാജ്യമാകും ഇന്ത്യ ?
  - **4**
  - **(ഇപ്പോൾ അമേരിക്ക, റഷ്യ , ചൈന)**
- ചന്ദ്രയാൻ 3 വിക്ഷേപണത്തിന് ഉപയോഗിക്കുന്ന റോക്കറ്റ് ?
  - **ജി.എസ്.എൽ.വി. മാർക്ക് ത്രീ റോക്കറ്റ്**

❖ ചന്ദ്രയാൻ മൂന്നിന്റെ മൂന്ന് പ്രധാന മോഡ്യൂളുകൾ ?
  - **പ്രൊപ്പൽഷൻ മോഡ്യൂൾ, ലാൻഡർ മോഡ്യൂൾ, റോവർ**

❖ ചന്ദ്രയാൻ 2 പോലെ ചന്ദ്രയാൻ 3 ന്റെ ലാൻഡിംഗ് തീരുമാനിച്ചിരിക്കുന്നത് ?
  - **ചന്ദ്രന്റെ ദക്ഷിണധ്രുവം**

❖ ഇന്ത്യ തദ്ദേശിയമായി നിർമിച്ച വിമാനം വിദേശത്ത് വ്യോമാഭ്യാസത്തിൽ പങ്കെടുക്കുന്നു. ഏത് വിമാനം ?
  - **തേജസ്**
  - **ഫെബ്രുവരി 27 മുതൽ യുഎഇയിൽ നടക്കുന്ന എട്ടാമത് എക്സർസൈസ് ഡെസെർട്ട്ഫ്ലാഗ് എന്ന വ്യോമാഭ്യാസത്തിലാണ് യുഎസ് ഉൾപ്പെടെ രാജ്യങ്ങൾക്കൊപ്പം തേജസും പങ്കെടുക്കുന്നത്.**

❖ തേജസ് കൂടാതെ എക്സർസൈസ് ഡെസെർട്ട്ഫ്ലാഗിൽ പങ്കെടുക്കുന്ന മറ്റു രണ്ടു വിമാനങ്ങൾ ?
  - **ഇന്ത്യൻ വ്യോമസേനയുടെ രണ്ട് സി 17 ഗ്ലോബ്മാസ്റ്റർ 3 വിമാനങ്ങൾ**

❖ 60 വർഷത്തിനിടെ ആദ്യമായി ലോഗോ മാറ്റിപ്പരീക്ഷിക്കുന്ന ഫിൻലൻഡ് ആസ്ഥാനമായ ടെലികോം ഉപകരണ നിർമാതാവ് ?
  - **നോക്കിയ**

❖ 2023ലെ മാർക്കോണി സമ്മാനം നേടിയ ശാസ്ത്രജ്ഞൻ ?
  - **ഹരി ബാലകൃഷ്ണൻ**

❖ ജി 20 വിദേശകാര്യ മന്ത്രിമാരുടെ യോഗത്തിൽ പങ്കെടുക്കാൻ ഇന്ത്യയിലെത്തുന്ന യുഎസ് സ്റ്റേറ്റ് സെക്രട്ടറി ?
  - **ആന്റണി ബ്ലിങ്കൻ**

❖ ഫിലിപ്പൈൻസിൽ നടന്ന 43-മത് ക്വീൻ സിരികിറ്റ് കപ്പിലെ(ഗോൾഫ്) ആദ്യ ഇന്ത്യൻ ജേതാവായത് ?
  - **ആവണി പ്രശാന്ത്**

❖ ഇന്ത്യൻ ഗുസ്തി ഫെഡറേഷൻ സിഡന്റ് ബ്രിജഭൂഷൺ ശരൺ സിങ്ങിനെതിരേ താരങ്ങളുയർത്തിയ ലൈംഗികാരോപണങ്ങളെ തുടർന്ന് ഇന്ത്യയ്ക്ക് നഷ്ടമായത് ?
  - **ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പിന്റെ വേദി**
  - **പകരം വേദിയാകുന്നത്:: കസഖ്സ്താൻ**

❖ ലോക ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പ് നടക്കുന്നത് ?
  - **ഫെബ്രുവരി 27-മാർച്ച് 5 വരെ**

- **ഗോവയിലെ ശ്യാമപ്രസാദ് മുഖർജി ഇൻഡോർ സ്റ്റേഡിയത്തിൽ**

❖ ഇംഗ്ലീഷ് ഫുട്ബോൾ ലീഗ് കപ്പ് ഫൈനലിൽ ന്യൂകാസിൽ യുണൈറ്റഡിനെ എതിരില്ലാത്ത രണ്ടു ഗോളുകൾക്ക് തോൽപ്പിച്ചു ജേതാക്കളായത് ?

- **മാഞ്ചസ്റ്റർ യുണൈറ്റഡ്**
- **കരബാവോ കപ്പ് എന്ന പേരിലും ഇംഗ്ലീഷ് ഫുട്ബോൾ ലീഗ് കപ്പ് അറിയപ്പെടുന്നു.**

❖ ട്വന്റി 20 വനിതാ ക്രിക്കറ്റ് ലോകകപ്പിൽ ഫൈനലിൽ ആതിഥേയരായ ദക്ഷിണാഫ്രിക്കയെ 19 റൺസിന് തോൽപ്പിച്ച് തങ്ങളുടെ ആറാം കിരീടം നേടിയത് ?

- **ഓസ്ട്രേലിയ**
- **മുൻപ് കിരീടം നേടിയത് :: 2010, 2012, 2014, 2018, 2020**
- **അർധ സെഞ്ചുറി നേടിയ ഓസ്ട്രേലിയ ബെത് മൂണി (74) ൾയാണ് കളിയിലെ താരം. ആഷ്ലി ഗാർഡ്നെർ ടൂർണമെന്റിന്റെ താരമായി.**

❖ ട്വന്റി 20 വനിതാ ക്രിക്കറ്റ് ലോകകപ്പിൽ കൂടുതൽ ട്രോഫി നേടിയ ടീം ?

- **ഓസ്ട്രേലിയ**
- **2009-ൽ ഇംഗ്ലണ്ടും 2016-ൽ വെസ്റ്റ് ഇൻഡീസും മാത്രമാണ് ലോകകപ്പ് കിരീടം നേടിയിട്ടുള്ളത്.**

❖ സർക്കാർ രംഗത്തെ ഐ.ടി സംരംഭങ്ങൾക്ക് നൽകുന്ന ടെക്നോളജി സഭ ദേശീയ പുരസ്കാരം ലഭിച്ചത് ?

- **കൈറ്റ് ഇ-ക്യൂബ് ഇംഗ്ലീഷ് പദ്ധതിക്ക്**

❖ മൂന്നു ദിവസത്തെ ആഗോള ഉത്തരവാദിത്വ ടൂറിസം ഉച്ചകോടി ആരംഭിച്ചത് ?

- **കുമരകം**

## FEB 28

❖ ദേശീയ ശാസ്ത്ര ദിനം ആചരിക്കുന്നത് ?

- **ഫെബ്രുവരി 28**

❖ ഈ വർഷത്തെ ദേശീയ ശാസ്ത്ര ദിനത്തിന്റെ പ്രമേയം ?

- **Global Science for Global Wellbeing**

❖ കെ.എസ്.ആർ.ടി.സി. നിരത്തിലിറക്കുന്ന എ.സി. ഡബിൾ ഡെക്കർ ഇലക്ട്രിക്കൽ ബസിന്റെ ആദ്യ സർവീസ് തുടങ്ങുന്നത് ?

- **തിരുവനന്തപുരം**

- കേരളത്തിലെ ആദിവാസി വിഭാഗങ്ങളിലെ ഭിന്നശേഷിക്കാരുടെ ജീവിതനിലവാരം ഉയർത്തുന്നതിനായി സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ആരംഭിക്കുന്ന പദ്ധതി ?
  - **കാറ്റാടി (കേരള ആക്സിലറേറ്റഡ് ട്രൈബൽ എബിലിറ്റി ഡെവലപ്മെന്റ് ആന്റ് ഇൻക്ലൂഷൻ ഇനിഷ്യേറ്റീവ്)**
- പ്രീ പ്രൈമറി രംഗത്ത് അന്താരാഷ്ട്ര നിലവാരമുള്ള പഠനസൗകര്യം ഒരുക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് സമഗ്ര ശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതി ?
  - **വർണകൂടാരം**
- കോഴിക്കോട് സ്ഥാപിതമാകുന്ന വേസ്റ്റ് എനർജി ട്രീറ്റ്മെന്റ് പ്ലാന്റിന് സാങ്കേതിക സഹായം നൽകുന്ന വിദേശ രാജ്യം ?
  - **ജപ്പാൻ**
- മുൻമന്ത്രിയും കോൺഗ്രസ് നേത വുമായിരുന്ന അഡ്വ. പി.ശങ്കരന്റെ ഓർമയ്ക്കായി ഏർപ്പെടുത്തിയ അഡ്വ. പി. ശങ്കരൻ സ്മാരക പുരസ്കാരം ലഭിച്ച മുൻ കെ.പി.സി.സി. പ്രസിഡന്റ് ?
  - **വി. എം. സുധീരൻ**
  - **10,000 ₹യും പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം.**
- കടമ്മനിട്ട രാമകൃഷ്ണൻ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ കടമ്മനിട്ട രാമകൃഷ്ണൻ പുരസ്കാരം ലഭിച്ചത് ?
  - **പ്രഭാവർമ്മ**
  - **55555 ₹യും ശില്പവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് പുരസ്കാരം.**
- കലാഭവൻ മണി ഫൗണ്ടേഷന്റെ കലാഭവൻ മണി പുരസ്ക്കാരം (25,000₹) ലഭിച്ച സംവിധായകൻ ?
  - **വിനയൻ**
- 2023 ഫെബ്രുവരി 27 ന് ഭൂകമ്പമാപിനിയിൽ 3.8 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം അനുഭവപ്പെട്ടത് ?
  - **ഗുജറാത്തിലെ കച്ച്, അമ്രേലി എന്നീ ജില്ലകളിൽ**
  - **ഒരാഴ്ചക്കിടെ ഉണ്ടാകുന്ന അഞ്ചാമത് ഭൂചലനം**
- ദേശീയ വനിതാ കമ്മിഷനംഗമായി കേന്ദ്രം നാമനിർദേശം ചെയ്ത ബിജെപി ദേശീയ നിർവാഹക സമിതിയംഗവും നടിയുമായ വ്യക്തി ?

- ഖുശ്ബു സുന്ദർ

❖ മികച്ച സാഹസിക ടൂറിസം ഡെസ്റ്റിനേഷൻ അവാർഡ് നേടിയത് ?

- **ജമ്മു & കാശ്മീർ**

❖ 2023 മാർച്ച് 6 മുതൽ 24 വരെ എക്സർസൈസ് കോബ്ര വാരിയർ നടക്കുന്നത് ?

- **യുകെയിലെ വാഡിംഗ്ടണിൽ**

❖ അന്താരാഷ്ട്ര ബയോടെക് കോൺക്ലേവ് കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ് ഉദ്ഘാടനം ചെയ്തത് ?

- **ഇംഫാൽ, മണിപ്പൂർ**

❖ ഐഎസ്എസിൽ കുടുങ്ങിയ 3 ബഹിരാകാശ സഞ്ചാരികളെ തിരികെ കൊണ്ടുവരാൻ റഷ്യൻ ബഹിരാകാശ ഏജൻസിയായ റോസ്കോസ്മോസ് അയച്ച ബഹിരാകാശ പേടകം ?

- **സോയൂസ്**

❖ നിക്കലും ഇരുമ്പും ചേർന്ന ഒരുതരം സോളിഡ് ബോൾ രൂപത്തിലുള്ള ഭൂമിയുടെ അഞ്ചാമത്തെ അകത്തെ പാളി കണ്ടെത്തിയത് ?

- **ഓസ്ട്രേലിയൻ നാഷണൽ യൂണിവേഴ്സിറ്റിയിലെ ഗവേഷകർ**
- **Crust,Mantle,Outer core,Inner core, Innermost core.**

❖ ആഗോള ഇന്റർനെറ്റ് സ്പീഡ് ടെസ്റ്റ് ഏജൻസി OOKLA മൊബൈൽ ഇന്റർനെറ്റ് വേഗത്തിൽ ഇന്ത്യയുടെ സ്ഥാനം ?

- **69**
- **1യു.എ.ഇ, 2ഖത്തർ, 3നോർവേ, 4ദക്ഷിണ കൊറിയ, 5ഡെൻമാർക്ക്.**

❖ നൊബേൽ സമ്മാനജേതാവ് ടാഗോറിന് യു.എസിൽ ആദ്യ സ്മാരകം അനാച്ഛാദനം ചെയ്തത് ?

- **The Tagore Memorial Grove and Walking Museum,Texas**

❖ ലോക ഇൻഡോർ മീറ്റായ ഓൾ സ്റ്റാർ പെർചെയിൽ 6.22 മീറ്റർ ചാടി പുരുഷ പോൾവോൾട്ടിലെ ലോക റെക്കോഡ് ആറാംതവണയും തിരുത്തിയത് ?

- **അർമാൻഡ് ഡുപ്ലന്റിസ്**
- **2022ലെ ഓറിഗോൺ ലോക അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഡുപ്ലന്റീസ് തന്നെ കുറിച്ച 6.21 മീറ്ററാണ് മറികടന്നത്.**

❖ ട്വന്റി 20 വനിതാ ക്രിക്കറ്റ് ലോകകപ്പിൽ ഓസ്ട്രേലിയയെ ആറാം കിരീടത്തിലേക്ക് നയിച്ച ക്യാപ്റ്റൻ ?

- **മെഗ് ലാന്നിങ്ങ്**

❖ ക്യാപ്റ്റനെന്നനിലയിൽ ഏറ്റവുമധികം അന്താരാഷ്ട്ര ക്രിക്കറ്റ് കൗൺസിൽ (ഐ.സി.സി.) ട്രോഫികൾ നേടിയ താരമെന്ന റെക്കോഡ് കരസ്ഥമാക്കിയത് ?

- **മെഗ് ലാന്നിങ്ങ്(5)**
- **മറികടന്നത് ഓസ്ട്രേലിയയുടെ റിക്കി പോണ്ടിങ്ങിനെയും(4) ഇന്ത്യയുടെ എം.എസ്. ധോനിയെയും.(3)**

❖ മെഗ് ലാന്നിങ്ങ് നേടിയ അഞ്ച് ട്രോഫികൾ ?

- **2014, 2018, 2020, 2023 വനിതാ ട്വന്റി 20 ക്രിക്കറ്റ് ലോകകപ്പ് കിരീടങ്ങളും 2022- ലെ ഏകദിന ക്രിക്കറ്റ് ലോകകപ്പ് കിരീടവും.**

❖ ലീഗ് വൺ ഫുട്ബോളിൽ മാഴ്സയ്ക്കെതിരേ ഗോൾ നേടിയതോടെ ക്ലബ്ബ് ഫുട്ബാളിൽ 700 ഗോളുകൾ എന്ന നേട്ടം കൈവരിച്ച രണ്ടാമത്തെ താരം ആയത് ?

- **ലയണൽ മെസ്സി**
- **ആദ്യത്തെ താരം - ക്രിസ്റ്റ്യാനോ റൊണാൾഡോ**

********************************************

01
10th Main Full Syllabus Mock Test

02
5 - 10 SCERT Complete Mock Test

03
Daily Current Affair Updates

04
Free PDF , PYQ , Downloads

Join us on Telegram

GET IT ON Google Play

Subscribe

FREE PSC TALKZ.in